# വിദ്യാഭിവർദ്ധിനി.

ഒരു ഉൽകൃഷ്ടപത്രഗ്രന്ഥം.

പുസ്തകം 3



ലക്കം 4, 5

1948 APRIL. MAY

As/8

# വിഷയവിവരം


1 ഗാന്ധിസൂക്തങ്ങൾ.

2 ബാപ്പുജി സ്വപ്നംകണ്ട ഭാരതം—
മിസ്, ജെ. ആർ. ജോഷ്വാ, M. A.

3 ജന്മസാഫല്യം.—
തിരുവല്ലം, എൻ. കേശവപിള്ള.

4 പാവംകുഞ്ഞേലിയാ —
കെ. എൻ. ഗോപാലപിള്ള M. A.

5 മിസ്റ്റിസിസം—
ബി. പത്മനാഭപിള്ള M. A.

6 ആ കൊച്ചുകുടിലിൽ—
വള്ളംകുളം പി. ജി. പിള്ള.

7 യമുനാതീരത്തിൽ—
കവിയൂർ, എം. ജി.

8 പലോമർ ദൂരദർശിനി—
എം. കെ, രാമകൃഷ്ണൻനായർ B. A. L. T.

9 കൃഷ്ണലീല—
ര. മ

10 സഹാനുഭൂതി—
വിദുഷി, എം. തങ്കമ്മമാലിക്ക് (സരസ്വതി)

11 ത്രിജടയും സീതയും—
കീഴ്ക്കുളം, എൻ. രാമൻപിള്ള M. A.

12 ടാഗോർ—
കളവങ്കോടംബാലകൃഷ്ണൻ.

13 നോവലെഴുത്തും സംഭാഷണവും—
ഡി. ശ്രീമാൻ നമ്പൂതിരി, മൂവാററുപുഴ.

14 സീതാദേവി—
ഏ. ആർ ദാമോദരൻനമ്പ്യാർ B. A. B. L.

15 കുപ്പൈ—
കെ. എസ്സ്. ആർ.

16 അന്ധവിശ്വാസം—
വിദ്വാൻ, ചെമ്പിൽ എൻ. പി. പണിക്കർ.

17 ലോകചരിത്രസംഗ്രഹം—
ഏ. പി. വാസുനമ്പീശൻ.

18 ഭാഷാമഹാകാവ്യപ്രസ്ഥാനം—
വിദ്വാൻ, ശ്രീവരാഹം ഈ. വി. പിള്ള

19 ജീവിതവീക്ഷണം —
S. P.

20 ഗ്രന്ഥവിമർശം.

21 വിനോദവീഥി.

22 ശ്രീസുബ്രഹ്മണ്യസ്തോത്രം.



# S. T. റെഡ്യാർ & സൺസ്,

വി. വി. പ്രെസ്സ്—കൊല്ലം.

പ്രെസ്സ് ബ്രാഞ്ചുകൾ:—
ആലപ്പുഴ,
S. P. പ്രെസ്സ്, കൊല്ലം

ഡിപ്പോ ബ്രാഞ്ചുകൾ:—
കൊല്ലം,
ആലപ്പുഴ

## ഞങ്ങളുടെ മുദ്രാലയത്തിൽ,

വൈദ്യം, ജ്യോതിഷം, പുരാണങ്ങൾ, പുതിയതരം രസകരമായ
നോവലുകൾ മുതലായ മററനേകം പുസ്തകങ്ങളും

## എപ്പോഴും വില്പനയ്ക്കു തയാർ.


വലിയ ക്യാററ്ലാഗിനു് എഴുതുക.

എന്നു്, മാനേജിംഗ് പ്രൊപ്രൈററർ.

# വിദ്യാഭിവർദ്ധിനി.

സരസ്വതി! നമസ്തുഭ്യം വരദേ! കാമരൂപിണി!
വിദ്യാരംഭം കരിഷ്യാമി സിദ്ധിർഭവതു മേ സദാ.

പുസ്തകം ൩ { ൧൧൨൩ മീനം, മേടം } ലക്കം ൪-൫



## ഗാന്ധിസൂക്തങ്ങൾ

ദാനം ചെയ്യാതെ ഭക്ഷിക്കുന്നവൻ ചോരനാകുന്നു എന്ന അർത്ഥത്തിൽ ഒരു പദ്യമുണ്ട്. ഈശ്വരൻ ശക്തിയും സമ്പത്തും നമുക്കു നൽകുന്നുവെങ്കിൽ അതു മാനവലോകത്തിന്റെ നന്മയ്ക്കുവേണ്ടി ഉപയോഗിക്കുവാനാണ്. അല്ലാതെ നമ്മുടെ മൃഗീയമായ സ്വാർത്ഥോദ്ദേശങ്ങൾക്കു വേണ്ടിയല്ല. ... ... ...

എന്റെ ധർമ്മം ഈശ്വരന്റെയും തദ്വാരാ മാനവസമുദായത്തിന്റെയും സേവനമാണ്. ഒരു ഇൻഡ്യാക്കാരൻ എന്നനിലയിൽ ഇൻഡ്യയെ ഞാൻ സേവിക്കുന്നില്ലെങ്കിൽ എനിക്കു ഈശ്വരനേയോ, മാനവസമുദായത്തേയോ സേവിക്കാൻ കഴിയുന്നതല്ല. ആത്മാർത്ഥമായ സേവനത്തിന്റെ അർത്ഥം പരിശുദ്ധമായ സ്നേഹം എന്നാണ്.

... ... ... ... ... ... ... ... ...

അർത്ഥം അറിയാതെ മന്ത്രം ജപിക്കുന്നതു മനുഷ്യോചിതമല്ല.

... ... ... ... ... ... ... ... ... ... ...

ശിഥിലമായ സാമൂഹ്യജീവിതത്തെ സംയോജിപ്പിച്ചു ഏകീകൃതമാക്കുന്നതിനു പ്രാർത്ഥനയിലൂടെയുള്ള ഹൃദയൈക്യംപോലെ മററൊന്നിനു കഴിയുകയില്ല.

... ... ... ... ... ... ... ... ...

ഉത്തമമായ ഭവനത്തിനു തുല്യമായ ഒരു വിദ്യാലയമില്ല; അതുപോലെതന്നെ സത്യസന്ധരും സുകൃതികളുമായ മാതാപിതാക്കന്മാരെപ്പോലെ മററു ഗുരുനാഥന്മാരുമില്ല.

... ... ... ... ... ... ... ... ...

യഥാരാജ: തഥാപ്രജ: എന്നചൊല്ല് അർദ്ധസത്യമാണ്. യഥാപ്രജ: തഥാരാജ: എന്നു പറയുന്നതിലുപരിയായി ഒരർത്ഥം അതിനില്ല.

... ... ... ... ... ... ... ... ... ... ...

കോടീശ്വരന്മാരേയും മുതലാളികളേയും കൂടാതെ ഒരു രാഷ്ട്രത്തിനു നിലനില്ക്കാം എന്നാൽ തൊഴിലാളികളെക്കൂടാതെ ഒരു രാജ്യത്തിനും നിലനില്ക്കാൻ കഴിയുന്നതല്ല.

# ബാപ്പുജി സ്വപ്നംകണ്ട ഭാരതം.

(മിസ് ജെ. ആർ. ജോഷ്വാ. M.A.)

ഭാരതത്തിലെ ഓരോവസ്തുവും എന്നെ ആകർഷിക്കുന്നു. ഉച്ചാഭിലാഷിയായ ഒരു മനുഷ്യനു് അഭിലഷണീയമായ സകലവസ്തുക്കളും ഭാരതത്തിലുണ്ടു്. ഭാരതം ഭോഗഭൂമിയല്ല, കർമ്മഭൂമിയാണു്.

ഭാരതത്തിന്റെ ലക്ഷ്യം മററുദേശങ്ങളിൽനിന്നും സർവ്വദാ ഭിന്നമായിട്ടാണു് എനിക്കനുഭവപ്പെടുന്നതു്. ധാർമ്മികപ്രഭുത്വത്തിനു ഭാരതം ലോകത്തിനു മാതൃകയാണു്. ശ്രദ്ധിക്കവേണ്ടി അവർ അവലംബിച്ച മാർഗ്ഗം ഒന്നുവേറെ തന്നെ.

ഭാരതത്തിനു് ലോഹനിർമ്മിതങ്ങളായ ശസ്ത്രങ്ങൾ ആവശ്യമില്ല; ഭാരതം യുദ്ധം ചെയ്തിട്ടുള്ളതു് ദിവ്യായുധങ്ങൾ കൊണ്ടാണു് ഇപ്പോഴും അവർക്കതു് സാധ്യമാണു്. മററു രാഷ്ട്രങ്ങൾ മൃഗീയശക്തിയെ ആരാധിക്കുമ്പോൾ ഭാരതം ആത്മീയശക്തികൊണ്ടു വിജയം നേടുന്നു. ആത്മശക്തിയുടെ മുൻപിൽ മൃഗീയശക്തിക്കു് സ്ഥാനമില്ല. ഇതിഹാസപ്രസിദ്ധമായ പലസംഭവങ്ങളും ഇതു സമർത്ഥിക്കുന്നു. കവികൾ ഈ തത്വം പ്രകീർത്തിച്ചിട്ടുണ്ടു്. ഋഷികൾ ഇതിന്റെ മാഹാത്മ്യം വ്യക്തമാക്കിയിട്ടുണ്ടു്. സർവ്വവിധത്തിലും ഭാരതത്തിനെ അടിമത്വത്തിൽ നിന്നും, ആയുധങ്ങളുടെ സംരക്ഷണയിൽ നിന്നും മുക്തമാക്കാനുള്ള ഒരു പദ്ധതി തയ്യാറാക്കാൻ ഞാൻ ശ്രമിക്കും. ഏററവും നിർദ്ധനനുപോലും തന്റെ ദേശമാണെന്നു് അനുഭവപ്പെടത്തക്ക ഒരു നവീനഭാരതം സൃഷ്ടിക്കാൻ ഞാൻ പ്രയത്നിക്കും. അതിന്റെ നിർമ്മാണത്തിൽ അക്കും സ്വന്തമെന്നനിലയിൽ ചിലതു പറയാനുണ്ടായിരിക്കും. ആ വാക്കിനു വിലയുമുണ്ടായിരിക്കും. ഉച്ചനീചത്വത്തിനു് സ്ഥാനമില്ലാത്ത ഭാരതം-എല്ലാമതക്കാരും പൂർണ്ണസമാധാനത്തോടും സഹിഷ്ണുതയോടും കൂടി വർത്തിക്കുന്നഭാരതം-ആ ഭാരതത്തിൽ അസ്പൃശ്യതയ്ക്കും ലഹരിപദാർത്ഥങ്ങൾക്കും ഒരു സ്ഥാനവും ഉണ്ടായിരിക്കുന്നതല്ല. സ്ത്രീകൾക്കു് പുരുഷന്മാരോടൊപ്പം അധികാരങ്ങൾ ലഭ്യമായിരിക്കും. ശേഷമുള്ള ലോകത്തോടു് സമാധാനമായും സൌഹൃദത്തോടും വർത്തിക്കും. ചൂഷണം ചെയ്യുകയോ ചൂഷണത്തിനിരയാകുകയോ പാടില്ല.

ഓരോ അഭിപ്രായവും അതു് സ്വദേശിയുടെയോ, വിദേശിയുടേയോ ആയിരിക്കട്ടെ-ജനഹിതത്തിനു വിരുദ്ധമല്ലെങ്കിൽ, വളരെ സൂക്ഷ്മതയോടുകൂടി പരിശോധിച്ചു പാലിക്കപ്പെടും. വ്യക്തിപരമായിട്ടാണെങ്കിൽ സ്വദേശി വിദേശി എന്നീ ഭേദങ്ങളിൽ എനിക്കു വെറുപ്പാണു്. ഇതാണു് ഞാൻ സ്വപ്നം കാണുന്ന ഭാരതം. ഇതല്ലാതെ മറെറാന്നിലും എനിക്കു തൃപ്തിയുണ്ടാകുകയില്ല.

പല ദോഷങ്ങളും അന്ധവിശ്വാസങ്ങളും ഉൾക്കൊള്ളുന്നതാണെങ്കിലും ചില പ്രാചീന സ്ഥാപനങ്ങളെ അപ്പടി വച്ചു പുലർത്തുന്ന അപൂർവ്വം ചില രാഷ്ട്രങ്ങൾ ലോകത്തിലുണ്ടു്. അവയിൽ ഒന്നാണു് ഭാരതം. എന്നാൽ ഈ ദോഷങ്ങളിൽനിന്നും അന്ധവിശ്വാസങ്ങളിൽനിന്നും മുക്തയാകാൻ വേണ്ടശേഷി നൈസർഗ്ഗികമായി ഭാരതത്തിനുണ്ടെന്നു് തെളിഞ്ഞുകഴിഞ്ഞു. ജനതയുടെ സാമ്പത്തിക പ്രശ്നങ്ങളെ നേരിടാൻ അവർക്കു കഴിവുണ്ടെ

ന്നും യോഗ്യതയുണ്ടെന്നും ഞാൻ ഇതിനുമുമ്പ് ഒരിക്കലും ഇത്ര ദൃഢമായി വിശ്വസിച്ചിരുന്നില്ല.

ഭാരതത്തെ സ്വതന്ത്രയായും പ്രബലയായും കാണാൻ ഞാൻ ആഗ്രഹിക്കുന്നു. ലോകക്ഷേമത്തിനുവേണ്ടി സ്വേച്ഛയോടുകൂടി സ്വയം ബലികഴിക്കാൻ അവൾ സന്നദ്ധയായിരിക്കണം. ഭാരതത്തിന്റെ സ്വാതന്ത്ര്യവും സമാധാനവും ലോകത്തിന്റെ കല്യാണസംബന്ധമായ വീക്ഷണപഥത്തിൽ തീൎച്ചയായും വിപ്ലവം ഉളവാക്കും. അവളുടെ മഹത്വം സകല മാനവസമുദായത്തിലും പതിയും.

പാശ്ചാത്യശക്തികളുടെ മുമ്പിൽ ശിരസ്സു നമിക്കുന്ന ഭാരതത്തിൽനിന്നു് മാനവസമുദായത്തിനു യാതൊന്നും ആശിക്കാനില്ല. എന്നാൽ ജാഗരൂകയും സ്വതന്ത്രയുമായ ഭാരതം പീഡ അനുഭവിച്ചു ഞരങ്ങുന്ന ലോകത്തിനു ശാന്തിയുടേയും ക്ഷേമത്തിന്റേയും സന്ദേശം അരുളും. ഭാരതം അഹിംസാത്മകമായ മാൎഗ്ഗത്തിൽക്കൂടി തന്റെ സ്വാധീനത കൈവരുത്തുമെങ്കിൽ, അതിൽ സാഫല്യം നേടുമെങ്കിൽ, സ്വാതന്ത്ര്യത്തിനുവേണ്ടി പടവെട്ടുന്ന മററു ദേശങ്ങൾക്കു തന്റെ മാൎഗ്ഗദൎശനം നൽകും. തൻമൂലം ഇന്നുവരെയും ലോകത്തിൽ എല്ലാകാലവും എങ്ങും അജ്ഞാതമായിരുന്ന ഒരു അസാധാരണമാൎഗ്ഗം തെളിഞ്ഞുകിട്ടും. ശാന്തിയും ഐശ്വൎയ്യവും കൈവരും; യാതനയാകുന്ന അഗ്നിയുടെ തൈക്ഷ്ണ്യംകൊണ്ടു തെല്ലും ധൎമ്മത്തിൽനിന്നും വ്യതിചലിച്ചിട്ടില്ലാത്ത ഭാരതം അനുചിതമായ ആക്രമണം ഉണ്ടായാൽ സധൈൎയ്യം എതിൎക്കാൻ ധൈൎയ്യവതിയായിരുന്നാൽ ലോകോന്നതിക്കും ലോകശാന്തിയ്ക്കുമായി ചിരസ്ഥായിയായിട്ടുള്ള സേവനമനുഷ്ഠിക്കാൻ അവൾക്കു കഴിയും.

എന്റെ രാജ്യത്തുനിന്നും മററുള്ള ദേശങ്ങൾക്കു എന്തെങ്കിലും ചിലതു പഠിക്കാനുണ്ടാവണം. എന്റെ ദേശത്തിന്റെ സകല വിഭവങ്ങളും മാനവസമുദായത്തിന്റെ നന്മക്കു ഉപകരിക്കണം. ഇതിനുവേണ്ടിയാണു് എന്റെരാജ്യം സ്വാധീനയാകണമെന്നു ഞാൻ ആഗ്രഹിക്കുന്നതു്.

ദേശഭക്തിമാൎഗ്ഗത്തിൽ വ്യക്തികൾ കുടുംബത്തിനും, കുടുംബങ്ങൾ ഗ്രാമത്തിനും, ഗ്രാമങ്ങൾ ജില്ലക്കും, ജില്ലകൾ പ്രാവിൻസിനും, പ്രാവിൻസുകൾ രാജ്യത്തിനും വേണ്ടി ത്യാഗം ചെയ്യേണ്ടിവരുമെന്നു നാം പഠിക്കുന്നതുകൊണ്ടു് വേണ്ടിവന്നാൽ ലോകനന്മയ്ക്കായിതന്നെ തന്നെ ബലികഴിക്കാനുള്ള ഒരു സന്നദ്ധത നമ്മിൽ ഉളവാകും. അതുകൊണ്ടു രാഷ്ട്രീയതയോടുള്ള എന്റെ സ്നേഹത്തെ അഥവാ രാഷ്ട്രസംബന്ധമായുള്ള എന്റെ വിചാരങ്ങളെ-ആവശ്യം നേരിടുമ്പോൾ മാനവജാതിയുടെ ജീവരക്ഷക്കുവേണ്ടി എന്റെ ദേശക്കാർമുഴുവനും മരണം വരിക്കാൻ തയാറായിരിക്കണമെന്നു വ്യാഖ്യാനിക്കാം:

ഭാരതത്തിനു ഒരിക്കലും നഷ്ടമാകാത്ത ഒരു ആത്മാവുണ്ടു്. അതു് എല്ലാവിധത്തിലും ശാരീരികദൗൎബ്ബലതകളെ ജയിക്കാൻ സുശക്തയാണെന്നു്, ലോകമൊട്ടുകെയുള്ള ശാരീരികബലങ്ങൾ ഒന്നുചേൎന്നാലും അതിനെ കീഴടക്കാൻ ത്രാണിയുള്ളതാണെന്നു, ഭാരതം മനസ്സിലാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

ശാസ്ത്രസിദ്ധാന്തം കൈക്കൊള്ളുകയാണെങ്കിൽ ഭാരതം ക്ഷണികമായ വിജയം നേടുമയിരിക്കും. പക്ഷെ, അപ്പോൾ അവൾക്കു എന്റെ ഹൃദയത്തിൽ ആദരണീയസ്ഥാനം ഉണ്ടായിരിക്കയില്ല. ഞാൻ ഭാരതത്തിന്റേതാണു്. കാരണം എനിക്കുവേണ്ട ഓരോന്നും ഭാരതത്തിൽ നിന്നാണു ലഭിച്ചിട്ടുള്ളതു്. സകല ലോകത്തിലും നൽകാൻ ഒരു സന്ദേശം അവൾക്കുണ്ടെന്നു ഞാൻ പൂൎണ്ണമായി വിശ്വസിക്കുന്നു. കണ്ണടച്ചുകൊണ്ടു അവൾ യൂറോപ്പിനെ അനുകരിക്കയില്ല. ഭാരതം ശസ്ത്രം കൈയിലെടുക്കുകയാണെങ്കിൽ അതു എന്റെ പ

ദീക്ഷാസമയമായിരിക്കും. ഞാൻ വെറുതേ ഇരിക്കുകയില്ലെന്നാണ് എന്റെ ആശ. എന്റെ ധർമ്മത്തിനു ഒരുവിധത്തിലും ഭ്രമിശാസ്ത്രപരമായ പരിധികൾ ഇല്ല. എനിക്കു സജീവമായ വിശ്വാസമുണ്ടെങ്കിൽ ആ വിശ്വാസം ഭാരതത്തിനോടുള്ള എന്റെ സ്നേഹം നിസ്സീമമാക്കിത്തീർക്കും. അഹിംസാവ്രതം മുഖേന ഭാരതത്തിന്റെ സേവക്കായി ഞാൻ എന്റെ ജീവൻ അർപ്പിച്ചിരിക്കയാണ്.

സകല ലോകനന്മക്കുവേണ്ടി ഭാരതം ഉണരണമെന്നും ഉയരണമെന്നും ഞാൻ ആശിക്കുന്നു. മററു രാഷ്ട്രങ്ങളെ സമാധിയടയിപ്പിച്ചിട്ട് ഭാരതം ഉന്നതിയിലെത്തണമെന്ന് എനിക്ക് ആഗ്രഹമില്ല. ഭാരതം യോഗ്യയും ശക്തിശാലിനിയുമാകുകയാണെങ്കിൽ ബാഹ്യലോകത്തിനു കലാപരമായും സാംസ്കാരികമായും ശാന്തിപരമായും തനിക്കുള്ള വിഭവങ്ങൾ എത്തിച്ചുകൊടുക്കാൻ കഴിയും. അതേ അവസരത്തിൽ ഉന്മാദ ജനകങ്ങളായ പദാർത്ഥങ്ങൾ നിഷേധിക്കുകയും ചെയ്യാം. അതോടൊപ്പം ഭാരതത്തിനുവേണ്ടിപുറത്തുനിന്നും സാമാനങ്ങൾ വരും.

പാശ്ചാത്യാനുകരണത്താൽ ഭാരതത്തിന്റെ ഭാഗ്യം തിളങ്ങുകയില്ല. അനാഡംബരവും പാവനവുമായ ജീവിതത്തിൽനിന്നും ഉത്ഭൂതമാകുന്ന അഹിംസാപൂർണ്ണമായ ശാന്തിമാർഗ്ഗം അവലംബിക്കുന്നതിൽനിന്നുമാണ് അവളുടെ ഭാഗ്യം തെളിയുന്നത്. അതിനെ നഷ്ടപ്രായമാക്കിയിട്ട് ജീവിക്കാൻ കഴിയുകയില്ല. "പാശ്ചാത്യരുടെ സൗജന്യദാനത്തിൽനിന്നു എനിക്കു ഒഴിഞ്ഞുമാറി നില്ക്കാൻ സാദ്ധ്യമല്ല" എന്നു നിരാശപ്പെട്ടും നിസ്സഹായതയിലും അവൾ പറയരുത്. തന്റെയും ലോകത്തിന്റെയും നന്മയ്ക്കുവേണ്ടി അതിനെ നിരോധിക്കാൻ ശക്തിയുള്ളവളായിത്തീരണം.

സ്വാശ്രയശക്തിയും ആത്മവിശ്വാസവും ലഭിക്കുമ്പോൾ പ്രലോഭനത്തിൽനിന്നും ചൂഷണത്തിന്റെ ആകർഷകത്വത്തിൽനിന്നും മുക്തമാകുമ്പോൾ യാതൊരു ശക്തിയുടേയും ദൃഷ്ടിക്കിരയാകുകയില്ല. അപ്പോൾ വ്യയസാദ്ധ്യമായിട്ടുള്ള ശസ്ത്രാസ്ത്രങ്ങളുടെ ഭാരം വഹിക്കാതെതന്നെ താൻ സുരക്ഷിതയാണെന്നവൾക്കു അനുഭവപ്പെടും.

സ്വാധീനതയിൽനിന്നും തുലോം ഉപരിയാണ് എന്റെ ആകാംക്ഷ. ഭാരതത്തിന്റെ സ്വാതന്ത്ര്യം മുഖേന ഭൂമിയിൽ ദുർബ്ബലരെന്നു പറയപ്പെടുന്ന ജനങ്ങളെ പാശ്ചാത്യശക്തികളുടെ ചൂഷണത്തിൽനിന്നു രക്ഷിക്കാൻ ഞാനാഗ്രഹിക്കുന്നു.

SREE RAMA VILASAM BANK
ALLEPPEY.
എല്ലാവിധ ബാങ്കിടപാടുകളും
പ്രതിമാസച്ചിട്ടിയും നടത്തുന്നതാണ്.
Proprietor, N. Rama Pai.

# ജന്മസാഫല്യം

(തിരുവല്ല, എൻ. കേശവപിള്ള)

നിർണ്ണയം നിൻ പുഞ്ചിരികാണുവാനാശിച്ചല്ല,
നിന്നംഗസൗന്ദര്യത്തെപ്പുണരാൻകൊതിച്ചല്ല,
നിന്നഭിമാനത്തിന്മേൽ പുളകം പൂശാനല്ല,
വന്നുനിൻനികടത്തിലിന്നു ഞാനലർപ്പൂണ്ടേ!

ഭാവിയെപ്പൊഴും നിത്യഭാവുകമണിയിക്കാൻ-
ജീവിതക്ഷേത്രത്തിങ്കൽ പൂജയ്ക്കായൊരുക്കുവാൻ
ഭാവശുദ്ധയാംനിന്നെകൈക്കൊള്ളാനൊരുങ്ങിഞാൻ
പാവനം നിൻസാന്നിദ്ധ്യം ഭാഗ്യമായ്ക്കരുതിഞാൻ!

നിന്നിതൾമുറിപ്പെട്ടത്തീട്ടുവാനില്ലാമോഹം
നിന്നിലെത്തേൻതുള്ളികൾനുകരാനില്ലാദാഹം
ധന്യമെൻപൂജാവേദിനിൻനിറപ്രകാശത്തി-
ലൊന്നുകോൾമയിർക്കൊൾകിൽസഫലംമമജന്മം


## 'ശരീരമാദ്യം ഖലുഃധർമ്മസാധനം'

ഒരിക്കലും ഭേദപ്പെട്ടുകയില്ലെന്നു വിശ്വസിച്ച് നിരാശക്കണ്ടിൽ അകപ്പെട്ട് ജീവിതംനയിച്ചുവന്ന അനേകം രോഗികൾ ഞങ്ങളുടെ ഔഷധം ഉപയോഗിച്ച് ആരോഗ്യവും, ആയുസ്സും വദ്ധിച്ചവരായി കരതലാമലകംപോലെ വെളിവായിരിക്കുന്നു.

'ജീവരക്ഷാമൃതം' എന്ന ആനന്ദകുസുമാകരലേഹ്യം:— അമൃതസഞ്ജീവിനിപോലെ ഫലം നൽകുന്നതു്.

ഗ്രന്മകുലാന്തകൻ:_ ഈ ഭയങ്കരവ്യാധിക്കു ഏററവും പററുന്ന ദിവ്യയോഗം.

2 അഴ്ച ഉപയോഗിച്ചാൽ മതി. ഡപ്പി ഒന്നുക്കു വില രൂപാ 3.

കാസശ്വാസസംഹാരി:- ആശ്ചര്യകരമായ ഫലസിദ്ധിയുള്ളതു്.

ഡപ്പി ഒന്നുക്കു് വില രൂ 3.

20 തോലാ അടങ്ങിയ ഡപ്പിക്കു് വില രൂ. 3.

ഞങ്ങളുടെ പുതിയ ക്യാററ്ലാഗിനു് ആവശ്യപ്പെടുക:—

മദ്രാസ് ജീവരക്ഷാമണി വൈദ്യശാല,
മെയിൻറോഡ്,—കൊല്ലം.

# പാവം കുഞ്ഞേലിയാ

(കെ. എൻ. ഗോപാലപിള്ള എം. എ.)

നേരം അരഞ്ഞെട്ടുനാഴിക ഇരുട്ടി.

തിരുവനന്തപുരം പട്ടണത്തിന്റെ തെക്കുപടിഞ്ഞാറെ പ്രാന്തത്തിലുള്ള വലിയതുറ ഇരുളടഞ്ഞു കാണപ്പെടുന്നു. ആകാശദേശത്തിൽ ധാരാളമായി വന്നുകൂടീട്ടുള്ള മേഘങ്ങളും, തരംഗപരമ്പരകളാലിളകിമറിയുന്ന സമുദ്രവും തമ്മിൽ മത്സരിച്ചെന്നവണ്ണം പടഹധ്വനിമുഴക്കുന്നു. ജഗൽപ്രാണനാകട്ടെ തിരമാലകളിൽ നീന്തിത്തുടിച്ചും നാളികേരസാലങ്ങളിൽ ചടുലനൃത്തംചെയ്തും പാവങ്ങളുടെ കുടിലുകളിലുള്ള ചെററകളെ അടിച്ചുതുരത്തിയും മേൽക്കൂരകൾ പൊക്കി ഹുങ്കാരം മുഴക്കിയും നടമാടുന്നു. നീലദ്യുതികലർന്ന മിന്നലും പ്രഹരോദ്യതനായി അടിക്കടി മിന്നുന്നു. ഇടികളുടെ കഠിനധ്വനിക്കു് ശ്രുതിയെന്നവണ്ണം പേമാരിയും ധാരമുറിയാതെ പെയ്തുതുടങ്ങി. ആ പ്രദേശത്തെങ്ങും ആകെ ഒരു വെളിച്ചവും കാണ്മാനില്ല. എന്നാൽ ഒരു ചെറുകുടിലിൽമാത്രം ഒരു കരിപിടിച്ച റാന്തൽ മങ്ങിക്കത്തുന്നു. ഉദ്ദേശം പത്തുപന്ത്രണ്ടടി ചതുശ്രമുള്ള ഒരു മുറി മാത്രമാണു് ആ കുടിലിലുള്ളതു്. അതിൽ ഒരു മൂല ചോരുന്നൊലിക്കുന്നു. വെള്ളം വീഴുന്നതിനു വച്ചിട്ടുള്ള കലം നിറയവേ ഒരു വൃദ്ധ ജാഗ്രതയോടുകൂടി അപ്പൊഴപ്പോൾ വെള്ളം പുറത്തൊഴിക്കുന്നുണ്ടു്. മുറിയുടെ കിഴക്കുഭാഗത്തായി ഒരു നെരിപ്പോടിരുന്നു പുകയുന്നു. അതിനടുത്തായി ജീർണ്ണിച്ച ഒരു പുൽപ്പായിൽ അസ്ഥിമാത്രശരീരിണിയായ ഒരു സ്ത്രീ കിടക്കുന്നു. പലവിധമായ പൂതിഗന്ധങ്ങളാൽ മലീമസമായ വസ്ത്രത്താലാണെങ്കിലും വൃദ്ധ അവളെ ശ്രദ്ധാപൂർവ്വം പുതപ്പിച്ചിട്ടുണ്ടു്.

‘കിടുങ്ങുണമ്മേ’ അവൾ ക്ഷീണസ്വരത്തിൽ പറഞ്ഞു. വൃദ്ധ ഉത്തരക്ഷണത്തിൽ കൈ തോർത്തിയിട്ടു അടുത്തുചെന്നു് നെരിപ്പോടിൽ തുണികൊണ്ടു ചൂടുപിടിപ്പിച്ചു് അവളുടെ ദേഹത്തുവച്ചു് അൽപം ആശ്വാസം നൽകി.

“യോനാ വാറലിവെള്ളവും മരുന്നും കൊണ്ടിപ്പംവരും. ചുമ്മാ കെടാമോളേ!” വൃദ്ധ അവളെ സമാധാനപ്പെടുത്തി.

“പടച്ചവനിത്ര ദയവില്ലേ? ധർമ്മമുള്ള രാജ്യമല്ലേ ഇതു്? നമ്മുടെ കാട്ടിലൊക്കെ നിറച്ചു തേക്കുമരമുണ്ടെന്നും അതു വീടുകെട്ടാൻ കൊള്ളാമെന്നും ഞാൻ ഭൂമിശാസ്ത്രത്തിൽ പഠിച്ചല്ലോ അമ്മേ! പിന്നെ നമുക്കൊക്കെ നല്ല വീടുകെട്ടിത്തന്നാലെന്താ?”

“എല്ലാം കർത്താവുതരും മോളേ!” എന്നായിരുന്നു വൃദ്ധയുടെ മറുപടി.

സന്ധ്യയ്ക്കുമുൻപേതന്നെ മരുന്നു വാങ്ങാൻ പുറപ്പെട്ട തന്റെ ഭർത്താവു വരാൻ ഇത്ര താമസിക്കുന്നതെന്തെന്നും വലിയാസ്പത്രിയിൽ പാവങ്ങൾക്കു് മരുന്നു കൊടുക്കുകയില്ലയോ എന്നുമായി കുഞ്ഞേലിയായുടെ അടുത്തചോദ്യം. “വല്യവരുടെ ഇടത്തൊക്കെ കാലവുംനേരവും നോക്കാതെ ചെന്നുകേറാൻ സാധ്യമല്ലെന്നും പണക്കാരന്റെ ആവശ്യംകഴിഞ്ഞേ എവിടേയും പാവങ്ങൾക്കു സ്ഥാനമുള്ളുവെന്നും മരുന്നും വാറലിവെള്ളവും മാത്രമല്ല സ്റ്റേഷൻ അരിയും വാങ്ങിയിട്ടുവേണം യോനാ തിരികേ വരേണ്ടതെന്നും” മററും വൃദ്ധ അവളെ ഉൽബോധിപ്പിച്ചു. സ്വപുത്രനെപ്പററി എന്തെ

ങ്കിലും പറയുമ്പോൾ വൃദ്ധയുടെ മുഖത്തു തിങ്ങിക്കൂടിയിരുന്ന സ്നേഹപ്രവാഹം കാണികൾക്കു എത്രയും ചേതസ്സമാകർഷകമായിരുന്നു.

കുഞ്ഞേലിയാ "മൂന്നുക്ലാസ്" പഠിച്ചിട്ടുണ്ട്. തൻെറ പിതാവു് ചുഴലിക്കാററിൽ പെട്ടു് കടലിൽ മരിച്ചതും പ്രിയമാതാവു് വസൂരിവ്യാധിയിൽപ്പെട്ടു് മൃതിയടഞ്ഞതും അവൾ സങ്കടപൂർവ്വം സ്മരിച്ചു. കർത്താവിൻെറ മുമ്പിൽവച്ചു് സുമുഖനായ യോനാ തൻെറ കഴുത്തിൽ താലികെട്ടിയ സന്ദർഭം സ്മരിക്കവേ അവൾ പുളകാംഗിതയായി. നിത്യവും പ്രഭാതത്തിൽ നിത്യകർമ്മം കഴിഞ്ഞുചെന്നു് യോനായുടെ മാറിടത്തിൽ സ്പർശിക്കവേ അയാൾ മന്ദസ്മിതം പൂണ്ടെഴുന്നേല്ക്കുന്ന രംഗമോർത്തു് അവൾ നിർവൃതിയടഞ്ഞു. മത്സ്യവില്പനയ്ക്കായി അവൾ പല വലിയ ഭവനങ്ങളിലും പോയിട്ടുണ്ടു്. അവിടങ്ങളിലെ ഭാഗ്യദേവതകളുടെ "പരിഷ്കാരമട്ടുകൾ" ആർത്തിയോടെ നോക്കിട്ടുണ്ടു്. ഇടതുകയ്യിൽ പൊന്നുപൂശിയ പുസ്തകവും വലത്തുകയ്യിൽ ശിരക്കുററുമായി വലിയ പള്ളിക്കൂടത്തിലേക്കു പോകുന്ന ചില കോമളന്മാർ രണ്ടുംമൂന്നും തവണ തിരിഞ്ഞു നോക്കത്തക്കവണ്ണം ഏതോ ചില ഗുണങ്ങൾ തനിക്കും ഉണ്ടെന്നു് അവൾ അഭിമാനിച്ചിരുന്നു. ജനങ്ങളുടെ ജീവിതരീതിയിൽ ഇത്ര വളരെ വ്യത്യാസം അ പടച്ചവൻ എന്തിനു വരുത്തിവച്ചു? അവൾ വഴിനീളെ കണ്ടിരുന്ന മണിമാളികയുടെ ഒന്നുരണ്ടു കഴുക്കോൽ മതിയല്ലോ അവളുടെ കുടിലൊന്നു നേരേ പണിയാൻ!! അവളുടെ പ്രാണനാഥൻ യോനാ; പകൽ മുഴുവനും ചിലപ്പോൾ രാത്രിയും കടലിൽ കിടന്നു് ഉടലും മനവും കാഞ്ഞു പാട്ടപെട്ടു് കുടുംബരക്ഷ ചെയ്യുന്നു. ഇപ്പോളിതാ ഇടിയും മഴയും വകവയ്ക്കാതെ വലിയാസ്പത്രിയിൽ പോയിരിക്കുന്നു. അയാളുടെ സ്നേഹസമൃദ്ധിയെപ്പററി ചിന്തിക്കവേ അവളുടെ നേത്രങ്ങൾ താനേ അടഞ്ഞു.

... ... ... ... ... ...

... ... ... ... ... ...

ഒന്നുമയങ്ങിയ വൃദ്ധ കുഞ്ഞേലിയായുടെ ശ്വാസത്തിന്റെ വക്രഗതികേട്ടു് ഞെട്ടിഉണന്നു. പെട്ടെന്നെഴുന്നേററു അവളുടെ ദേഹത്തു് ചൂടുകൊടുത്തു് കർത്താവിനെ വിളിച്ചു കരഞ്ഞു. എന്നാൽ രോഗിണിയുടെ ശ്വാസഗതി അനുക്രമം വികടമായി തീർന്നേയുള്ളു.

അതാ ഒരാൾ ചെററ പൊക്കീട്ടു് ഉള്ളിൽ കടക്കുന്നു. അതു് മററാരുമല്ല. ഏലിയായുടെ ജീവിതേശൻ തന്നെയാണു്. വൃദ്ധ ചാടി എഴുന്നേററു് അയാളുടെ കയ്യിലിരുന്ന കുപ്പി വാങ്ങി "അമ്മേ അറു നേരത്തേക്കു്" എന്നു യോനാ പറയുന്നതിടയിൽ കുറെ മരുന്നു് ഏലിയായുടെ വായിൽ ഒഴിച്ചുകൊടുത്തു. എന്നാൽ മരുന്നു പകുതിയും പുറത്തേയ്ക്കാണു പോയതു്.

"ഉമ്മാനേ! കാലൊന്നു തൊട്ടനത്തു്" വൃദ്ധ ഗൽഗദസ്വരത്തിൽ പറഞ്ഞു. യോനാ മാതാവിന്റെ ആജ്ഞയനുസരിച്ചു. കുഞ്ഞേലിയാ പെട്ടെന്നു കണ്ണു തുറന്നു. യോനാ അവളുടെ മുഖത്തു ആർത്തിയോടെ നോക്കി. അവളിൽ ക്ഷണികമായി വിടന്ന പുഞ്ചിരി അവളിൽതന്നെ അമർന്നു. വൃദ്ധയും പുത്രനും വിങ്ങിവിങ്ങി കരഞ്ഞു.

മഴ മാറി. കിഴക്കേദിക്കു് വിളറി വശായി. ഒന്നുരണ്ടു നക്ഷത്രങ്ങൾ തല തെല്ലൊന്നുയർത്തിയിട്ടു് പെട്ടെന്നു മറഞ്ഞു. "പാവം കുഞ്ഞേലിയാ" എന്ന വൃദ്ധയുടെ വചനം പ്രഭാത സമീരണൻ ഏററുപാടി.

—o—

# കവിതാമഞ്ജരി.

## രണ്ടാം ഭാഗം

വില രൂപാ ൧.

ഗ്രന്ഥകർത്താ,

പുലിയന്നൂർ എസ്. രാമകൃഷ്ണയ്യർ അവർകൾ.

(മീനച്ചിൽ താലൂക്കിനെ സ്പർശിക്കുന്നതായിത്തന്നെ ഏഴു കവിതയുണ്ട്.)

ഫാദർ എബ്രഹാം വടക്കേതിൽ അവർകളുടെ, പ്രൌഢവും വിമർശനപരവുമായ അവതാരിക പഠിക്കേണ്ടതുതന്നെ.

ധാരാവാഹിയായ വാക്പ്രസരം, വിശിഷ്ടമായ രചന, മോഹനമായ ഭാവന, നവനവോല്ലേഖങ്ങൾ, ഹൃദ്യമായ വൈദർഭീരീതി, അകഷ്ടകങ്ങളായ അലങ്കാരങ്ങൾ നിരൂപകശിഖാമണിയായ അവതാരകൻ പറയുന്നതിൽ അല്പം ശ്രദ്ധിക്കുകതന്നെ. ഓരോ അവസരങ്ങളിൽ പരിതസ്ഥിതികളുടെ സമ്മർദ്ദത്താൽ കവിഹൃദയത്തിൽ ഓളംതല്ലിയ വികാരവിചാരങ്ങളുടെ മൂർത്തിരൂപങ്ങളാണ് 'കവിതാമഞ്ജരിയുടെ' ഈ ദ്വിതീയഭാഗത്തിൽ പ്രത്യക്ഷമാകുന്ന 16 ഖണ്ഡകാവ്യങ്ങൾ. ഉജ്ജ്വലമായ ദേശാഭിമാനം, ആർഷസംസ്കാരത്തോടുള്ള അളവററ ഭക്തി, പ്രകൃതിവിലാസദർശനമാത്രയിലുളവാകുന്ന ആഹ്ലാദം, അമേയമായ ഭൂതാനുകമ്പ അചഞ്ചലമായ ഈശ്വരഭക്തി മുതലായ കവിഹൃദയത്തെ ചലിപ്പിച്ചിട്ടുള്ള വികാരങ്ങളുടെ സന്ദർഭാനുസാരേണയുള്ള ചിത്രങ്ങളാണ് ഓരോ കവിതയിലും ആണിയായി നിബന്ധിക്കപ്പെട്ടിരിക്കുന്നതു്. കവിയുടെ ഔചിത്യബുദ്ധി അത്യന്തം പ്രശംസനീയമെന്നും, കവിയുടെ ഭാവനയും ആഴിയിലെ തരംഗപരമ്പരപോലെ ഉണ്ടായിരിക്കുന്നുവെന്നും പിന്നെയും പറയുന്നു.

ചന്ദ്രാപ്രസ്സിലെ സുന്ദരമായ അച്ചടി! കമനീയമായ കവർ!

## ഗ്രന്ഥകർത്താവിൻെറ ഇതരകൃതികൾ.

1 ശ്രീവിഷ്ണുപാദാദികേശാന്തവർണ്ണന സ്തോത്രം (വ്യാഖ്യാനം) 1 രൂ
2 കവിതാമഞ്ജരി 1-ാം ഭാഗം 8 ണ.
3 രാജഭക്തി (കവിതാസമാഹാരം) 1 രൂ.
4 അഞ്ജലി (കൃഷ്ണാവതാരസംഗ്രഹം) 1 രൂ.
5 സുലോചന (ഗദ്യകാവ്യം) 1 രൂ.
6 ലേഖനമഞ്ജരി 1-ാം ഭാഗം 2 രൂ.
7 ദലീപൻ 8 ണ.
8 ശിവരാത്ര്യുത്സവം (തുള്ളൽ) 6 ണ.
9 ബോധനമാലി 1-ാം ഭാഗം 8 ണ.
10 ഭക്തിദീപിക (ഒരു നിരൂപണം) 4 ണ.

പുലിയന്നൂർ ബുക്ക്ഹൌസ്
A. O. & P. O. പാലാ.
ബ്രാഞ്ച്—തൊടുപുഴ.

മാനേജർ,
ചന്ദ്രാപ്രസ്സ്,
ചാല, തിരുവനന്തപുരം.

MEMORIAL SAHRUDAYA PU... MANNARGHAT

# മിസ്റ്റിസിസം

ബി. പത്മനാഭപിള്ള എം. എ.
(Editorial Board.)

മിസ്റ്റിസിസം എന്നാൽ എന്താണു് എന്നുചോദിച്ചാൽ പറയാൻ അല്പം വൈഷമ്യം ഉണ്ടു്. ആ വാക്കുതന്നെ രഹസ്യമായ ഒന്നിനെപ്പററിയുള്ളതാണു് എന്നു സൂചിപ്പിക്കുന്നുണ്ടു്. രഹസ്യമായ കാര്യത്തെപ്പററി പറയാനാണു് വിഷമം. രഹസ്യം പലവിധത്തിലുണ്ടു്. ഒരു മുനിയുടെ രഹസ്യം ആദ്ധ്യാത്മികമായ അനുഭൂതിക്കുള്ള വ്യഗ്രതയാണു്. ഒരു കാമുകന്റെ രഹസ്യം അവന്റെ സങ്കേതസ്ഥാനമാണു്. ഈ രണ്ടു രഹസ്യങ്ങളുടേയും അനുഭൂതിയ്ക്കു് തുല്യാവസ്ഥ കല്പിക്കുന്ന ആളുകൾ ഉണ്ടു്. അതിൽ അല്പം പരമാൎത്ഥം ഇല്ലെന്നില്ല. പക്ഷെ ആദ്യത്തേതു നിത്യവും അഥവാ അലൗകികവും രണ്ടാമത്തേതു അനിത്യവും ലൗകികവും ക്ഷണഭംഗുരവുമാണു്. ഇങ്ങനെയാണു് ഇവതമ്മിലുള്ള അന്തരം. ഈ രണ്ടു രഹസ്യങ്ങളും കവിതയിൽ എപ്രകാരം സന്നിവേശിപ്പിക്കുന്നു എന്നു നോക്കാം.

ആദ്ധ്യാത്മിക വിഷയത്തിലുള്ള വൈദഗ്ദ്ധ്യവും വിശിഷ്ടാനുഭൂതികളും പാവനമായ ഹൃദയസമ്പത്തും കാവ്യശാസ്ത്രാഭ്യസനവും സിദ്ധിച്ചിട്ടുള്ള കവികൾ ലോകശ്രേയസ്സിനായി യത്നിക്കുമ്പോൾ അവരുടെ മനോമുകുരങ്ങളിൽ ഭാസിക്കുന്ന ആശയവിശേഷങ്ങൾ ഭാവനാസമ്പന്നതയോടുകൂടി കാവ്യരൂപത്തിൽ ബഹിർഗ്ഗമിക്കുന്നു. ആദികവിയായ വാത്മീകിമഹർഷിക്കു് ശ്ലോകനിൎമ്മാണം സാധിച്ചതു് ഇപ്രകാരമാണു്: അത്തരം കവികൾ അത്ര സുലഭമല്ല. ഒരു നൂററാണ്ടിനിടയ്ക്കു് ഒരു കവിയെങ്കിലും ഉണ്ടായാൽ പരമഭാഗ്യമാണു്.

ആകർഷണീയമായ കവിതയുടെ പ്രതിപാദ്യത്തിനു തിരഞ്ഞെടുക്കുന്ന പദങ്ങൾക്കു് പ്രത്യേക സൗന്ദൎയ്യം ഉണ്ടായിരിക്കും. സൗന്ദൎയ്യവീക്ഷയിൽ ശ്രദ്ധിക്കുന്ന കവി ഭാവനാലോകവും കടന്നു് ചിലപ്പോൾ അലൗകികമായ സൗന്ദൎയ്യാനുഭൂതിയിൽ എത്തിച്ചേരും. സമാധിക്കു തുല്യമായ ആ അവസ്ഥയിൽ ബ്രഹ്മാനന്ദസദൃശമായ കേവലസൗന്ദൎയ്യം ആസ്വദിക്കുന്നു.

സമാധിയിൽനിന്നു് ഉണൎന്ന യോഗിക്കു് സമാധിയിലെ അനുഭവങ്ങളുടെ യഥാൎത്ഥനില വൎണ്ണിക്കാൻ സാദ്ധ്യമല്ല. അതു് വാക്കുകൾക്കു് വിഷയമല്ല. അതിന്റെ ഒരു പ്രതിഭാസം മാത്രമെ വൎണ്ണനാവസരങ്ങളിൽ പ്രതിഫലിപ്പിക്കാൻ സാദ്ധ്യമാകൂ. ഇപ്രകാരം ഭാവനാലോകത്തുനിന്നു് ഉയൎന്നു് മൗലികാവസ്ഥയിൽ എത്തി കേവലസൗന്ദൎയ്യം ആസ്വദിക്കുന്ന കവി ലൗകികാവസ്ഥയിലേക്കു് പോരുമ്പോൾ ആസ്വദിച്ച കാൎയ്യങ്ങളെപ്പററി പ്രതിപാദിക്കുന്നതിൽ ഒരു അവ്യക്തത കാണും. അതുകൊണ്ടാണു് അത്തരം കവിതകളെ മിസ്റ്റിക്കു് കവിത അഥവാ ഗൂഢാൎത്ഥ കവിത എന്നൊക്കെ പറയുന്നതു്. ഇവിടെ ഭാഷയ്ക്കും ബുദ്ധിക്കും അതീതമായി അനുഭവിക്കുന്ന സൗന്ദൎയ്യാംശത്തെ വൎണ്ണിക്കാനുള്ള വൈഷമ്യമാണു് അവ്യക്തതയ്ക്കു കാരണം. ഇപ്രകാരം തുരിയാവസ്ഥയിലുള്ള അനുഭവങ്ങൾ ലൗകികമായ സുന്ദരവിഷയങ്ങളിലേക്കു പകരുന്ന ഒരു പരിണാമവിശേഷമാണു് മിസ്റ്റിക് കവിത എന്നു വന്നുകൂടുന്നു.

"Misticism is attained in Poitry where some spiritual values are unsited upon by the aid of concrete imageries" എന്നാണു് ഒരു പാശ്ചാത്യ ചിന്തകൻ നിർവചിച്ചിട്ടുള്ളതു്. പ്രതിപാദ്യവിഷയത്തിൽ അന്തർനിഹിതമായിരിക്കുന്ന വസ്തു ആദ്ധ്യാത്മികമായിരിക്കണം എന്നു് ഇതിൽനിന്നും മനസ്സിലാക്കാം. ലോകസാധാരണമായ വസ്തുക്കളാണു് പ്രസ്തുതമെങ്കിലും അതിനു് ഒരു പ്രത്യേക സൗരഭ്യം ഉണ്ടായിരിക്കും. അതിനു കാരണം സങ്കല്പസുന്ദരമായ ഒരന്തരീക്ഷം അതിനുണ്ടായിരിക്കും എന്നുള്ളതാണു്.

മിസ്റ്റിക് കവിതാപ്രസ്ഥാനം ഭാരതീയരുടെ സ്വന്തമല്ലെന്നും നേരേമറിച്ചു് ആംഗ്ലസാഹിത്യത്തിന്റെ സാഹായ്യംകൊണ്ടു സിദ്ധിച്ചതാണെന്നും ചിലർ വാദിക്കുന്നുണ്ടു്. ഭാരതീയവിനോദഭണ്ഡാഗാരത്തിന്റെ മമ്മം ഗ്രഹിക്കാത്തവരുടെ ഇത്തരം അഭിപ്രായഗതികൾക്കു പ്രാമാണ്യം സിദ്ധിക്കാൻ മാർഗ്ഗമില്ല. ഭാരതീയക്കു് പണ്ടുപണ്ടേ ഇത്തരം കാവ്യസരണികൾ സുപരിചിതമാണു്.

ദ്വാ സുവൎണ്ണാസയുജാസഖായാ
സമാനവൃക്ഷംപരിഷസ്വജാതേ
തയോരകഃപിപ്പലമാസ്വദന്തി
അനശ്നന്നന്യോഭിചാകശീതി

എന്ന ഉപനിഷദ്വചനം ഇതിനു ദൃഷ്ടാന്തമാണു്. ഇതിന്റെ സാരം ഇപ്രകാരം സംഗ്രഹിക്കാം. വിശേഷപ്പെട്ട ചിറകുകളോടുകൂടിയ രണ്ടു സഖാക്കളായ പക്ഷികൾ ഒരുമിച്ചു് ഒരു വൃക്ഷത്തെ ആശ്രയിക്കുന്നു. അവയിലൊന്നു പിപ്പലഫലത്തെ ആസ്വദിക്കുന്നു. മറ്റേതു ഭുജിക്കാതെതന്നെ പ്രകാശിക്കുന്നു.

വാച്യാത്ഥം ഇപ്രകാരമാണെങ്കിലും ഇതിൽ ജീവാത്മാവിന്റെയും പരമാത്മാവിന്റെയും ബന്ധം സവിശേഷം നിഗ്രഹനം ചെയ്തിരിക്കുന്നതു് കാണാം. സാക്ഷാൽ ബ്രഹ്മഭൂതമായിരിക്കുന്ന പ്രപഞ്ചത്തിൽ ജീവാത്മാവിന്റെയും പരമാത്മാവിന്റെയും ഗതി ഏതു പ്രകാരമാണു് എന്നു് സൂചിപ്പിച്ചിരിക്കുന്നു. സുവൎണ്ണശബ്ദത്തിനു് പക്ഷി എന്നും സൂൎയ്യകാന്തിപ്പുന്നും അത്ഥമുണ്ടു്. ആത്മാവു് ജ്യോതിസ്വരൂപമാണു്. ഊദ്ധ്വഗതിയിൽ അതിനു പറക്കുന്ന അവസ്ഥയാണു് എന്നു് അനുഭവസ്ഥന്മാർ പറയുന്നുണ്ടു്. പ്രകൃതിയും പുരുഷനും എന്നപോലെ ജീവാത്മാവിനും പരമാത്മാവിനും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടു്. ജീവാത്മാവു് ശരീരസ്ഥമായതുകൊണ്ടു് പ്രകൃതിഭോഗങ്ങൾ അനുഭവിക്കുന്നു. പരമാത്മാവു് കേവലാവസ്ഥയിൽ സാക്ഷിഭൂതമായി സ്ഥിതിചെയ്യുന്നു. അതിനു് ഭോഗാവസ്ഥ ഇല്ല എന്നതാണു് സ്വാദു് അനുഭവിക്കാതെതന്നെ പ്രകാശിക്കുന്നു എന്നു പറഞ്ഞതു്.

ഇപ്രകാരം ആദ്ധ്യാത്മികമായ പ്രതിഭാസങ്ങൾ അടങ്ങിയ ദൃഷ്ടാന്തങ്ങൾ പുരാണഗ്രന്ഥങ്ങളിൽ പലയിടത്തും കാണാൻ സാധിക്കും. പാലാഴിമഥനം കഥ ഇതിനു് ഒരു ഉദാഹരണമാണു്. മന്ദരപവ്വതത്തെ മത്താക്കി വാസുകിയെ കയറാക്കി പാലാഴികടഞ്ഞു് അമൃതു് എടുക്കുന്നുവെന്നാണു് കഥ. ഇതു് കേവലം ഭാവനാലോകത്തിലെ സങ്കല്പസൃഷ്ടിയാണു്. അതിവിശിഷ്ടമായ ഒരു ആദ്ധ്യാത്മിക തത്വം ഇതിൽ അന്തർഭവിച്ചിട്ടുണ്ടു്. പാലാഴി എന്നതു് ശരീരവും മന്ദരം അതിലെ മേരുദണ്ഡം അഥവാ നട്ടെല്ലുമാണു്. സുഷുമ്നാനാഡിയുടെ സ്ഥിതി മേരുദണ്ഡത്തിലാനു്. അതിൽ ഇടംവലം ഓടുന്ന പ്രാണന്റെ ഗതിയെയാണു് വാസുകിയെ ഇടംവലം ഇളക്കി പിടിക്കുന്നതായി സൂചിപ്പിച്ചിരിക്കുന്നതു്. ഇഡയും പിംഗലയും എന്നു പറയുന്നതു് സാക്ഷാൽ പ്രാണന്റെ ചക്രഗതിയാണു് എന്നു് അനുഭവസ്ഥന്മാക്കു് അറിയാം. പ്രാണായാമംകൊണ്ടു സാധിക്കുന്നതു് ഈ ഗതിയെ തിരിപ്പിക്കുക എ

ന്നതാണു്. അതിന്റെ അന്ത്യഫലം അമൃതുഭോജനവുംമാണ്. അമൃതകലശത്തിൽ ജീവൻ ഒടുങ്ങുമ്പോഴാണു് അമൃതു ഭുജിക്കുന്ന അവസ്ഥ അഥവാ നിത്യാനന്ദം ഉണ്ടാകുന്നതു്. മരണാവസ്ഥ മാററാനുള്ള മാർഗ്ഗം ഇതൊന്നുമാത്രമാണു്. അനുഭവയോഗ്യമായ ഈ പരമാത്ഥം ഉള്ളടക്കം ചെയ്തിരിക്കുന്ന ഈ പാലാഴിമഥന കഥ മിസ്റ്റിസിസത്തിനു ഒന്നാംതരം ഉദാഹരണമാണു്. മഹർഷിവര്യനായ വേദവ്യാസനരണു് ഈ കഥയുടെ ഉപജ്ഞാതാവു്. അത്തരം കവികൾക്കുമാത്രമെ അനുഭവമാത്രവേദ്യമായ ഇത്തരം ആദ്ധ്യാത്മിക തത്വങ്ങൾ ഉള്ളടക്കംചെയ്തു് കാവ്യം നിർമ്മിക്കാൻ സാധിക്കയുള്ളു. രാമായണത്തെപ്പററി "കാവ്യംസുധേയം കഥ രാഘവീയം, കർത്താവു്തുഞ്ചത്തുളവായ ദിവ്യൻ, ചൊല്ലുന്നതോ ഭക്തിമയസ്വരത്തിൽ ആനന്ദലബ്ധിക്കിനിയെന്തുവേണം?" എന്നു മഹാകവി വള്ളത്തോൾ പാടിയതുപോലെ, കർത്താവും കൃതിയും കഥാവസ്തുവും നന്നായിരുന്നാൽ ആനന്ദാനുഭൂതിയാണു് ഫലം. അതുതന്നെയാണ് ഉത്തമകാവ്യത്തിൽനിന്നുള്ള രസാനുഭൂതി. വാച്യാത്ഥത്തെമറച്ചു് വ്യംഗ്യാത്ഥത്തിൽനിന്നുമാത്രം രസാനുഭൂതി ഉണ്ടാകുമ്പോഴാണു് അത്തരം കവിതകൾ ഉത്തമകാവ്യങ്ങളെന്നു പറയപ്പെടുന്നതു്. അതുകൊണ്ടു് യഥാർത്ഥ മിസ്റ്റിക്ക് കവിതകളെല്ലാം ഉത്തമ കാവ്യകോടിയിൽ ഉൾപ്പെടുന്നു എന്നുള്ളതിനു് പക്ഷാന്തരമില്ല. ഇത്തരം കാവ്യങ്ങൾക്കുള്ള പ്രധാനമെച്ചം ആകർഷണീയമായ ആവരണംകൊണ്ടു് സാധാരണ ജനത്തിൾക്കും താല്പര്യം വരുത്താൻ സാധിക്കും എന്നുള്ളതാണു്. പഞ്ചസാര പൊതിഞ്ഞുകൊടുക്കുന്ന ഔഷധംപോലെയാണു് ഇതിന്റെ ഫലം.

മിസ്റ്റിക്കു് കവിത എഴുതുന്നതു് ക്ഷിപ്രസാദ്ധ്യമാണു് എന്നു കരുതുന്ന ചില ആധുനിക കവികൾ ഇപ്പോൾ ആവിർഭവിച്ചിട്ടുണ്ടു്. ഒരു പൂനിലാവുള്ള രാത്രിയും മനോഹരമായ പൂങ്കാവും മണമുള്ള മന്ദമാരുതനും, കുളിർമയുള്ള ഒരു കൽത്തറയും പ്രേമവിവശയായ ഒരു കാമിനിയും കിട്ടിക്കഴിഞ്ഞാൽ അവക്ക് മിസ്റ്റിക്കു്കവിതയെഴുതാൻ വേണ്ട സാമഗ്രിയായി. അടുത്തുണ്ടാകുന്ന കാമുകന്റെ വികൃതികളാണു് കാവ്യത്തിനു മാററുകൂട്ടുന്നതു്. കാമുകൻ പുലമ്പുന്നതൊക്കെ അസ്പഷ്ടമായിരിക്കണമെന്നു് നിർബ്ബന്ധമുണ്ടു്. അതിനാലാണു് മിസ്റ്റിസിസം അടങ്ങിയിരിക്കുന്നതു്. അത്തരം പ്രലപനങ്ങൾ മനസ്സിലാകുന്നില്ലെങ്കിൽ അതു് ജീവാത്മാവിന്റേയും പരമാത്മാവിന്റേയും കാര്യമാണ് എന്നു പറയും. അതു് മനസ്സിലാകുന്നില്ല എന്നു പറഞ്ഞാൽ മിസ്റ്റിക്ക കവിത ഇങ്ങനെയൊക്കെ ഇരിക്കും. അതു മനസ്സിലാക്കാൻ പ്രത്യേക സാമത്ഥ്യംവേണം എന്നു പറയും. ചുരുക്കിപ്പറഞ്ഞാൽ ദാതൃഹസന്ദേശംപോലെ ഒരു കൃതിയുടെ ആവശ്യം ഇപ്പോഴത്തെ മിസ്റ്റിക്ക കവിതയ്ക്കും വന്നുചേന്നിട്ടുണ്ടു്.

"പ്രാംശുലഭ്യേ ഫലേമോഹാദു്
ഉദ്ബാഹുരിവവാമനഃ"

എന്ന കാളിദാസസൂക്തം അധുനാതനരായ മിസ്റ്റിക്കു് കവിതളെപ്പററി ചിന്തിക്കുമ്പോൾ നാം ഉദ്ധരിച്ചുപോകും.

കാമുകീകാമുകന്മാരുടെ വർണ്ണനകളിൽ ജീവാത്മാപരമാത്മാക്കളുടെ ഭാവം പ്രതിഫലിപ്പിക്കുന്ന ഉത്തമകാവ്യങ്ങൾ ഇല്ലാതില്ല. ജയദേവരുടെ ഗീതാഗോവിന്ദത്തിലും വിദ്യാപതിയുടെ പദാവലിയിലും പലയിടത്തും അതിന്റെ മാതൃക കാണാം.

ഇന്നത്തേക്കാര്യങ്ങൾചൊല്ലുന്നതെന്തുഞാൻ
കണ്ണന്റെ ദുഷ്കൃതി ചൊല്ലാവല്ലേ
"നീരിൽനിന്നെൻതോഴിമുങ്ങിക്കുളിച്ചുഞാൻ
നേരിയമുണ്ടുമായ്കേറിടുമ്പോൾ

നാണമില്ലാത്തൊരഗ്ഗോപാലബാലനെ
കാണാറായ്മുന്നിൽഞാനെന്തുചെയ്‌വൂ
ഊറനാംവസ്ത്രത്തിലൂടെനിതംബത്തെ
കാറൊളിവൎണ്ണൻകണ്ടീടായ്‌വാനായ്
വേഗത്തിൽഞാൻകചഭാരത്തെപ്പിന്നോട്ടായ്
ഭാഗിച്ചുമൂടിക്കളഞ്ഞപോലെ
കണ്ണിണകൊണ്ടുടനെന്മാറിൽമാധവൻ
തിണ്ണംനുകൎന്നുതുടങ്ങിദുഷ്ടൻ
പിമ്പുതിരിഞ്ഞുഞാൻതാഴത്തിരുന്നിട്ടു
വമ്പനഗ്ഗോപാലൻനോക്കിനിന്നു"

രാധാമാധവന്മാരുടെ ലീലാവിലാസങ്ങൾ വൎണ്ണിക്കുന്ന പ്രസ്തുത ഘട്ടത്തിൽ പരമാത്മാവിന്റെ നിരങ്കുശമായ ചൈതന്യം സൎവ്വ ചരാചരങ്ങളിലും വ്യാപിച്ചിരിക്കുന്നു എന്നും യാതൊരു തടവും മറവും അതിനു പ്രതിബന്ധമല്ല എന്നും ഉള്ള വേദാന്തതത്വമാണ് ഇവിടെ അവിഷ്കരിച്ചിരിക്കുന്നതു്. അതുകൊണ്ടുതന്നെയാണ് വിദ്യാപതി

"നീയൊരുമുഗ്ദ്ധയാംബാലികതന്നെയ-
ന്നീരിലേയ്ക്കൂന്നുടൻചാടിയില്ല"?

എന്നു രാധയോടു ചോദിക്കുന്നതു് ജലത്തിനുള്ളിലും പരമാത്മചൈതന്യത്തിനു് എത്തുവാൻ സാധിക്കും എന്നുള്ളതാണ് ഇവിടെ ഗോപനംചെയ്തിരിക്കുന്നതു് നിഗൂഢാൎത്ഥപ്രധാനമാണ് എന്നു നിൎവ്വചിക്കുന്നതും ശരിയല്ല. ഗൂഢാൎത്ഥം പലതരത്തിലുണ്ടു്.

"മരീചിയേവം പറയുമ്പൊഴാസ്യം
നമിച്ചുതാതന്റെ സമീപദേശേ
കരത്തിലെത്താമരതൻ ദളങ്ങൾ
ഗണിച്ചുകൊണ്ടങ്ങനെ ഗൗരിനിന്നാൾ"

ഇവിടെ വിവാഹനിശ്ചയത്തിനു് ആലോചിക്കുവാൻ വന്ന മുനി ഹിമവാനോടു സംസാരിച്ചു കൊണ്ടുനില്ക്കവേ അടുത്തുകേട്ടുകൊണ്ടുനിന്ന പാൎവ്വതിയുടെ അവസ്ഥയാണ് വൎണ്ണനാവിഷയം. ഇവിടെ വാച്യാൎത്ഥം താമരദളങ്ങൾ എണ്ണി എന്നാണെങ്കിലും പാൎവ്വതിയുടെ ലജ്ജാഭാരത്തെയാണ് വ്യംഗ്യമൎയ്യാദയാനിഗ്രഹനം ചെയ്തിരിക്കുന്നതു്. ഇതു് കേവലം വ്യംഗ്യപ്രധാനമാകയാൽ ഇവിടെ മിസ്റ്റിസിസത്തിനു് സ്ഥാനമില്ല. ഇതുപോലെ പറയുകയാണെങ്കിൽ

"കറുത്തിരുണ്ടവൻ കണ്ണുരണ്ടുള്ളവൻ
കടിക്കുമ്പോൾ മുറി രണ്ടു് (പാക്കുവെട്ടി)

പെട്ടി പെട്ടി ശിങ്കാരപ്പെട്ടി പെട്ടിതുറക്കുമ്പോൾ കായംമണക്കും (പഴംചക്ക)

എന്നുതുടങ്ങിയ കടംകഥകളുംഗൂഢാൎത്ഥപ്രധാനമായതുകൊണ്ടു് അവയേയുംമിസ്റ്റിക്ക് കവിതയിൽ ഉൾപ്പെടുത്തേണ്ടിവരും.

അതുകൊണ്ടു് വ്യംഗ്യപ്രധാനവും ഗൂഢാൎത്ഥകവുമായ കവിതകളോ കടംകഥകളോ ഒന്നുംതന്നെ മിസ്റ്റിക് കവിതകളിൽ ഉൾപ്പെടുത്താവുന്നതല്ല.

ആധുനിക കാലത്തെ മിസ്റ്റിസിസത്തിന്റെ പോക്കു് എങ്ങോട്ടാണു് എന്നു ഇനിയും നിശ്ചയമായിട്ടില്ല. ഏതായാലും ഒരു കാൎയ്യം പ്രത്യേകം ഓൎമ്മിക്കേണ്ടതുണ്ടു്. കവിതാരാമത്തിലെ പാരിജാതപുഷ്പമായ മിസ്റ്റിസിസം കാമദേവാൎച്ചനയ്ക്കുള്ളതല്ല എന്നും നേരെമറിച്ചു വാമദേവാൎച്ചനയ്ക്കുള്ളതാണെന്നും ആധുനിക കവികൾ വിസ്മരിച്ചു പോകുന്നതു് പരിതാപകരമാണു്.

---

പുതിയ
ഭക്ഷ്യപാകവിധി.
1-ം, 2-ം ഭാഗങ്ങൾ.
പലഹാരപദാൎത്ഥങ്ങൾ 173 വിധം ഉണ്ടാക്കേണ്ടും ക്രമം വിവരിക്കുന്ന പുസ്തകം.
വില 1 ക. 2 ണ.
ഹനുമന്ത ആരൂഢശാസ്ത്രം,
അവരവരുടെ ഗുണദോഷങ്ങളറിവാനുള്ള എളുപ്പവഴി. കോപ്പി വില 4 ണ.
വി. പി. മൂലം എഴുതുക:-
N. G. S. Iyer, P. O. Thiruvachira,
Via, Kallai, S Malabar.

ചെറുകഥ.

# ആ കൊച്ചുകുടിലിൽ

(വള്ളംകുളം പി. ജി. പിള്ള.)

അയാളുടെ മൂത്തമകൾ മരിച്ചു. 13 വയസ്സു പ്രായമുള്ള ആ പെൺകിടാവ് വാത്സല്യനിധികളായ മാതാപിതാക്കന്മാരെ എന്നെന്നേക്കുമായി വിട്ടുപിരിഞ്ഞു; കൗമാരത്തിൽനിന്നും യൗവനത്തിലേക്കു കാലൂന്നിയ ആ ബാലിക ആ കുടിലിന് ഒരു കെടാവിളക്കായിരുന്നു. കൗമാരം യൗവനത്തിനു വഴി മാറിക്കൊടുക്കുന്ന ദശാസന്ധിയിലെത്തിയ മകളെക്കുറിച്ച് എന്തിനോ അവളുടെ പിതാവ് അഭിമാനം കൊണ്ടിരുന്നു.

പപ്പുനായർ അതും സഹിച്ചു. ഇനിയും ശേഷിച്ച മൂന്നു കുഞ്ഞുങ്ങളുടെ ജീവൻ നിലനിർത്തുന്നതിനുള്ള മാർഗ്ഗം എന്താണെന്നായിരുന്നു പപ്പുനായരുടെ ചിന്ത. ആ വിറകുവെട്ടുകാരനു യാതൊരു പിടിയും കിട്ടിയില്ല; മൂന്നു കുഞ്ഞുങ്ങൾക്കും പനിയാണ്. ഭാര്യ എഴുന്നേല്ക്കുവാൻ ശക്തിയില്ലാതെ കിടപ്പിലാണ്. ചക്രം ഉണ്ടെങ്കിലും അരി കിട്ടുകയില്ല. ആരും സഹായവുമില്ല!

അനതിദൂരസ്ഥങ്ങളായ ചില ഭൂതകാലസംഭവങ്ങളിലേക്കു പപ്പുനായരുടെ സ്മരണാമണ്ഡലം ഇഴഞ്ഞിഴഞ്ഞെത്തി. വിവാഹം. അന്നത്തെ ആഹ്ലാദപ്രകടനങ്ങൾ! സുഹൃത്തുക്കളുടെ ആത്മാർത്ഥമായ സഹകരണങ്ങൾ ചെണ്ടകൊട്ട്,-പൂമാല-കുരവയിടീൽ- ആർപ്പുവിളി-ഘോഷയാത്ര- സദ്യ-അങ്ങനെ വിവാഹം പൊടിപൊടിച്ചു.

പട്ടിണിയിലും പകർച്ചവ്യാധിയിലും കൂടിയാണ് ജീവിതം നിരങ്ങിനീങ്ങുവാൻ പോകുന്നതെന്ന് പപ്പുനായർ അന്ന്—തെല്ലും വിചാരിച്ചില്ല. പലജോലികൾ അയാൾ ചെയ്തുനോക്കി. ഒന്നിലും രക്ഷയില്ല. എല്ലുനുറുങ്ങി പണിചെയ്താൽ കഷ്ടിച്ച് ഒരുച്ചാൺവയറു നിറയ്ക്കാം. നാലുകുഞ്ഞുങ്ങളും ഭാര്യയും ഉൾപ്പെടെ ആറുപേർക്ക് ജീവിക്കണം. എന്തുചെയ്യും! പട്ടിണികിടക്കുകയേ നിർവാഹമുള്ളു. ഒരുകുട്ടിമരിച്ചു. മററു കുട്ടികൾ മരണത്തിന്റെ വായിലേക്കു ഇഴഞ്ഞുകയറുകയാണ്! പാവം!!.

ദീർഘനിശ്വാസങ്ങളുടേയും ദീനനാദങ്ങളുടേയും നിലയനമായിരുന്ന ആ വീട്ട് ഭാര്യയെ ഏല്പിച്ച് പപ്പുനായർ അന്നും വിറകുവെട്ടുവാൻ പോയി. ജീവിതത്തിന്റേയും മരണത്തിന്റേയും നടുവിൽ തങ്ങിനിൽക്കുന്ന പിഞ്ചുപൈതങ്ങളെ ചുററുമിരുത്തി ആർത്തിയ നിലവിളിക്ക് ആശ്വാസം പറഞ്ഞ് ആ മാതാവ് കഴിഞ്ഞുകൂട്ടുകയാണ്. ഒരുപിടി അരിയിട്ട് കഞ്ഞിവച്ച് അതിന്റെവെള്ളം മരണത്തിന്റെ മടിയിൽ കിടക്കുന്ന തന്റെ കുഞ്ഞുങ്ങൾക്കു കൊടുക്കുവാൻ സാധിക്കാതെ വന്നതിൽ ആ മാതൃഹൃദയം ഖേദിച്ചു. ആ പെററ തള്ളയുടെ മനസ്സ് അനുനിമിഷം തകർന്നുകൊണ്ടിരുന്നു.

നാഴിഅരി വാങ്ങിക്കുവാനുള്ള മാർഗ്ഗങ്ങളെപ്പററി അവർ ചിന്തിച്ചു. ഒരുവഴിയും കണ്ടില്ല. റേഷൻ കിട്ടിയില്ല. കടയിൽചെന്നു പലപ്രാവശ്യം ഇരന്നു. ഫലപ്പെട്ടില്ല. ഗോതമ്പു മാത്രമേയുള്ളു. അരിയില്ലത്രേ. അയൽപക്കത്തുള്ള പല ധനിക ഭവനങ്ങളിലും അന്വേഷിച്ചു. അരി കിട്ടിയില്ല. കരിഞ്ചന്തയിൽ നെല്ലുകിട്ടും. പക്ഷെ പണമില്ല. അതി

നെന്താണുവഴി?

ജീവിതം ചിലപ്പോൾ ഭയങ്കരമായ ഘട്ടങ്ങളെ നേരിടേണ്ടിവരും. ജീവിതസമരത്തിൽ പോരാടിതളൎന്നു് ചിലപ്പോൾ അവശരായി എന്നുവരാം. അപകടനിലയിൽ കിടക്കുന്ന കുഞ്ഞുങ്ങൾക്കു കഞ്ഞിവെള്ളം നൽകുവാൻ കഴിയാതെ വന്നപ്പോൾ ആ മാതാവിനുണ്ടായ ദുഃഖം അവൎണ്ണ്യവും അചിന്ത്യവുമായിരുന്നു. വിൽക്കുവാനോ പണയം വക്കുവാനോ ജംഗമസാധനങ്ങൾ പോലുമില്ല. അരയിൽ ഒരു അരഞ്ഞാണമുണ്ട്. അതു മാത്രമേ വിലപിടിപ്പുള്ളതായി ആ വീട്ടിലുള്ളു. അതു അഴിച്ചു പണയം വയ്ക്കുവാൻതന്നെ നിശ്ചയിച്ചു. തീ പറക്കുന്ന ഉച്ചക്കൊടുംവെയിലിൽ- കമ്പോളം മുഴുവൻ അലഞ്ഞുതിരിഞ്ഞപ്പോൾ ഒരു കടക്കാരൻ ദയതോന്നി ആ അരഞ്ഞാണം വാങ്ങി അഞ്ചു രൂപാ കൊടുത്തു. രൂപാ കിട്ടിയ സന്തോഷം വളരെ ആയിരുന്നെങ്കിലും അഞ്ചു രൂപാ നോട്ടു മുറിച്ചു കുട്ടികൾക്കു കൊടുത്തു വിശപ്പടക്കുവാൻ സാധ്യമല്ലല്ലോ. പ്രകാശം മങ്ങി. ഇരുളു പരക്കാൻ തുടങ്ങി. ഉദിച്ചുവന്ന ചന്ദ്രനെ കാർമേഘങ്ങൾ മറച്ചുകളഞ്ഞു. ചുവന്ന മേഘങ്ങൾ മാത്രം കൊലപാതകികളെപോലെ ആകാശത്തു നടക്കുന്നുണ്ട്.

രാത്രിയാണെന്നുള്ള ഭയം അവശ്യക്കാരിയായ ആ സ്ത്രീക്കു ഉണ്ടായിരുന്നില്ല. കൈയിൽ കിട്ടിയ അഞ്ചു രൂപയുംകൊണ്ട് ആ പാവപ്പെട്ട സ്ത്രീ അടുത്ത ഒരു ധനികഗൃഹത്തിൽചെന്നു ഒരുപറ നെല്ലുവാങ്ങി —അഞ്ചു രൂപാവിലയ്ക്കു്!

ആൎത്തിയോടുകൂടി സംതൃപ്തയായ ആ മാതാവു് സ്വഗൃഹത്തിലേക്കു ഓടി.

"ആരതു്?" ഒരു ഗർജ്ജനസ്വരം; അവൾ നടുങ്ങി. ആ വഴിയിൽ സ്തംഭിച്ചു നിന്നുപോയി. "ഞാനൊരു പാവം ആണു്" അവൾ അറിയാതങ്ങിനെ പറഞ്ഞുപോയി.

രണ്ടു പോലീസു് കാൺസ്റ്റബിൾസ് അടുത്തു വന്നു. ആ മദ്ധ്യവയസ്കയെ അടിമുടി ഒന്നു പരിശോധിച്ചു. "നിന്റെ കൈയിലെ ഈ കെട്ടു് എന്താണു്?" ആ ഉദ്യോഗസ്ഥന്മാർ ആരാഞ്ഞു.

അവൾ പരുങ്ങി.

പോലീസുകാർ ആ പൊതി പിടിച്ചു വാങ്ങി പരിശോധിച്ചു.

"നെല്ല്" ഇതെവിടെ കിട്ടി? സാത്ഭുതം ആ അധികാരികൾ ചോദിച്ചു.

"ഞാൻ വിലയ്ക്കു വാങ്ങിയതാണു്. എന്റെ മൂന്നു കുഞ്ഞുങ്ങൾ മരിക്കാറായി കിടക്കുന്നു. പൊന്നങ്ങുന്നന്മാരെ ദയവുചെയ്തു വിട്ടയയ്ക്കണമേ" ആ സ്ത്രീ കേണപേക്ഷിച്ചു.

"ശരി, കള്ളി" കരിഞ്ചന്ത! നടക്കടി സ്റ്റേഷനിലേക്ക്!! പോലീസുകാരൻ ആ സ്ത്രീയെവലിച്ചിഴച്ചുകൊണ്ടു മുന്നോട്ടുപാഞ്ഞു. ആ ഭയങ്കരമായ ഇരുളിൽകൂടി ആ സ്ത്രീയെ പോലീസുകാർ കൊണ്ടുപോയി.

III

പിന്നെയും നേരം വെളുത്തു. പൂ വിടൎന്നു. കിളി പാടി. അങ്ങിനെ പ്രകാശത്തിന്റെയും സന്തോഷത്തിന്റെയും ചിഹ്നങ്ങൾ പതിവുപോലെ കണ്ടുതുടങ്ങി.

വികാരസ്തബ്ധയായി തകൎന്ന ഹൃദയത്തോടും തളൎന്ന ശരീരത്തോടുംകൂടിയ വിറകുവെട്ടുകാരന്റെ ഭാൎയ്യ ആ കുടിലിൽ വെറും തറയിൽ നീണ്ടുനിവൎന്നു കിടക്കുകയാണു്. ആ ശരീരത്തിനു ചലനമുണ്ടെങ്കിലും ശബ്ദിക്കുന്നില്ല. കുഞ്ഞുങ്ങൾ ഞരങ്ങുന്നുണ്ടു്. കരച്ചിലിന്റെ ശബ്ദം വെളിയിലേക്കു വരുന്നില്ല. കുറച്ചു സമയം അങ്ങിനെ കഴിഞ്ഞു. ആ മാതാവു കിടന്നിടത്തുനിന്നു് എഴുന്നേറ്റു. അവളുടെ ചെമ്പിച്ച മുടികൾ അഴിഞ്ഞു് മുഖത്തു ചിന്നിച്ചിതറി കിടപ്പുണ്ടു്. കണ്ണുകൾ ചുവന്നിരിക്കുന്നു. മുഖത്തു ഒരു ഭ്രാന്തിയുടെ ലക്ഷണമാണു്. ഭയവും ധീരതയും സന്തോഷവും ദുഃഖവുമെല്ലാം മാറിമാറി ആ

മുഖത്തു പ്രത്യക്ഷപ്പെടുകയും അപ്രത്യക്ഷപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. ഏററവും മൂത്തകുഞ്ഞിനെ തോളിലെടുത്തുകൊണ്ടു അവൾ മുററത്തിറങ്ങി. ഒരു കറുത്ത പൂച്ച കുറുക്കെ അതിലെ ഓടിപ്പോയി. മരക്കൊമ്പിലിരുന്ന പക്ഷി ഉറക്കെ ചിലച്ചുകൊണ്ടു് പറന്നുമാറി. അവൾ ആ കുഞ്ഞിനെ തുറിച്ചുനോക്കി. അതിന്റെ ഒട്ടിയ കവിളിൽ നൂറുരു ചുംബിച്ചു. അതിനെ മാറോടു ചേർത്തണച്ചു. വീണ്ടും ആ കുഞ്ഞിനെ തുറിച്ചുനോക്കി.

വിറകുവെട്ടുകാരൻ അതുവരെയും വന്നുചേർന്നിരുന്നില്ല. അല്പസമയം ആ സ്ത്രീ ആകാശത്തിലേക്കു മിഴികളുയർത്തി ചിന്താനിരതയായി നിന്നു. കൈയിലിരുന്ന കുഞ്ഞിനെ അല്പം അകററിപ്പിടിച്ചു് ഒന്നുകൂടി സൂക്ഷ്മാവലോകനം ചെയ്തു.

"ഞാൻ എന്തിനുവേണ്ടി എങ്ങിനെ നിന്നെ വളർത്തണം..............ഹാ..........ഹാ ......ഹാ" വികാരഭരിതയായി അവൾ ചിരിച്ചു. ഇല്ല, മരിക്കണം. ഞാനും നീയും മരിക്കണം. എന്റെ വയററിൽ പിറന്ന നീ നിർഭാഗ്യയാണു്. മരിക്കണം മുഴുവൻപേരും മരിക്കണം. അവന്റെ നീതി............ അതു മാത്രം ജീവിക്കട്ടെ" ആ മാതാവു് പിറുപിറുത്തുകൊണ്ടു് ആ കുഞ്ഞിനേയുമെടുത്തു് മുന്നോട്ടുകുതിച്ചു. കിണറിന്റെ വക്കുവരെ.

"ഹാ......ഹാ..........ഹാ..........". അട്ടഹാസം "ബ്ളും" ഒരു ശബ്ദം ......... ആ കുഞ്ഞിനെ ആ സ്ത്രീ കിണററിലേക്കു എറിഞ്ഞു. ഭ്രാന്തിയെപ്പോലെ അവൾ ഇളകിചാടി. അടുത്ത കുഞ്ഞിനേയും അവൾ എടുത്തു. പിന്നത്തേതിനേയും, അങ്ങിനെ മൂന്നു കുഞ്ഞുങ്ങളേയും അവൾ കിണററിലെറിഞ്ഞു. അവൾ കിണററിലേക്കു നോക്കിനിന്നു. ഒരു ചെറിയ മന്ദഹാസത്തോടുകൂടി അവൾ വിദൂരതയിലേക്കു നോക്കി" അവളുടെ കണ്ണുകളിൽ രക്തകണങ്ങൾ പൊടിച്ചു.

തോളിൽ മഴുവും തൂക്കി കൈയിൽ ഒരു പൊതിക്കെട്ടുമായി ദൂരെനിന്നും ആ വിറകുവെട്ടുകാരൻ വരുന്നുണ്ടു്. പാവം! പപ്പുനായർ കുഞ്ഞുങ്ങൾക്കു് വെള്ളം കൊടുക്കുവാൻ അരിയുംവാങ്ങിക്കൊണ്ടു് എവിടെനിന്നോ വരികയാണു്. അവർ പരസ്പരം കണ്ടു. കിണറിന്റെ വക്കിൽ മുമ്പെങ്ങും കണ്ടിട്ടില്ലാത്ത ഭാവഭേദത്തോടു ഭാര്യ നിൽക്കുന്നു!

ഹാ! ഒരു അലർച്ചയോടുകൂടി അവൾ കിണററിലേക്കു മറിഞ്ഞു.

"അയ്യോ" എന്നു നിലവിളിച്ചുകൊണ്ടു പപ്പുനായർ അവിടേക്കു പാഞ്ഞു.

---


വാങ്ങുവിൻ! വായിപ്പിൻ!!

തിരുവല്ലാ മഹാക്ഷേത്രത്തിന്റെ സ്ഥലപുരാണം അസ്പദമാക്കി

സ്വതന്ത്രമായി രചിച്ചിട്ടുള്ള

# ശ്രീവല്ലഭചരിതം

ലഘുകാവ്യം വിലരൂപാ ൧ മാത്രം.

വിദ്വാൻ, വി. കൃഷ്ണൻനമ്പൂതിരി, M. R. A. S.

തുകലശ്ശേരി, തിരുവല്ലാ A. O. & P. O.

# ചില അപൂർവ്വൌഷധങ്ങൾ,

മനുഷ്യൻ മുൻകാലങ്ങളിലെ ആഹാരക്രമങ്ങളിലും ജീവിതരീതികളിലും നിന്നു് ഇന്നത്തെ പരിതഃസ്ഥിതികളുടെ സുശക്തമായ പ്രേരണമൂലം വളരെ അകന്ന ഒരു മാർഗ്ഗത്തെ അവലംബിക്കാൻ നിർബ്ബന്ധനായി ഭവിച്ചതിനാൽ, മനുഷ്യന്റെ ശരീരത്തിനും ശരീരത്തെ ബാധിക്കുന്ന രോഗങ്ങൾക്കും പണ്ടത്തേതിൽനിന്നു വ്യത്യസ്തമായ ഒരു സ്വഭാവം സംഭവിച്ചിരിക്കുന്നു എന്നു് വൈദ്യബുദ്ധിയില്ലാത്തവർക്കും കുറച്ചൊന്നാലോചിച്ചാൽ മനസ്സിലാക്കാൻ സാധിക്കുന്നതാണു്. ഈ യാഥാർത്ഥ്യത്തെ, ചികിത്സാമാർഗ്ഗത്തിലുള്ള ചിരകാലപരിചയത്തിൽനിന്നും ശരിക്കു മനസ്സിലാക്കി, ആ അടിസ്ഥാനത്തിൽ തയാറാക്കിയിട്ടുള്ളതും അവിരളമായ ഫലത്തെ പ്രദാനംചെയ്യുന്നതുമായ ചില വിശിഷ്ടൗഷധങ്ങളാണു് ഞങ്ങൾ ഇതിനടിയിൽ ചേർത്തിരിക്കുന്നതു്.

**ഗുരുകല്പം:** മധുരരസത്തോടുകൂടിയ എല്ലാം മൂത്രദോഷങ്ങൾക്കും ആരംഭക്ഷയത്തിനും
(30 നേരം— 16 ദിവസ-ത്തേക്കുള്ള) കുപ്പി 1-ക്കു വില — രൂ. 5

**കല്പരേണു,** മധുരരസം ഒഴിച്ചുള്ള എല്ലാ മൂത്രദോഷങ്ങൾക്കും ഗർഭാശയരോഗങ്ങൾക്കും ശുക്ലസ്രാവം, അസ്ഥിസ്രാവം എന്നിവയ്ക്കും
(40 നേരം—20 ദിവസ-ത്തേക്കുള്ള) കുപ്പി 1-ക്കു വില — രൂ. 5

**കനകകാന്തം:** മേല്പറഞ്ഞ രോഗികളുടെ മൂർദ്ധന്യനിലയിൽ ഗുരുകല്പത്തോടും കല്പരേണുവിനോടുംകലർന്നു സേവിക്കാവുന്നതും, വാതക്കഴപ്പ്, വായുകോപം, ഗ്രഹണി സംബന്ധമായ രോഗങ്ങൾ എന്നിവയ്ക്കു തനിയേ സേവിക്കാവുന്നതും
(30 നേരത്തേക്കുള്ള) പാക്കററ് 1-ക്കു വില — രൂ. 4.

**സിദ്ധകല്പം.** എല്ലാ ധാതുക്കളുടേയും മൂത്രാശയത്തിന്റേയും ബലക്ഷയത്തെ നീക്കുന്ന സിദ്ധരസായനം. ഏററവും ഫലപ്രദമായ ഇൻഡ്യൻ ടാണിക്ക്.
സ്ത്രീകൾക്കും പുരുഷന്മാർക്കും (40 നേരത്തേക്കുള്ള) ടിൻ 1-ക്കു വില — രൂ. 3½

**സോമകല്പം.** പഴയ ജ്വരം, ഗർഭാശയരോഗങ്ങൾ, വാതം, ചുമ, അഗ്നിമാന്ദ്യം, ഇവയ്ക്കും പ്രസവാനന്തരം ഈ രസായനം സേവിച്ചാൽ വേറെ "പേററുചികിത്സ" നടത്തേണ്ടതില്ല. ആ പ്രസവത്തിൽ നിന്നും നേരിട്ട അകത്തെയും പുറത്തെയും കുറവുകൾ സവിശേഷം പരിഹരിക്കപ്പെട്ടുകയും ചെയ്യും.
അര റാത്തൽ ടിൻ 1-ക്കു വില — രൂ. 3.

ഇവ കൂടാതെ വേറേയും പല മരുന്നുകളുണ്ടു്. രോഗവിവരം വിശദമായി അറിയിച്ചാൽ ഉചിതമായ മരുന്നു് അയയ്ക്കുന്നതാണു്.

കമ്പനി വക എല്ലാ ഔഷധങ്ങളുടേയും വിശദവിവരങ്ങൾ ഗുരുകല്പം എന്ന ഞങ്ങളുടെ പ്രസിദ്ധീകരണത്തിന്റെ അനുബന്ധത്തിൽ അടങ്ങിയിട്ടുണ്ടു്. കുത്തിവയ്പിന്റെ ദോഷവശങ്ങളെ പൌരസ്ത്യശാസ്ത്രം അനുസരിച്ചു നിരൂപണം ചെയ്തു് യുക്തിയുക്തമായി സമർത്ഥിച്ചിട്ടുള്ള പ്രബന്ധവും അതിൽ അടങ്ങിയിട്ടുണ്ടു്. ഗുരുകല്പം എന്ന പ്രസ്തുത പുസ്തകം, ആവശ്യക്കാർക്കു വിലകൂടാതെ അയച്ചുകൊടുക്കുന്നതാണു്.

മേൽവിലാസം:—

## ഗുരുകല്പം ഫാർമസ്യൂററിക്കൽ കമ്പനി

കൊട്ടാരക്കര (TRAVANCORE)

# യമുനാതീരത്തിൽ

(കവിയൂർ എം. ജി.)

ഗദ്യകവിത.

ദേവ!

മരതകവർണ്ണൻെറ മുരളികാകളഗീതം മാറെറാലിക്കൊള്ളുന്ന കൈവല്യകേദാരത്തിൽ:-
വിൺതണൽ വിരിപ്പിൽ വിശ്വസൌന്ദര്യം നിഴലിക്കുന്ന വിശുദ്ധ സങ്കേതത്തിൽ:-
പ്രേമത്തിൻെറ മധുരസന്ദേശം ഒലിപരത്തുന്ന പുണ്യാശ്രമത്തിൽ:-
അഹിംസയുടെ കാൽച്ചിലമ്പൊലികൾ മുഴങ്ങുന്ന മണിക്കോവിലിൽ;-
അതേ ആ യമുനാതീരത്തിൽ
എരിഞ്ഞുയരുന്ന ചന്ദനച്ചിതയിൽ അന്ത്യവിശ്രമം വരിക്കുന്ന

സ്നേഹഗായക!

ആ പാവന പാദപത്മങ്ങളിൽ ഇതാ വിശ്വം ബാഷ്പാഞ്ജലി അർപ്പിക്കുന്നു.

ത്യാഗമൂർത്തേ!

നിത്യതയുടെ ഉജ്ജ്വലതയെ ആലേഖനം ചെയ്യുന്ന നിശ്ചലഗംഭീരനായ ഹിമവാൻ,
അനന്തതയുടെ അഗാധതയെ അളക്കുന്ന വിശാലസുന്ദരമായ മഹാസാഗരം,
മർത്ത്യതയുടെ നിസ്സാരതയെ ഉല്ലേഖനം ചെയ്യുന്ന പ്രശാന്തമോഹനമായ നീലാകാശം,
അതേ—അങ്ങയുടെ ഉപാസകർ
കൈക്കുമ്പിൾ തളികകളിൽ ബാഷ്പോപഹാരവുമേന്തി തിരുവടിയുടെ ഭൌതിക ശരീരം ഒരുനോക്കുകാണുവാൻ— ആത്മാർപ്പണം ചെയ്യുവാൻ — വികാരവിവശരായി
വിനയപൂർവ്വം കാത്തുനില്ക്കുന്നു.
അഷ്ടധർമ്മത്തിൻെറ സാരസർവ്വസ്വം എരിഞ്ഞുരുകുന്ന ആ ചെന്തീച്ചിതയിൽ
ശ്യാമസുന്ദരിയായ ഭാരതാംബയുടെ ദിവ്യാത്മാവ്
നീറിദ്രവിക്കുന്ന ആ പട്ടടയിൽ
ഇതാ വിശ്വസത്യം മിന്നി മിന്നിത്തിളങ്ങുന്നു.
ആ വെൺതരിമുത്തുകൾ,
ചക്രവാളസീമകൾക്കപ്പുറം
ഒളിപരത്തുന്നു. വിശുദ്ധിചേർക്കുന്നു. വിജ്ഞാനംപൂശുന്നു.
നിർമ്മലപ്രകാശമേ! സത്യപ്രദീപമേ!
തരൂ! ഞങ്ങൾക്കു മുക്തിതരൂ!

മഹാത്മസത്തമ!

ആ അധരങ്ങൾ.
ഗീതയോതിയ, വിപ്ലവസന്ദേശംപാടിയ, സഹനമന്ത്രമുച്ചരിച്ച
ആ അധരങ്ങൾ,
അപകടത്തിൽ ആശ്വാസമരുളിയ, യാതനയിൽ പൂനിലാവുവർഷിച്ച,
അവശതയിൽ ആത്മധൈര്യമാശംസിച്ച,

അന്ധതയിൽ വിജ്ഞാനമലരുകൾപൊഴിച്ച, ആ അധരങ്ങൾ,
ഇല്ല, ഇനിച്ചലിക്കയില്ല.!

രാഷ്ട്രപിതാവേ!

ആ കൈയുകൾ,
ഭാരതഭൂപ്പാരിൽതേരുതെളിച്ച,
ഭാരതാംബയുടെ ദാസ്യശൃംഖലവെട്ടിമുറിച്ച,
പ്രകൃതിമാതാവിന്നു സ്വാതന്ത്ര്യമകുടംചൂടിച്ച,
ആ കൈയുകൾ,
ആർത്തരെത്താലോലിച്ച,
അവശരെത്തലോടിയ,
അടിമകളെയുദ്ധരിച്ച,
ആ കൈയുകളതാ കൂമ്പുന്നു.
ആത്മജ്യോതിസ്സിന്റെമുൻപിൽ,
പ്രകാശംവിതറുന്ന കൈവല്യസത്തയുടെപാദങ്ങളിൽ,
ആനന്ദംവർഷിക്കുന്ന നിത്യശാന്തിയുടെമുൻപിൽ,
ആത്മോപഹാരപൂർവ്വമർപ്പിച്ച ആ കൂപ്പുകൈപ്പൂമൊട്ട്,വിരിയും
ശാന്തിസൗന്ദര്യംവീശും
സ്നേഹസൗരഭ്യംവിതറും
സമത്വാമൃതംവർഷിക്കും.

സത്യപ്രകാശമേ!

അന്ധകാരത്തിൽമുങ്ങിയ,ഹിംസയിൽമുഴുകിയ
വിശ്വത്തിനുകാണിക്കവെച്ച ആ വാടാത്തപുഷ്പം,—
അഹിംസയുടെ ഉദയത്തിൽവിടൎന്ന ആ പ്രേമസൂനം—
ത്യാഗത്തിന്റെപൂനിലാവേററുപുളകംകൊണ്ട —
ആ പുണ്യപ്രസൂനം —
സത്യത്തിന്റെപൂന്തെന്നൽതലോടലിൽ ഹർഷ-
മാൎന്ന ആ കൈവല്യകുസുമം,
ആശയും ആശ്വാസവുംനിറയുന്ന,
ശാന്തിയും സംതൃപ്തിയുംവഴിയുന്ന,
പ്രേമവും ഭക്തിയും പുലരുന്ന,
സമത്വവും സാഹോദൎയ്യവും വിലസുന്ന,
പ്രപഞ്ചക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു പൂജിക്കട്ടെ!
ആത്മജ്ഞാനമുദിക്കട്ടെ!
ആനന്ദം നുകരട്ടെ!

——:o:——

# പലോമർ ദൂരദർശിനി

അഥവാ

# അനന്തദർശിയായ ആസുരലോചനം.

(എം. കെ. രാമകൃഷ്ണൻനായർ ബി. എ. എൽ.ററി.)

ഒരു വാച്ചിൻറത്രമാത്രം വലിപ്പമുള്ളതും ആകാശമാസകലം കൺമുമ്പിലെത്തിക്കാൻ ശക്തിയുള്ളതുമായ ഒരു ദൂരദശിനിയെപ്പററി വിഭാവനം ചെയ്യുക. അതാണ് കാലിഫോർണിയായിൽ പലോമർ പവ്വതപ്രാന്തത്തിൽ സ്ഥാപിക്കുവാൻ തീച്ചയാക്കിയിരിക്കുന്ന ആ സുരലോചനം.

ഈ ദൂരദർശിനിച്ചില്ലിൻെറ പണി ഒരു ഗവേഷണശാലയിൽ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നതേയുള്ളു. പലോമർ ഉന്നതപീഠത്തിൽ ഈ ചില്ലു കയററിവയ്ക്കുവാനുള്ള ഉപകരണത്തിന് 500 ടൺ ഭാരമുണ്ട്. യന്ത്രത്തിൻെറ പണി പൂത്തിയായാലുടനെതന്നെ ചില്ല് തീവണ്ടിമാർഗ്ഗം അവിടെയുള്ള രജതനക്ഷത്രബംഗ്ലാവിലേക്ക് ആനയിക്കപ്പെടും.

പലോമർ ഉന്നതപീഠത്തിന് 5500അടി ഉയരമുണ്ട്. അതിനാൽ വ്യോമനിരീക്ഷണങ്ങൾക്ക് ഏററവും സൗകയ്യമുള്ള സ്ഥലമാകുന്നു. മാത്രമല്ല പട്ടണപ്രാന്തങ്ങളിൽ നിന്നും പലോമർ വളരെ അകലത്തിൽ സ്ഥിതിചെയ്യുന്നതിനാൽ വിളക്കുകളുടേയും മററും പ്രകാശംകൊണ്ടുള്ള ഉപദ്രവവും ഉണ്ടാകുവാനിടയില്ല. ഈ പവ്വതത്തിൻെറ മുകൾഭാഗത്തെത്തുന്നതിന് നല്ല റോഡുകൾ ഉള്ളതിനാൽ സഞ്ചാരസൗകയ്യവും ലഭിക്കുന്നു.

ഏകദേശം 80 ശാസ്ത്രജ്ഞന്മാരെയാണ് ഇതിൻെറ ആവശ്യത്തിലേക്കായി നിയോഗിച്ചിട്ടുള്ളതു്. ടെലിഫോൺ, റേഡിയോ ആദിയായ ആധുനികോപകരണങ്ങളും അവക്ക് നൽകിയിട്ടുണ്ട്.

കാൾട്ടക്ക് എന്ന സ്ഥലത്തുള്ള ഒരു മുറിക്കകത്തുവച്ചാണ് ഈ കണ്ണാടിച്ചില്ലിൻെറ മിനുക്കുപണി പൂത്തിയാക്കിവരുന്നതു്. മുറിക്കകത്തു സന്ദർശകരെ പ്രവേശിപ്പിക്കാറില്ല. എന്നാൽ സന്ദർശകക്കായി അകലെ ഒരു പ്ലാററുഫാറം ഒരുക്കിയിട്ടുണ്ട്. അവിടെ നിന്നുകൊണ്ടു കട്ടിയേറിയ കണ്ണാടിയിൽകൂടി ഉള്ളിലേക്കു നോക്കിയാൽ ആ സുരലോചനം കാണാം. സന്ദർശകരുടെ ശരീരത്തിലെ ചൂടു ചില്ലിനു കുഴപ്പമുണ്ടാക്കുമെന്നു കരുതി അതിൻെറ പണി പൂത്തിയായിക്കഴിഞ്ഞാൽപോലും അവരെ അതിനടുത്തുപോകുവാൻ അനുവദിക്കുന്നതല്ല.

1936-ൽ ആണ് ഇതിൻെറ പണി കാൽട്ടയിൽ ആരംഭിച്ചതു്. ഈ ചില്ല് നിമ്മിക്കുന്നതിനു് ഏകദേശം 5 ടൺ കണ്ണാടി മിനുക്കിയെടുക്കേണ്ടതായി വന്നിട്ടുണ്ട്. ഉപയോഗത്തിനു ഒരുക്കിക്കഴിഞ്ഞാൽ ശാസ്ത്രജ്ഞന്മാർ ഖഗോളചിത്രങ്ങളെടുത്തു് ശാശ്വതരേഖകൾ നിമ്മിക്കുന്നതാണ്.

അനേകം ശാസ്ത്രജ്ഞന്മാരുടെ അതിതീവ്രമായ പ്രയത്നവും അനേകലക്ഷം ഡാളർ പണവും വ്യയംചെയ്തു് നിമ്മിച്ചിട്ടുള്ള ഈ പലോമർ ദൂരദർശിനിമൂലം മനുഷ്യസമുദായത്തിനു ലഭിക്കുവാൻപോകുന്ന നേട്ടമെന്താ

യിരിക്കാം- പല അഭിപ്രായങ്ങളുമുണ്ടെങ്കിലും ഭൂമിയിൽനിന്നും ഇതഃപര്യന്തം നോട്ടം എത്താത്ത ദൂരഗോളത്തിലേക്ക് ഈ ദൂരദർശിനിയിൽ കൂടി നോക്കുമ്പോൾ കാണുന്നതെന്താണെന്നു പ്രവചിക്കുവാൻ ശാസ്ത്രജ്ഞന്മാർ ആഗ്രഹിക്കുന്നില്ല.

ചൊവ്വായിൽ പ്രജ്ഞയുള്ള ജീവജാലങ്ങൾ സ്ഥിതിചെയ്യുന്നുവോ എന്നുള്ളതു് എഴുപതിൽപരം വർഷങ്ങളായി ശാസ്ത്രജ്ഞന്മാരുടെയിടയിൽ വാദവിഷയമായ ഒരു സംഗതിയാണു്", ഡാക്ടർ എഡ്‌വിൻ പി. ഹബ്ബിളി (Dr. Edwin P. Hubble)ന്റെ അഭിപ്രായത്തിൽ ആസൂരലോചനം ഇതിനൊരു തീരുമാനം ഉണ്ടാക്കുന്നതാണു്.

മററു പല പ്രശ്നങ്ങൾക്കും ഉത്തരം കണ്ടെത്തിയേക്കാം. നക്ഷത്രരാശികൾ സീമയററു സ്ഥിതിചെയ്യുന്നുവോ? അഥവാ അതിനു് ഒരു അതിർത്തിരേഖ കണ്ടെത്താവുന്നതാണോ? ഭൂമിയിൽ നിന്നും നക്ഷത്രങ്ങൾ അതിവേഗത്തിൽ പുറകോട്ടു സഞ്ചരിക്കുന്നതായി തോന്നുന്നതിന്റെ ശരിയായ വ്യാഖ്യാനമെന്താണു്? അതു് യഥാർത്ഥത്തിലുള്ള വേഗം തന്നെയോ? അതോ കാഴ്ചയ്ക്കുമാത്രം തോന്നിക്കുന്നതോ? ഇതുവരേയും അജ്ഞാതമായി സ്ഥിതിചെയ്തിരുന്ന നക്ഷത്രഗോളങ്ങൾ നിർണ്ണയിക്കാൻ സാധിക്കുമോ? ആ നക്ഷത്രങ്ങളുടെ വലുപ്പമെന്തായിരിക്കാം? എത്രമാത്രം പ്രകാശം അവ വർഷിക്കുന്നുണ്ടു്. ഭൂമിയിൽ കണ്ടെത്തുന്നതിനുമുമ്പു തന്നെ 'ഹീലിയം' സൂര്യനിൽ കണ്ടെത്തിയതുപോലെ നൂതനപദാർത്ഥങ്ങൾ മററു ഗ്രഹങ്ങളിൽനിന്നും അറിയുവാൻ സാധിക്കുമോ? ശാസ്ത്രജ്ഞന്മാർ ഇനിയും ഈ ചോദ്യങ്ങൾക്കു ഉത്തരം കണ്ടുപിടിച്ചിട്ടില്ല. 600000 പ്രകാശവർഷത്തിനപ്പുറം എത്തിനോക്കുന്നതിനുപോലും മനുഷ്യനു് ഇതഃപര്യന്തം സാധിച്ചിട്ടില്ല. പലോമർ ദൂരദർശിനി ഒരുപക്ഷെ ഈ സംഖ്യ ഇരട്ടിച്ചേക്കാം.

ഒരു പ്രകാശവർഷമെന്നതു് ഒരു വർഷംകൊണ്ടു് പ്രകാശത്തിനു സഞ്ചരിക്കാവുന്നത്ര മൈലുകളാകുന്നു. അതു് 6,000,000,000,000 മൈലാണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. പലോമർ നക്ഷത്രബംഗ്ലാവിൽനിന്നും ശാസ്ത്രജ്ഞന്മാർക്കു് ഈ ദൂരദർശിനിമൂലം കാണാൻ കഴിയുന്ന ദൂരം 6,000,000,000,000,000,000 മൈൽ ആയിരിക്കും.

## സ്വന്തം പ്രസ്താവന.

ഞങ്ങളുടെ വി. വി. പ്രസ്സിലെ ഒഴിക്കാൻപാടില്ലാത്ത ചില അച്ചടിജോലിക്കൂടുതൽനിമിത്തമാണു് 'വിദ്യാഭിവർദ്ധിനി' മാസികയുടെ മീനം മേടം ലക്കം ഒരുമിച്ചു പുറപ്പെടുവിക്കാനും, കാലതാമസം വരുവാനും ഇടയായതെന്നുള്ള വിവരം ഖേദപൂർവ്വം അറിയിച്ചുകൊള്ളുന്നു.

വരിസംഖ്യ യഥാകാലം അടയ്ക്കാതെ ചില വരിക്കാർ ഞങ്ങളെ വിഷമിപ്പിക്കുന്നുണ്ടു്. അവരിൽനിന്നും കുടിശിഖ വരിസംഖ്യ ഈടാക്കാൻ നിർബന്ധിതരായിതീർന്നിരിക്കുന്നു. അനാവശ്യനഷ്ടത്തിനു ഇടവരുത്തുകയില്ലെന്നു വിശ്വസിക്കുന്നു.

മാനേജർ:

# കൃഷ്ണലീല

## — തിരുവാതിരക്കളി —

(ര. മ)

സാമ്യമകന്നോരുദ്യാനം—എന്നമട്ടിൽ
ചൊല്ലി ചുവടുവച്ചു കളിക്കുക.
(പൂർവ്വകല്യാണി-രാഗം)

പല്ലവി.

ഉണ്ണികൃഷ്ണൻ:-
"അമ്മേ! വിശന്നു, നല്ലോണം,
-എനിക്കു വേഗം-
അമ്മിഞ്ഞി തരിക വേണം.

അനുപല്ലവി

"ഉണ്മാനെനിക്കുലേശം,
ചെമ്മേ, രുചിയില്ലിപ്പോൾ,
സമ്മോദത്തോടെ മുല-
സമ്മാനിക്കുകവേണം- (അമ്മേ)

ചരണങ്ങൾ

1

"ഉച്ചെട്ടനുമാതാവന്നേരം,
-മുലയും നൽകി-
കെട്ടുവാൻ പുലിനഖവും,
പട്ടുമിതാ കൊടുത്തു,
പാദസരവും ചേർത്തു,
തുഷ്ടിയോടെന്തോ, കളി-
പ്പാട്ടവും കൊടുത്തല്ലോ- (അമ്മേ)

2

"കുട്ടികളെല്ലാപേരും,—
ചൂരല്യമന്തി —
ഇഷ്ടമായ് വന്നിനിച്ചേരും;
കഷ്ടം; ഇന്നു ഞാൻമാത്രം,
പട്ടിണിയായീവണ്ണം,
കഷ്ടപ്പെടുവതിന്നാ —
യിട്ടു പോകണമെന്നോ?— (അമ്മേ)

3

"ഉപ്പേരി, പപ്പടം, ചോറും—
-പൊതിഞ്ഞുകെട്ടി-
അപ്പികൾ വന്നിങ്ങുകേറും;
അപ്പോളിക്കുഞ്ഞുമാത്രം,
അപ്പാടിരിക്കുന്നതാകിൽ,
എന്തപ്പരും കുട്ടികൾക്കു—
ധിക്ഷേപമായിത്തീരും— (അമ്മേ)

II

(മദ്ധ്യമാവതി—രാഗം)

യാമി യാമി—എന്നമട്ടിൽ ചൊല്ലി, ചുവടു
വെച്ചു കളിക്കുക.

പല്ലവി.

യശോദ:—
"കണ്ണനുണ്ണി, കരയരുതേ,
-ഏവംവിധം-
ഉണ്ണുവാനിരിക്ക സുമതേ!

ചരണങ്ങൾ

"വെണ്ണനെയ്യും പാലുംകൂട്ടി,
തിണ്ണമിതാ ഞാനുരുട്ടി
അന്നനുള്ളതിലിരട്ടി,
കിണ്ണമതിൽ, കാൺക, കുട്ടി — (കണ്ണ)

2

"പപ്പട, മപ്പവുമിന്നു—
പാപ്പവും, നീ മെല്ലെത്തിന്നു,
കോപ്പണിഞ്ഞു പിന്നെക്കന്നു-
മേപ്പതിന്നായ് പോകനന്നു — (കണ്ണ)

3

"അച്ഛനിപ്പോൾ വന്നുചേരും,
കൊച്ചുമുണ്ടും കൊണ്ടുവരും
നിശ്ചയം, നിനക്കുതരും,
അച്യുത, നിൻെറശാഠ്യംപോരും- (കണ്ണ)

4

"ചേട്ടനങ്ങു മുമ്പേതന്നെ,
കൂട്ടരോടുംകൂടി പിന്നെ,
കാട്ടിലേയ്ക്കായഹോ! നിന്നേ—
ക്കാട്ടി,ലിപ്പോൾപോകുംമുന്നേ- (കണ്ണ)

5

"കുട്ടനിപ്പോൾ ചോറുമുണ്ട്,
മുട്ടനാംചൂരലുംകൊണ്ട്,
ചേട്ടനെക്കാൾ മുമ്പേമുണ്ട-
കിട്ടുവാനായ് പോകവേണ്ട- (കണ്ണ)

(സുന്ദരിമാർമണി ബാണനന്ദിനി—എന്ന മട്ടിൽ)

III

ഗോപസ്ത്രീകൾ:—

"ഉണ്ണിയാകും കൃഷ്ണൻതന്റെ 'നാനാവിധ' മെല്ലാം
വർണ്ണിച്ചു പറവതിന്നശക്യമത്രേ!
അർണ്ണോജാക്ഷി, യശോദേ, നിന്നുണ്ണിയിപ്പോളേററം
പെണ്ണുങ്ങൾക്കു പരിതാപം നൽകീടുന്നു.
കണ്ണനുള്ള ദുശ്ശീലത്തെ, ഖണ്ഡിയാഞ്ഞിലതു
ദണ്ഡമത്രേ ഗോപിമാർക്ക്, പുണ്യശീലേ...............

ഇരട്ടി:— കുസുമാമല സുന്ദരവദനേ, നന്ദജായേ, തവ
നന്ദനനുടെകളി നിന്ദിതമാണു; വലഞ്ഞുഞങ്ങൾ
മന്ദിരനിരകളിലിന്നവനെഴകൊടുവന്നുകേറിച്ചെയ്യും
അന്യായങ്ങൾ, കഥിപ്പതുമെന്തു? കണക്കില്ലേതും.

........................... ചട്ടി കലം പാത്രങ്ങളുമെന്നുവേണ്ട, കയ്യിൽ—
കിട്ടിയതശേഷമിവൻ പൊട്ടിക്കുന്നു.
അഷ്ടിക്കു വകയില്ലാതെ ഞങ്ങളെല്ലാംമേലിൽ
പട്ടിണിയായ്ത്തീരുമയ്യോ! പത്മനേത്രേ!.................

ഇരട്ടി:— കുട്ടികളിങ്ങനെ കുസൃതികളധികം കാട്ടിയെന്നാലതു
കൊട്ടിയമർത്തണമച്ഛനുമമ്മയുമെന്നുകേൾപ്പൂ
കട്ടിനിശാകരശോഭനേനിടിലേ, നിന്റെപുത്രൻമാത്രം
തുഷ്ടിയോടിങ്ങനെ കട്ടുകവർന്നുനടക്കുന്നോ?

........................... പാലും നെയ്യുമിരിക്കുന്ന പാത്രംപോലുമിവൻ
കോലുകൊണ്ടുകുത്തിച്ചോർന്നിക്കഷ്ടം! കഷ്ടം!
പാലവേളുജിപ്പു, പിന്നെപൂച്ചകൾക്കുംനൽകി,
ബാലനോടിയൊളിക്കുന്നു കാണുന്നേരം...................

ഇരട്ടി:— നീലപയോധരനിർജ്ജിതവേണി, നിർമ്മലാംഗിനിന്റെ
കാലിണ ഞങ്ങൾ പണിഞ്ഞീടുന്നേൻ ലോലാപാംഗി;
കാലവിളംബനമരുതിനിയേതും, കല്യാണാംഗി നിന്റെ
ബാലകനുള്ളൊരു കുസൃതികളൊക്കെ ഒഴിച്ചീടേണം"

—പാരിജാതം—

——:o:——

ചെറുകഥ.

# സഹാനുഭൂതി

വിദുഷി എം. തങ്കമ്മമാലിക്കു്. (സംസ്കൃതി)

പ്രൊഫസർ ചന്ദ്രശേഖരൻ! ആ പേർ കേട്ടിട്ടില്ലാത്തവർ ബോംബെയിൽ ചുരുങ്ങും. ഒന്നാംതരം ഫുട്ട്ബോൾ ചാമ്പ്യൻ, പണ്ഡിതൻ, വിമർശകൻ, ചിന്തകന്, ഏതാണ്ടു് മുപ്പത്തു മുപ്പത്തിരണ്ട വയസ്സിൽ കൂടുതൽ പ്രായമില്ല. ദിനചര്യ, വ്യായാമം ഇവയിൽ കൃത്യനിഷ്ഠ പാലിക്കുന്ന ഒരാളാണദ്ദേഹം.

മി. ചന്ദ്രശേഖരൻ തൻെറ മുറിയിൽ ചിന്താധീനനായിരിക്കയാണു്. മുൻപിൽ കുറച്ചു കടലാസും പേനയും ഇരിപ്പുണ്ടു്. അദ്ദേഹത്തിനു് ഒരു കവിത എഴുതണം. ഒരു നല്ല കവികൂടിയായ പ്രൊഫസർക്കു് എന്തുകൊണ്ടോ ഇന്നു കവിത വരുന്നില്ല. ആകാശം മേഘാച്ഛന്നമാകുന്നതു് അദ്ദേഹം നിർന്നിമേഷം ജന്നലിൽകൂടി നോക്കിയിരിക്കയാണു്. ഹൃദയത്തിൽ ഊക്കേറിയ ഒരു തട്ടേററതുപോലെ പെട്ടെന്നു് അദ്ദേഹം ഒന്നു ഞെട്ടി. അതേ, ഒരു രൂപം അദ്ദേഹമതാ മനോദർപ്പണത്തിൽകൂടി ദർശിക്കുന്നു. "ഏതാണ്ടു് 18 വയസ്സായ ഒരു കോമളാംഗി! ബാററുമായി തന്നോടുകൂടി സൈക്കിളിൽ കാളേജ് വളപ്പിലേക്കു് ഉല്ലാസമായിപ്പോകുന്ന ആ ദൃശ്യം! പത്തുവർഷത്തിനുമുമ്പുള്ള അതേദൃശ്യം. സന്ധ്യാവേളയിൽ തോളോടുതോൾചേർന്നു് കടപ്പുറത്തു് നർമ്മസല്ലാപംചെയ്തുകഴിയുന്ന അടുത്ത കാഴ്ച! അവിവേകിയായ തൻെറ യുവഹൃദയം ചാപല്യത്തിനു് അടിമപ്പെടുന്ന മൂന്നാമത്തെ സീൻ. "ഞാൻ ഗർഭിണിയാണു്, എൻെറ അല്ല, നമ്മുടെ അഭിമാനം രക്ഷിക്കാനായി ഉടനെ എന്നെ വിവാഹംചെയ്യണെ" എന്നുള്ള അവളുടെ ദയനീയയാചന, തൻെറ വിരസത അഥവാ ഭീരുത്വം, അവസാനം കടലിൽ നിന്നും മുക്കുവന്മാർ കരകയററിയ ആ മൃതദേഹം, സുകുമാരിയായ കമല!" പ്രൊഫസർ വീണ്ടും വീണ്ടും ഞെട്ടുന്നു. "ഈ നശിച്ച സ്മരണ ഇന്നു് യാദൃശ്ചികമായി എൻെറ ഹൃദയത്തിൽ എന്തിനുദിച്ചു? ഹാ! കമലേ! നിന്നോടുചെയ്ത വഞ്ചനയ്ക്കു് പ്രായശ്ചിത്തമായി ഞാനിതാ അവിവാഹിതനായി നാൾകഴിക്കുന്നു." അദ്ദേഹം പിറുപിറുത്തു.

ജന്നലിൻറടുത്തു് എന്തോ ഒരു രൂപം ചലിക്കുന്നതുകണ്ടു അദ്ദേഹം അങ്ങോട്ടു നോക്കി. "യാചകി" വെറുപ്പോടെ മന്ത്രിച്ചു. പക്ഷേ അദ്ദേഹത്തിനു തൻെറ ജിജ്ഞാസയെ ശമിപ്പിക്കാൻ സാധിച്ചില്ല. അങ്ങോട്ടു വീണ്ടും നോക്കി. അർദ്ധനഗ്നയായ ഒരു സ്ത്രീ. ഒന്നര, രണ്ടുവയസ്സു് പ്രായംവരുന്ന ഒരു കുട്ടി അവളുടെ നഗ്നമായ സ്തനം പാനംചെയ്യുന്നു. യൗവനം അതിൻെറ പ്രാരംഭാവസ്ഥ തരണംചെയ്തിട്ടേയുള്ളു എന്നു് അവളുടെ ബലിഷ്ഠമായ അംഗങ്ങൾ കണ്ടാൽ മനസ്സിലാകും. ചന്ദ്രശേഖരൻെറ കവിഹൃദയം പ്രഫുല്ലമായി. വർണ്ണ്യവിഷയം സജീവമായി ഇതാ തൻെറ കൺമുൻപിൽ നിൽക്കുന്നു! കവിതയ്ക്കു വിഷയം ലഭിച്ചു. അദ്ദേഹം ആ യാചകിയുടെ പ്രത്യംഗം പരിശോധിച്ചു. ആ മാന്യൻ നിർദ്ദയം തന്നെ ഇപ്രകാരം തുറിച്ചുനോക്കുന്നതു കണ്ടു് അവൾ അല്പം ലജ്ജിതയായി. തോളിൽതൂങ്ങുന്ന കീറപ്പഴന്തുണികൊണ്ടു് നെഞ്ചുമറച്ചിട്ടു് നിശ്ശബ്ദം അവൾ കൈനീട്ടി

"ഭിക്ഷകൊടുക്കുക!" അദ്ദേഹം ചിന്തിച്ചു "ഈ നാൾവരെയും ഭിക്ഷക്കാരെ വെറുക്കയും, അവരെ ഒന്നടങ്കം നശിപ്പിക്കയും ചെയ്യണമെന്നു വാദിച്ചിരുന്ന ഞാൻ ഭിക്ഷ കൊടുക്കുകയോ? അദ്ദേഹം വീണ്ടും ആ സ്ത്രീയേയും പൈതലിനേയും നോക്കി. സുന്ദരമല്ലെങ്കിലും ഒട്ടും വിരൂപമല്ലാത്ത അവളുടെ മുഖം? ഏതോ ഒരു പൂർവ്വസ്മരണക്കധീനനായി അദ്ദേഹം പതിവിനു വിപരീതമായി തന്റെ പോക്കററു് ഒന്നു പരിശോധിച്ചു. കഷ്ടം! നോട്ടുകളല്ലാതെ അവിടെ ചില്ലറ ഒന്നുമില്ലായിരുന്നു! അങ്ങനെ പറഞ്ഞു് അവളെ യാത്രയാക്കാൻ വിചാരിച്ചു. പക്ഷെ പെട്ടെന്നു തന്റെ മേശയുടെ ഡ്രായിൽ കിടക്കുന്ന ഒരു പൊട്ടുരൂപായുടെ സ്മരണയുണ്ടായി. പൊട്ടപ്പണം പകുതി വിലയ്ക്കെങ്കിലും ചെലവാക്കാൻ ഭിക്ഷക്കാർ അതിസമർത്ഥരാണെന്നു അദ്ദേഹം കേട്ടിട്ടുണ്ടു്. മേശതുറന്നു് ആ കള്ള രൂപ എടുത്തു് അദ്ദേഹം അവളുടെ നേരെ നീട്ടി. "ഒരു രൂപ ഭിക്ഷ ലഭിക്കുക!" അവൾക്കതു് വിശ്വസിക്കാൻ കഴിഞ്ഞില്ല. എങ്കിലും കൈയ് അവളറിയാതെതന്നെ ആ രൂപ സ്വീകരിച്ചു. ശരീരമാസകലം ഒന്നു കോരിത്തരിച്ചു ആ വെള്ളിരൂപയുടെ സ്പർശനമാത്രയിൽ രണ്ടുദിവസമായി അവളും ശിശുവും പട്ടിണിയാണു്. ആ പട്ടിണിയുടെ കേടുതീർക്കാൻ ഈ രൂപ ധാരാളം മതിയാകും! കൃതജ്ഞതാപൂർവ്വം അവൾ ദാതാവിനെ ഒന്നു നോക്കി. പക്ഷെ അദ്ദേഹത്തിന്റെ മനസ്സിടിച്ചുകൊണ്ടിരുന്നു. അവൾ കല്ലിലോ തറയിലോ അടിച്ചു് രൂപ പരിശോധിച്ചാലോ? ഒന്നുമുണ്ടായില്ല. ആ യുവതി അതിവേഗം തനിക്കു കിട്ടിയ നിധിയുമായി നടന്നുപോയി.

വഴിമദ്ധ്യേ അവൾ ചിന്തിച്ചു:— "ആ ഹൽവാക്കടയിൽതന്നെ ഞാനിതു കൊണ്ടുപോകും. ഞങ്ങളുടെ നല്ലകാലത്തു് വളരെ ബഹുമാനമായി പെരുമാറിയിരുന്ന ആ പലഹാരക്കച്ചവടക്കാരൻ എന്റെ കുഞ്ഞിന്റെ അച്ഛൻ മരിച്ചു് ഞാൻ അനാഥസ്ഥിതിയിലായെന്നറിഞ്ഞപ്പോൾ മുതൽ എന്നെ ചതിക്കാനാലോചിക്കുന്നു. അവന്റെ ഭാര്യയും മരിച്ചിരിക്കയല്ലേ. ഞാൻ അവളെക്കാൾ എത്രയോ ചെറുപ്പം, എത്രഭേദം. അവനു് എന്നെ വിവാഹംചെയ്തുകൂടെ? അതിനു തയാറില്ല. തെണ്ടിത്തിന്നു്, പട്ടിണികിടന്നു് മരിച്ചാലും ഞാനവനു് വശംവദയാകയില്ല. ഹാ! ആ മനുഷ്യൻ എത്ര ദയാലു! എത്രയോ നാൾകൂടിയാണു് ഞാനൊരു രൂപാ കാണുന്നതു്! ഒരക്ഷരംപോലും ചോദിക്കാതെ ഒരു രൂപ എടുത്തിട്ടുതന്നു! ഇത്ര ഔദാര്യം മററാരെങ്കിലും കാട്ടുമോ?"

അവൾ ഹൽവാക്കടയുടെ മുൻപിൽ ചെന്നുനിന്നു. ഒരുപററം വിദ്യാർത്ഥികൾ പീടികക്കാരനെ ചുററി നില്പുണ്ടു്. നല്ല ചൂടുള്ള ഹൽവാ അവൻ ഓരോരുത്തർക്കും നൽകുന്നു. യുവതി അഞ്ചുപത്തു മിനിട്ടു് കാത്തുനിന്നു. പക്ഷേ വിശപ്പും കൊതിയും അധികം കാത്തുനില്ക്കാൻ അനുവദിച്ചില്ല. "നാലണയ്ക്കു് ഹൽവാ തരൂ. ഒട്ടും കുറയരുതു്" അവൾ അല്പം ഗർവ്വത്തോടെ പറഞ്ഞു "മാറി നില്ലെടീ അവിടുന്നു്, കളിക്കാതെ" കടക്കാരൻ ഗർജ്ജിച്ചു.

"ഒരു സ്ത്രീയല്ലേ, അല്പംകൂടെ മര്യാദയ്ക്കു് സംസാരിക്കണം" ഒരു യുവാവു് പറഞ്ഞു. "നാലുകാശും കൈവശമില്ലാതെയാണു് സാറെ അവൾ വന്നിരിക്കുന്നതു്. മിനിഞ്ഞാന്നിതുപോലെ വന്നു. രണ്ടണയ്ക്കു് ഹൽവാ ഞാൻ തൂക്കിപ്പൊതിഞ്ഞു കെട്ടിക്കൊടുത്തപ്പോൾ കടംപറയുന്നു. ഇവൾ തൊട്ടതു് പിന്നെ വേറെ ആരെങ്കിലും വാങ്ങുമോ?" കടക്കാരൻ ന്യായവാദം ചെയ്തു.

"രണ്ടാണ്ടിനു മുമ്പിൽ ഈ തീണ്ടലും തൊടീലുമില്ലായിരുന്നല്ലോ, ഇന്നു തന്റെ പുണ്യത്തിനുവേണ്ടി, ഇന്നാ പണം" സഗർവ്വം

യുവതി രൂപ അവൻെറ മുമ്പിൽ വെച്ചുകൊടുത്തു. "ഈ ഭിക്ഷക്കാരിക്കു് ഈ രൂപ എവിടുന്നുകിട്ടി? തീർച്ചയായും ചാരിത്ര്യം വിററുതന്നെ" എന്നു ചിന്തിച്ചുകൊണ്ടു് അയാൾ രൂപ കൈയിലെടുത്തു. "വേഗമാകട്ടെ" അവൾ ധൃതികൂട്ടി. അയാൾ രൂപാ പരിശോധിക്കാനായി തറയിലടിച്ചു. കോപവും പരിഹാസവും ആ തടിച്ച മുഖത്തെ കുറേക്കൂടി വികൃതമാക്കി. ആ കപ്പടാമീശ ഓരോന്നും വിറച്ചു. "എടീ! നീ ഒട്ടും ചില്ലറക്കാരിയല്ലല്ലോ. കള്ളരൂപയുമായി ഈ എന്നെ മിരട്ടാനിറങ്ങിയിരിക്കുന്നോ" എന്നു ചോദിച്ചുകൊണ്ടു് അയാൾ രൂപ റോഡിലേക്കു വലിച്ചെറിഞ്ഞു. അവിടെ നിന്നിരുന്ന യുവാക്കൾ ഏകാങ്കനാടകം കണ്ടു് പൊട്ടിച്ചിരിച്ചു. യുവതിയുടെ ആത്മാഭിമാനം ക്ഷതപ്പെട്ടു. ശിരസ്സ് കുനിഞ്ഞു. മെല്ലെ രൂപ കയ്യിലെടുത്തു് എന്തെല്ലാമോ പിറുപിറുത്തുകൊണ്ടു് അവൾ നടന്നുപോയി.

* * * * *

ആഴ്ച ഒന്നുകഴിഞ്ഞു. പ്രൊഫസർ ചന്ദ്രശേഖരൻ കടപ്പുറത്തു് ഒഴിഞ്ഞ ഭാഗത്തിരുന്നു് കാററു കൊള്ളുകയാണു്. അദ്ദേഹത്തിൻെറ ചിന്ത ചിറകു വിതിർത്തു് അങ്ങിങ്ങു് പറന്നു വിഹരിക്കുന്നു. സന്ധ്യയായി, ആ മങ്ങിയ പ്രകാശത്തിൽ ആരോ ആ ഭാഗത്തേക്കു നടന്നുവരുന്നതു് അദ്ദേഹം കണ്ടു. അടുത്തുവരുന്തോറു അതൊരു സ്ത്രീയാണെന്നു മനസ്സിലായി. ആ പിച്ചക്കാരി അതേ—അതവളായിരുന്നു. കടന്നുപോകാതെ അവൾ അദ്ദേഹത്തിൻെറ മുമ്പിൽ വന്നുനിന്നു. കുട്ടി അവളുടെ നെഞ്ചിൽ ഉറങ്ങിയോ മയങ്ങിയോ കിടക്കുന്നുണ്ടു്. പെട്ടെന്നു് അദ്ദേഹത്തിനു് തെററു മനസ്സിലായി. ഒരപരാധിയെപ്പോലെ അദ്ദേഹം അവളെ നോക്കി. അവളുടെ ക്രുദ്ധ നയനങ്ങൾ കണ്ടു് അദ്ദേഹം നടുങ്ങി എങ്കിലും '.ഉം—എന്താ" എന്നു് പ്രൊഫർ അറിയാതെ ചോദിച്ചു. ആ കള്ളരൂപാ അദ്ദേഹത്തിൻെറ മുഖത്തേയ്ക്കു് വലിച്ചെറിഞ്ഞുകൊണ്ടു് അവൾ ഗർജ്ജിച്ചു—ഞാനൊരു പിച്ചക്കാരിയാണെന്നു കണ്ടു് കള്ളരൂപാതന്നു എന്നെ ചതിക്കാമെന്നുകരുതി അല്ലേ?

പ്രൊഫസരുടെ നെററി അല്പം മുഴച്ചു; വല്ലാതെ വേദനിക്കയുംചെയ്തു. പക്ഷേ അദ്ദേഹം ശിരസ്സു കമ്പിട്ടിരുന്നതല്ലാതെ ഒന്നും മിണ്ടിയില്ല. കഴിഞ്ഞ സംഭവങ്ങൾ അദ്ദേഹം സ്മരിച്ചു. ദീനനായി; അപരാധിയെപ്പോലെ, ആ ഒട്ടിയവയറുമായി തള്ളയുടെ നെഞ്ചിൽ കിടന്നു മയങ്ങുന്ന ശിശുവിനേയും, ഭയപരവശയായി, ഇനി എന്തു സംഭവിക്കാൻ പോകുന്നുവെന്നറിയാതെ വിഷമിച്ചുനില്ക്കുന്ന യുവതിയേയും അദ്ദേഹം മാറിമാറി നോക്കി. കുനിഞ്ഞു് ആ രൂപ കയ്യിലെടുത്തുകൊണ്ടു് സഹാനുഭൂതിയോടെ പറഞ്ഞു. "ഇതു് കള്ളരൂപയാണെന്നു് ഞാനൊട്ടമറിഞ്ഞിരുന്നില്ല. പാവം! ഇന്നൊന്നും കഴിച്ചിരിക്കയില്ല; അല്ലേ?" "ഉവ്വ്, രണ്ടുദിവസമായി അന്നം കണ്ടിട്ടു്," സജലനേത്രയായി അവൾ പ്രതിവചിച്ചു. "ഈ കുഞ്ഞും?" അദ്ദേഹം സാനുകമ്പം ചോദിച്ചു. "വിശപ്പുകൊണ്ടാണു് അവൻ മയങ്ങിപ്പോയതു്. കുടിക്കാൻ പാലുപോലുമില്ല." സഗൽഗദം പറഞ്ഞു. അദ്ദേഹത്തിൻെറ ദൃഷ്ടി അവളുടെ മുഖത്തുനിന്നും മററംഗങ്ങളിലേക്കു ചാഞ്ഞു. പക്ഷെ പെട്ടെന്നു് എഴുന്നേററുകൊണ്ടു പറഞ്ഞു: "പത്തുമിനിട്ടു കാത്തുനില്ക്കുക. ഞാൻ എന്തെങ്കിലും ആഹാരം വാങ്ങിക്കൊണ്ടിതാവരുന്നു" അദ്ദേഹം തൻെറ കോട്ടു് അവിടെത്തന്നെ ഇട്ടിട്ടു് സൈക്കിളോടിച്ചുപോയി. "കള്ളരൂപാ തന്നു് തന്നെ ഒരിക്കൽ വഞ്ചിച്ച യുവാവു് ഇനിയും കളിപ്പിക്കില്ലെന്നെങ്ങനെ അറിയാം?" അവൾ ചിന്തിച്ചു. പക്ഷെ ആ വിലകൂടിയ കോട്ടും, അതിൽ കിടക്കുന്ന ഫൗണ്ടൻപേനയും മററും അയാൾ ഉപേക്ഷിച്ചു പോകുമോ. അന്ധകാരം സർവ്വത്ര വ്യാപിച്ചു. കടപ്പുറം ശൂന്യമായി. അവൾക്കു പേടിതോന്നി. മെല്ലെ ചന്ദ്രനുദിച്ചുപൊങ്ങി, പതിനഞ്ചു മിനിററിനുള്ളിൽ പ്രൊഫസർ

അവിടെ മടങ്ങിവന്നു. സൈക്കിളിന്റെ പുറകിൽ നിന്നു ഒരുകെട്ടു് അഴിച്ചെടുത്തു ആ മണൽപ്പുറത്തുവച്ചു. അദ്ദേഹം പൊതിയഴിച്ചു പലതരത്തിലുള്ള പലഹാരങ്ങൾ! യുവതിക്കു തന്റെ കണ്ണുകളെ വിശ്വസിക്കാൻ തോന്നിയില്ല. "ഇവിടെയിരിക്കൂ" ചന്ദ്രശേഖരൻ ക്ഷണിച്ചു. അവൾ അവിടത്തന്നെ നിന്നതേയുള്ളു. പെട്ടെന്നു് അദ്ദേഹം എഴുന്നേററു് അവളുടെ തോളിൽ പിടിച്ചവിടെയിരുത്തി. ഇരുവരുടേയും ശരീരം കോൾമയിർക്കൊണ്ടു. അവൾ ഇതികർത്തവ്യതാമൂഢയായിരിക്കുന്നതു കണ്ടു് അദ്ദേഹം ഒരുകഷണം ജിലേബിയെടുത്തു് അവളുടെ വായിൽവെയ്ക്കാൻ ഭാവിച്ചു. അവൾ ലജ്ജിച്ചുപോയി; ചിരിച്ചുകൊണ്ടു് കൈയ് തട്ടിക്കളഞ്ഞു. ആ ചിരി! വെണ്മയായ ആ പല്ലുകൾ അവളുടെ മുഖത്തെ സൗന്ദര്യമുളവാക്കുന്നതായി അദ്ദേഹത്തിനു തോന്നി. മി. ചന്ദ്രൻ അവളോടു് ഒന്നുകൂടെ ചേർന്നിരുന്നു. ഇരുവരും പലഹാരങ്ങൾ ഭക്ഷിച്ചുതുടങ്ങി. ഉറങ്ങി തോളിൽകിടക്കുന്ന ശിശുവിനെ അവൾ ആ മണൽപ്പുറത്തു കിടത്തി. അവർ പലതും ചിരപരിചിതരെപ്പോലെ സംസാരിച്ചു. എണ്ണതേക്കാതെ പാറിക്കിടക്കുന്ന അവളുടെ തലമുടിയിൽ ചന്ദ്രശേഖരന്റെ വിരലുകൾ കളിച്ചു. അവളുടെ ശിഥിലമായ സൗന്ദര്യം മാദകമായ ആ വിദ്യാർത്ഥിജീവിതത്തിലെ കേളികളെ സ്മരിപ്പിച്ചു. ചന്ദ്രന്റെ കരങ്ങൾ ആ യുവയാചകിയുടെ ശരീരത്തിൽ പിണഞ്ഞു. "ഇന്നുമുതൽ നീ യാചകിയല്ല" അദ്ദേഹം മന്ത്രിച്ചു. അവൾ യാതൊന്നും പറയാതെ അദ്ദേഹത്തിന്റെ തോളിൽ ശിരസ്സുചായിച്ചു.

വർഷമൊന്നു കഴിഞ്ഞു. ആ യാചകി—മാധവി—ഇന്നൊരു ഭേദപ്പെട്ട ഗൃഹത്തിലാണു താമസം. അവൾ ഭിക്ഷക്കിറങ്ങാറില്ല. പക്ഷേ ഇന്നവൾ രണ്ടാമതൊരു ശിശുവിന്റെയുംകൂടെ മാതാവാണു്. രണ്ടാമത്തെ കോമളനായ ആ ബാലന്റെ പിതാവാരു്? ഈ ചോദ്യചിഹ്നം എല്ലാവരേയും തുറിച്ചുനോക്കിനിന്നു. എന്നാൽ മാധവിക്കല്ലാതെ മററാക്കും അതിന്റെ പൊരുൾ മനസ്സിലായിരുന്നില്ല! അവൾ മററാരേയും മനസ്സിലാക്കാൻ ശ്രമിച്ചതുമില്ല.

"ജയലക്ഷ്മി ആയുർവ്വേദഫാർമസി,"
ആലപ്പുഴ, തിരുവിതാംകൂർ.
പല്ലുകൾ സൂക്ഷിക്കുവിൻ.

## ജയലക്ഷ്മി പല്പൊടി.

പല്ലിന്റെ ഊനിൽ പഴുപ്പ്, രക്തച്ചൊരിച്ചിൽ. ഇളക്കം, പുളിപ്പു മുതലായ സകലവിധ ദന്തരോഗങ്ങളേയും വേരോടെ നശിപ്പിച്ചു, വായ്ക്കു് സുഗന്ധവും. രുചിയും പല്ലിന്നു് ഉറപ്പും ധാവള്യവും കൊടുക്കുന്നതു്.

പാക്കററു് ഒന്നുക്കു് രണ്ടണ. 100 പാക്കററിന്നു് 10 രൂപം. 50 പാക്കററിൽ കുറഞ്ഞു് വി: പി. അയയ്ക്കുന്നതല്ല.

II ഞങ്ങളുടെ ഗർഭരക്ഷാഗുളിക.

ഗർഭിണികൾക്കു ഉണ്ടാകാറുള്ള വായുക്ഷോഭം, ഛർദ്ദി, കൃമിയുപദ്രവം, നീരു്, ദഹനക്കുറവു്, ശോധനക്കുറവു് മൂത്രദുഷ്യങ്ങൾ, ഗർഭഛിദ്രം, ഗർഭശോഷം, മുതലായ സകലവിധ ഉപദ്രവങ്ങളേയും മാററി സുഖപ്രസവത്തേയും ആരോഗ്യത്തേയും. പ്രദാനംചെയ്യുന്ന ഒരു അനുഭവസിദ്ധൌഷധം.

60 ഗുളിക അടങ്ങിയ ഡപ്പി ഒന്നുക്കു് വില രൂപ ഒന്നരമാത്രം.

N. B. ഇവിടെ എല്ലാവിധ ആയുർവേദ ഔഷധങ്ങളും മിതമായ വിലയ്ക്കു വില്ക്കുന്നതും, രോഗവിവരം എഴുതി അറിയിച്ചാൽ ചികിത്സ നിശ്ചയിച്ചു് ഔഷധങ്ങൾ വി. പി. അയച്ചുകൊടുക്കുന്നതുമാണു്

വൈദ്യൻ, വി, കൃഷ്ണപിള്ള,
Reg: No. 567, Class A (Tr. M. P. Act)

# ത്രിജടയും സീതയും

(കീഴ്ക്കുളം എൻ. രാമൻപിള്ള, എം. ഏ.)

"ഇഷ്ടം ഞാൻ ചൊൽവതുകേൾക്കുകെൻസീതേ നീ
വിഷ്ടപത്തിനെല്ലാം രാജരാജൻ,
ദേവാധിനാഥനും കൈവണങ്ങിക്കൊള്ളും
രാവണൻ കാമാതിരേകോമളാംഗൻ
താണുമെന്നല്ലിഹ വീണും കേണും നിന്നോ
ടാണകളിട്ടുമപേക്ഷിച്ചിട്ടും
തെല്ലും കനിവുനീ കാണിച്ചതില്ലല്ലോ
കല്ലുകൊണ്ടോമനം ചൊല്ലുബാലേ!
കൈവന്നരത്നത്തെക്കേവലം വിട്ടേച്ചു
ഹാ! വെറുംകാചം കൊതിപ്പതെന്തേ?
കാടും മേടുംകേറി നിൻകഴൽപ്പങ്കജം
പാടേ തുടുത്തുവശമായല്ലോ
പുഷ്പങ്ങൾചിന്തിനപട്ടുവിരിപ്പിങ്ക-
ലർപ്പിക്കാനാഗ്രമില്ലേതെല്ലും?
പുഷ്പകമെന്നുപുകഴ്ന്നവിമാനത്തി-
ലെപ്പോഴും തേ സഞ്ചരിക്കാമല്ലോ
പാരിജാതപ്പൂക്കൾചൂഡയിൽചൂടീടാം
വാരിവാഹംതൊട്ടുംമേടപൂകാം
മൂല്യംമതിക്കാത്തതുമണിമാല്യങ്ങൾ
മാൽപോകുംമാറുനിൻമാറിൽച്ചേർക്കാം
നേക്കൊന്നുകൂടിനീയോർത്തിട്ടിതിൻതീർപ്പ്
തീർക്കുകിൽനന്നെന്നാണെന്റെപക്ഷം
ആ രാമനാരുനിൻ ചേതസ്സാംഭൃംഗത്തി—
ന്നാരാമനാരണ്യചാരിവീരൻ"

"ത്രിജടേ! നിൻപ്രഭപ്രൌഢിസമ്മാന്യം നിനക്കേവം
നിജമായ്ക്കടൽകാണാതുള്ളോരു കായൽപോലെ
മാനസസരസ്സിന്റെ മേന്മകളൊരുകൊക്കിൻ
മാനസം ധരിക്കുവാൻ സാധ്യമായ്വരില്ലല്ലോ
ആ രഘുചന്ദ്രന്റെയുമീരക്ഷോവരന്റെയും
പേരുകളൊന്നിച്ചിങ്ങു ചൊല്ലരുതിനിമേലാൽ
അല്ലെങ്കിൽപ്പറഞ്ഞോനീ നിൻജിഹ്വാസുധന്യമാ—
മല്ലോ ശ്രീ ദാശരഥിതൻചാരുനാമം ചൊന്നാൽ"
അത്രയ്ക്കുദ്വേഗം ഹാ! സൗഭാഗ്യക്കുമ്പോ ചൊ-
ല്ലത്രയ്ക്കുദ്വേഗം മഹസ്സിൻപൂണ്മപോ

ഒന്നാ നിൻപ്രേയാനെക്കാണുവാനെങ്ങിനെ—
യെന്നവൻവന്നീടുംനിന്നെത്തേടി?
ഏതുതാൻപാർത്താലും ലോകൈകമാന്യനായ്
ഖ്യാതിതേടുന്നോൻ ശ്രീ ലങ്കേശങ്കൽ
ഉൾപ്രിയമല്പവും ഏൽപ്പൂവിചേൽക്കാത്ത—
ത്യത്ഭുതമൈത്രയും ചിത്രശീലേ!
അക്കാര്യമോർക്കുമ്പോൾ മൈക്കണ്ണിയാളേ നിൻ
തൃക്കാമുകൻതന്നെവെക്കം കാണ്മാൻ
കുന്നിക്കുംകൌതുകമേറുന്നുണ്ടെന്നുള്ളി-
ലെന്നവൻവന്നീടും നിന്നെത്തേടി?"
രാക്ഷസനാരിമാരിൽ നീ മുക്താമണിയത്രേ
കാൽക്ഷണമെന്നാലുമീമാററമേററല്ലോ ചിത്തം
കുണ്ഠതവിട്ടാലുമാരൂപസൌന്ദര്യംവേഗം
കണ്ടിഹസമാഹ്ലാദമാണ്ടീടാം നമുക്കേററം"
"ഓമലേ, നൽകിനാവൊന്നുഞാനിന്നലെ
യാമാവസാനത്തിൽക്കണ്ടുമോദാൽ
ആയതുസത്യമായ് വന്നീടുമെന്നാകി—
ലായതനേത്രേ, നമുക്കുഭാഗ്യം.
താവകവല്ലഭൻസൈന്യവുമായ് കോപ
പൂർവ്വകംവന്നാനിങ്ങെന്നാണത്രേ.
നിൻപ്രാണാധാരത്തിൻ, കാന്തികേദാരത്തിൻ
സംപ്രീതചര്യകളേവമാമോ
ചേലിലിരുണ്ടു ചുരുണ്ട വാർകുന്തളം
നീലത്താർശ്യാമളകോമളാംഗം
ഏതേതുലോകവുമൊററനോട്ടംകൊണ്ടേ
സ്വാധീനമാക്കുംതൃക്കൺസരോജം
തെല്ലൊന്നിളക്കിയാൽസൃഷ്ടിസംഹാരങ്ങ—
ളെല്ലാംചെയ്യാനുമൊക്കുന്ന ചില്ലി
ആയിരംപീയൂഷരശ്മികളൊന്നിച്ചു—
ണ്ടായാലുംമായുംമുഖപ്രകാശം
ഇത്തരമാപാദശീർഷവുംശോഭനേ—
യുത്തരളാഭങ്ങളംഗകങ്ങൾ
ഉണ്മയിലേതാദൃശംനോക്കുവാനെന്നുട—
നെന്മിഴിരണ്ടുമുഴന്നുപോയി
പൂരുഷന്മാർകളിൽവർണ്ണവെന്നിങ്ങൊരു
പേരുള്ളതെത്രയുമർത്ഥഹീനം
ഇങ്ങനെഞാനൊരു ശൃംഗാരസാരത്തെ-
യെങ്ങുംകണ്ടിട്ടില്ലിന്നേവരയ്ക്കും"
ഇത്രയുമായവൾചൊന്നതുമൊന്നുള്ള—
പുത്രിയാൾമൂർച്ഛിച്ചുവീണതും ഹാ!
ഒന്നിച്ചെന്നായിനിശാചരിസംഭ്രമാൽ
ചെന്നെടുത്തൻപൂളുമ്പിക്കൊണ്ടാൾ.

# ടാഗോർ

(ജീവിത ചരിത്രം.)

(കളവങ്കോടം ബാലകൃഷ്ണൻ)

I

ഇന്ത്യയിലെ ജനബാഹുല്യമുള്ള പട്ടണങ്ങളിൽ പ്രധാനമായ ഒരു സ്ഥാനമുണ്ട്. കല്ക്കട്ടായ്ക്ക് ആ പട്ടണത്തിൻെറ നടുവിൽകൂടി—ജോറാസാങ്കോ (Jorasanko) ഡിസ്ട്രിക്ററിൽകൂടിയാണ്—ചിററ്പൂർ(Chitpore) റോഡ് തെക്കനിന്നും വടക്കോട്ടു പോകുന്നത്. വിവിധതരത്തിലുള്ള വാഹനങ്ങൾ എപ്പോഴും അങ്ങോട്ടുമിങ്ങോട്ടും ഓടിക്കൊണ്ടിരിക്കുന്നു. ആ തെരുവ് വിസ്താരമില്ലാത്തതാണെങ്കിലും അനവധി വ്യാപാരശാലകളുണ്ട്. ഇരുവശത്തുമായി പ്രഭാതംമുതൽ പ്രദോഷംവരെ ജനങ്ങൾ തിക്കിലും തിരക്കിലുംപെട്ട് ഒഴുകിക്കൊണ്ടിരിക്കുന്നു. ആ തെരുവിൻെറ ഒരു കോണിൽ സംഗീതോപകരണങ്ങൾ വില്ക്കുന്ന ഒരു കടയുണ്ട്. അവിടെനിന്ന് ഒരു ചെറിയപാത പ്രധാന തെരുവിൽനിന്നും പിരിഞ്ഞുപോകുന്നുണ്ട്. ഈ പാതയുടെ അവസാനസ്ഥാനത്ത്—(അതായത് പ്രധാന തെരുവിൽനിന്ന് ഒരു അറുഗജം ദൂരത്തായി) ഇരുമ്പഴികൾകൊണ്ടുണ്ടാക്കപ്പെട്ട രണ്ടു ഗേററുകൾ നാം കണ്ടെത്തും. ഗേററിൽകൂടി നോക്കിയാൽ വിസ്താരമേറിയതും എന്നാൽ പഴയതും ആയ ഒരു മൂന്നുനില കെട്ടിടം കാണാം. ഇതാണ് ടാഗോർ കുടുംബാംഗങ്ങളുടെ താമസസ്ഥലം. ക്രിസ്ത്വാബ്ദം 1861 മെയ് മാസം 7-ാംനു-യാണ് ഇന്ത്യയിലെ പൂങ്കയിൽ—ശ്രീ: രവീന്ദ്രനാഥടാഗോർ—ഭൂജാതനായത്.

രവീന്ദ്രനാഥൻെറ അച്ഛൻ ദേവേന്ദ്രനാഥടാഗോർ ഒരു ഭക്തശിരോമണിയും സംസ്കൃതഹൃദയനുമായിരുന്നു. അതിനാൽ അദ്ദേഹത്തെ ആ നാട്ടുകാർവിളിച്ചുവന്നത് 'മഹർഷി' എന്നായിരുന്നു. ദേവേന്ദ്രനാഥൻെറപിതാവ് ദ്വാരകനാഥൻ ഉന്നതവും ആർഭാടപൂർണ്ണവുമായ ഒരു ജീവിതം നയിച്ചിരുന്നതുമൂലം ഒരു രാജകുമാരൻഎന്ന നിലയ്ക്കാണ് ജനങ്ങൾ അദ്ദേഹത്തോട് പെരുമാറിയത്! പക്ഷെ രവീന്ദ്രനാഥടാഗോർ ഭൂജാതനായ അവസരത്തിൽ ടാഗോർ കുടുംബത്തിലെ ധനം കുറെയൊക്കെ നഷ്ടമായി. എങ്കിലും സാമ്പത്തികമായി അവർക്കുണ്ടായിരുന്ന സാദ്ധ്യതകൾ സാധാരണങ്ങളായിരുന്നില്ല. ആ കുടുംബം വിശാലമായ ഒന്നായിരുന്നു. രവീന്ദ്രനാഥൻ അദ്ദേഹത്തിൻെറ അച്ഛൻെറ പതിന്നാലാമത്തെ പുത്രനായിരുന്നു. അദ്ദേഹത്തിൻെറ ചില മൂത്ത സഹോദരന്മാരും സഹോദരിമാരും വിവാഹജീവിതത്തിൻെറ മധുരിമ ആസ്വദിക്കയായിരുന്നു. രവീന്ദ്രൻെറ ചെറുപ്പകാലങ്ങളിൽ.

രവിയുടെ ചെറുപ്പകാലങ്ങളിൽ അദ്ദേഹത്തിൻെറ കളിത്തോഴന്മാർ നേരെമൂത്ത സഹോദരനായ സോമേന്ദ്രനും, ജ്യേഷ്ഠസോദരീപുത്രനായ സത്യനും ആയിരുന്നു. ഇ

മൂന്നുകുട്ടികളും ഒന്നിച്ചാണു് കളിച്ചിരുന്നതും പള്ളിക്കൂടത്തിൽ പൊയ്ക്കൊണ്ടിരുന്നതും.

രവീന്ദ്രന്റെ ഇരുപത്തഞ്ചു വയസ്സുവരെയുള്ള ജീവിതാനുഭവങ്ങൾ അദ്ദേഹത്തിന്റെ "എന്റെ സ്മരണകൾ" (My Reminiscences) എന്ന ബുക്കിൽ കാണിച്ചിട്ടുണ്ടു്. "എന്റെ ബാല്യകാലം" (My Boyhood Days) എന്ന അദ്ദേഹത്തിന്റെ മറെറാരു പുസ്തകത്തിൽ, അദ്ദേഹം പതിനേഴാമത്തെ വയസ്സിൽ ഇംഗ്ലണ്ടിലേയ്ക്കു യാത്രയായതുവരെയുള്ള സ്മരണകൾ വിവരിച്ചിട്ടുണ്ടു്. The crescent moon "പഞ്ചമിച്ചന്ദ്രൻ" എന്ന ബുക്കിൽ അദ്ദേഹത്തിന്റെ ബാല്യകാലസ്മരണകൾ ആവിഷ്കരിക്കുന്ന ചെറു കവനങ്ങളാണു് മിക്കതും. മേൽപ്പറഞ്ഞ ബുക്കുകൾ വായിക്കുമ്പോൾ നമുക്കു മനസ്സിലാകും, ഭാവിയിൽ ഒരു വിശ്വകവിയായി ഉയരാനുള്ള ഒരുമഹാന്റെ രൂപം പ്രാപിക്കാൻ ഇടയുണ്ടെന്നു്.

ടാഗോർ കുടുംബത്തിലെ കുട്ടികളെ വളർത്തിയിരുന്നതു് അനാർഭാടമായിട്ടായിരുന്നു. അനാവശ്യമായ കളിക്കോപ്പുകളോ അനുചിതങ്ങളായ അവകാശങ്ങളോ അവൎക്കു നൽകിയിരുന്നില്ല. രവീന്ദ്രന്റെ പിതാവു് ധാരാളിത്തത്തെ വെറുത്തിരുന്നു; പ്രത്യേകിച്ചു സന്താനങ്ങളുടെ കാൎയ്യത്തിൽ രവീന്ദ്രന്റെ പിൽക്കാലത്തു് നിഷ്കൎഷയുടെ പിന്നിലുള്ള ആത്മാൎത്ഥത അദ്ദേഹത്തിനു മനസ്സിലായിട്ടുണ്ടു്. കുട്ടികൾക്കു ധാരാളം കളിക്കോപ്പുകൾ കൊടുക്കുന്നതുമൂലം അവരുടെ ഭാവനാശക്തിക്കു് ഒരു വിലങ്ങുതടി സൃഷ്ടിക്കുകയാണു് ചെയ്യുന്നതു് എന്നദ്ദേഹം പറഞ്ഞിട്ടുണ്ടു്. കളിയിലുള്ള പ്രധാനരസം നിൎമ്മാണത്തിലാണു്; കളിക്കോപ്പുകൾ ധാരാളം കുട്ടികൾക്കു് നൽകിയാൽ കളിയുടെ അംഗിരസം അവൎക്കു അനുഭവവേദ്യമല്ലാതായിത്തീരുന്നു. എന്നാൽ ടാഗോർ കുടുംബത്തിലെ കുട്ടികൾക്കു അവരുടെ കളിക്കോപ്പുകൾ സൃഷ്ടിക്കേണ്ടിയിരുന്നു. അവരുടെ ആനന്ദത്തിനു് സ്വന്തം ഭാവനകളെ അവൎക്കു ആശ്രയിക്കേണ്ടിയിരുന്നു. അങ്ങിനെ അവരുടെ ഭാവനാശക്തി അനുദിനം അഭിവൃദ്ധി പ്രാപിച്ചുവന്നു.

"Crescent moon" എന്ന പുസ്തകത്തിൽ രവീന്ദ്രനാഥടാഗോർ "കളിക്കോപ്പുകൾ" Play things എന്ന കവനംവഴി ഒരു ബാലനും ഒരു പ്രായപൂൎത്തിയുള്ള ആൾക്കും തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

"കുട്ടീ— അഴുക്കിലിരുന്നിട്ടും നീ എത്ര ഉന്മേഷവാനാണു്! ഒരു ഒഴിഞ്ഞ കമ്പിൽ നീ സ്ഥായിയായ സൗന്ദൎയ്യം കാണുന്നു!!

"നിന്റെ ഈ കളിയിൽ ഞാൻ പുഞ്ചിരിക്കുന്നു.

"ഈ വിധത്തിലുള്ള കളിക്കോപ്പുകളിൽ ആനന്ദം കാണുവാനുള്ള ശക്തി എന്നെ വെടിഞ്ഞിരിക്കുന്നു.

"ഞാൻ വിലകൂടിയ കളിക്കോപ്പുകൾ ആരായുന്നു; വെള്ളിക്കട്ടകളും സ്വൎണ്ണക്കട്ടകളും ഞാൻ ശേഖരിക്കുന്നു.

"നിനക്കു്, കിട്ടുന്നവയിലും കാണുന്നവയിലും ആനന്ദം കാണുവാൻ പ്രാപ്തിയുണ്ടു്. ഞാനോ? എനിക്കു പ്രാപ്യമല്ലാത്ത സൗഭാഗ്യങ്ങളെ തേടി സകല കഴിവുകളും നിരുപയോഗപ്പെടുത്തുന്നു."

ടാഗോർ കുടുംബത്തിലെ കുട്ടികളുടെ വളച്ച് വളരെ ഒതുങ്ങിയ തരത്തിലുള്ളവയായിരുന്നു. പ്രധാന ഗേററിന്റെ പുറത്തു പോകാൻ അവൎക്കു അനുവാദമുണ്ടായിരുന്നില്ല. പുറത്തെല്ലാം പോയി ആഹ്ലാദം അനുഭവി

ക്കുന്ന ഉത്സവകാലം ആ കുട്ടികൾ അസൂയയോട്ടുകൂടിയായിരിക്കും വീക്ഷിച്ചിരുന്നതു് അക്കാലത്തു യന്ത്രവാഹനങ്ങൾ ഇന്ത്യയിൽ ഉണ്ടായിരുന്നില്ല. ധനികരും മാന്യരും ഒരുതരം വിലപിടിച്ച കുതിരകൾ വലിക്കുന്ന സ്വകാര്യവാഹനങ്ങളിലായിരുന്ന സഞ്ചരിച്ചിരുന്നതു്. അത്തരം വാഹനങ്ങളുടെ ശബ്ദവും, കുതിരകളെ നയിക്കുന്ന ആളിന്റെ വിളികളും അല്ലാത ആ വാഹനങ്ങൾ കണ്ടു രസിക്കാൻ ആ ബാലന്മാർക്ക് സാധിച്ചിരുന്നില്ല വീടിന്റെ മൂന്നാം നിലയിലുള്ള ഒരു വരാന്തയിൽ നിന്നാൽ ഗേററിന്റെ പുറത്തുള്ള ചില കാഴ്ചകളും ആൾക്കൂട്ടങ്ങളുംകാണാൻസാധിക്കും. അവിടെ നിന്നുകൊണ്ടു തനിക്കു ആസ്വദിക്കാൻ തൽക്കാലം നിവൃത്തിയില്ലാത്ത ആ അപരിചിതലോകത്തെനോക്കി ഭാവനാശീലനാകുന്ന പതിവു് രവിക്കുണ്ടായിരുന്നു.

വീടിനകത്തുതന്നെ അണ്ണെങ്കിലും, രണ്ടു ലോകം ഉണ്ടായിരുന്നു എന്നാണു് രവിക്കും മററും തോന്നിയിരുന്നതു്. ഒന്നു് പ്രായമായവരുടേതും മറേറതു പ്രായമാകാത്തവരുടേതും! ആ കാലത്തു സിനിമാശാലകളോ, പൊതു ഉത്സവസ്ഥലങ്ങളോ ഒന്നും ഉണ്ടായിരുന്നില്ല. ഓരോ കുടുംബക്കാരും വിശേഷാതിഥികളെ ക്ഷണിച്ചു ചില കലാപ്രകടനങ്ങളും സൽക്കാരങ്ങളും നടത്താറുണ്ടായിരുന്നു. പക്ഷേ അത്തരം അഹ്ളാദപൂർണ്ണങ്ങളായ രംഗങ്ങളിൽ ബാലന്മാരുടെ സാന്നിധ്യം നിരോധിക്കപ്പെട്ടിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ആനന്ദവും ആരവങ്ങളും "മേജർ" മാരുടേതും, അച്ചടക്കവും ഒതുക്കവും "മൈനർ" മാരുടേതും ആയിരുന്നു.

എന്തെങ്കിലും വിശേഷാൽ സൽക്കാരങ്ങളോ പ്രകടനങ്ങളോ ഉണ്ടായാൽ സ്വാഭാവികമായ ഒരു ജിജ്ഞാസ കുട്ടികളെ ആ രംഗത്തേയ്ക്കു ഉന്തിത്തള്ളാറില്ലേ? പക്ഷേ "പോടനീ പോയി കളിക്കു്!" എന്നുള്ള ശാസനകൾ അവരുടെ ജിജ്ഞാസയെ അടിച്ചമർത്തുമായിരുന്നു. രവി പിൽക്കാലത്തു പറയുകയാണു് "ശരിയായ കളിക്ക് ശബ്ദം അവശ്യമാണു്"—പക്ഷെ അടങ്ങാത്ത മാനസികാനന്ദോത്സാഹതുവയിരുന്നു. ഒച്ചയെടുത്താൽ നിശബ്ദരായിരിക്കാൻ ഒരു സുഗ്രീവാജ്ഞ അവർക്കു ലഭിക്കുമായിരുന്നു. എത്ര വിരസമായിരുന്നു രവിയുടെ ബാല്യകാലം!

സോമേന്ദ്രനും സത്യനും രവീന്ദ്രനെക്കാൾ രണ്ടു വയസ്സു പ്രായക്കൂടുതലുണ്ടായിരുന്നു. അതത്ര കാര്യമാക്കാനുള്ള വ്യത്യാസമല്ല. എങ്കിലും ബാലന്മാർക്കു് ആ വ്യത്യാസം ഗണനീയമാണു്.

* = *

അവരെല്ലാം ഒരു തയ്യൽക്കാരന്റെ ചുററുംകൂടി നിൽക്കുകയാണു്. അതു് ഒരു അപൂർവ്വാവസരമാണു്. പുതിയ വസ്ത്രങ്ങളും ഉടുപ്പുകളും കിട്ടും! "ഒരുപാട്ടു് പോക്കററു്; ഒരുപാട്ടു്—അവർ വിളിച്ചുപറയും!!......... ഉടുപ്പുകൾകിട്ടിയാൽ പോക്കററുകൾ നിറയ്ക്കാൻ ഒരു നൂറായിരം സാധനങ്ങൾ അവർക്കുണ്ടാവും!!

÷ ÷ ÷

അവിടെയും ഇവിടെയും കിടക്കുന്ന പാറക്കഷണങ്ങൾ പെറുക്കികൂട്ടി; കുറെ മണ്ണും വാരിയിട്ടു് ഒരു പർവ്വതം നിർമ്മിക്കയാണു് അവർ! നിരപ്പായ ആ സ്ഥലത്തു ഒരു പർവ്വതം- അതെന്തു അതിശയകരമായിരിക്കും!!......... ചേട്ടൻ വരുന്നുണ്ടോ? ഓ! സാരമില്ല. അദ്ദേഹം ഈ അതിശയം കണ്ടു നമ്മെ അനുമോദിക്കും.................."എന്തു് വൃത്തികെട്ട കുട്ടികൾ! ഈ കല്ലുകളെവിടെനിന്നു കിട്ടി? അവ കൊണ്ടുപോയി കിടന്നിടത്തിട്ട—ഉം; ഉടൻതന്നെ!"........................ഇല്ല, കാണാനും ആസ്വദിക്കാനും പ്രായമുള്ള വർക്കു സാധ്യമല്ല!...................

(തുടരും)

# വായിക്കുക! രസിക്കുക!!

| | | രൂ. | ണ. |
|---|---|---|---|
| സ്വാതന്ത്ര്യോദയം | ലഘുകാവ്യം By ജി. ശങ്കരക്കുറുപ്പു്. | 0 | 4 |
| ആഗസ്റ്റ് ൧൫ | ഏകാങ്കനാടകം By ജി. ശങ്കരക്കുറുപ്പ് | 0 | 6 |
| പൂഞ്ചോല | കഥകൾ By S. K. R. കമ്മത്ത് | 1 | 4 |
| അശ്രുധാര | കഥകൾ By G. P. K. കടക്കാംപള്ളി | 1 | 0 |
| ലീലാഞ്ജലി | കഥകൾ By കുമാരി L. ലീലാബായി | 1 | 4 |
| കഥാകുസുമങ്ങൾ | കഥകൾ By സുജ്ഞാനകുമാരീദേവി | 0 | 8 |
| മലഞ്ചരിവിലെ അത്ഭുതം | അപസർപ്പകകഥ — പരിഭാഷകൻ, പണ്ഡിതർ R. C. ശർമ്മ സാഹിത്യകുശലൻ A. D. ഹരിശർമ്മ | 0 | 10 |
| അമ്മായിഅമ്മ | ഒരു ചെറിയ നോവൽ | 0 | 4 |
| അപരാധിനി | ” | 0 | 4 |
| അംബുജം | ” | 0 | 3 |
| പ്രേമമുദ്ര | ” | 0 | 6 |
| മഹാത്മജി | ജീവചരിത്രകാവ്യം By ഗായകകവി V. S. ആൻഡ്രൂസ് | | 10 |
| സന്ദേശം | കവിതാസമാഹാരം By M. S. ചന്ദ്രശേഖരവാര്യർ | 0 | 12 |
| വേദവ്യാസൻ | പൗരാണികചരിത്രം By M. ശേഷഗിരിപ്രഭു M. A. | 0 | 4 |
| വിശപ്പു | ജീവൽസ്പർശിയായ കഥകൾ By A. K. ബാലകൃഷ്ണപിള്ള | 1 | 8 |
| പ്രണാമം | കഥകൾ By ചെറിയാൻ ആൻഡ്രൂസ് | 1 | 8 |
| ജീവിതവല്ലി | പ്രസിദ്ധ കഥാകൃത്തുകളുടെ ഒൻപതു കഥകൾ | 1 | 0 |
| ബാലാരാമം | കുട്ടികൾക്കുള്ള കഥകൾ (കളർചിത്രങ്ങളടങ്ങിയതു്) | 0 | 3 |
| കളികൾ | കുട്ടികൾക്കു പററിയ ഇരുപതു കളികളുടെ വിവരണം | 0 | 4 |
| ജാലവിദ്യകൾ | ചിത്രങ്ങളോടുകൂടിയ വിശിഷ്ട ഗ്രന്ഥം | 0 | 8 |
| ഭടൻെറ ഓമന | ലഘുകാവ്യം എം. കെ. വാസുദേവൻ | 0 | 4 |

മററെല്ലാത്തരം മലയാള പുസ്തകങ്ങൾക്കും ഞങ്ങൾക്കെഴുതുക:—

മാനേജർ,

## ശ്രീ നരസിംഹവിലാസം ബുക്കുഡിപ്പോ,

തുറവൂർ A. O. കുത്തിയതോടു് P. O.

# നോവലെഴുത്തും സംഭാഷണവും

ഡി. നമ്പൂതിരി, മൂവാററുപുഴ.

(വിശ്രുത സാഹിത്യകാരനായ ഓസ്കാർവൈൽഡിന്റെ ചിന്താപാടവും ഭാവനാസുന്ദരവുമായ നർമ്മഭാഷണത്തിലേയ്ക്കൊരു തിരിഞ്ഞുനോട്ടം.)

തികഞ്ഞ ഫലിതബോധവും അഗാധമായ ചിന്താശക്തിയുമുള്ള ഒരു സാഹിത്യകാരനുമാത്രമേ പൊട്ടിച്ചിരിപ്പിച്ചുകൊണ്ടു നമ്മെ കാര്യബോധത്തോടിണക്കാൻ സാധിക്കുകയുള്ളൂ. ജോർജ് ബെർനാർഡ്ഷായുടെ വിജയമെല്ലാം ഈ ചിന്താഗൗരവമിയന്ന നർമ്മഭാഷണത്തിലാണിരിക്കുന്നതു്. അദ്ദേഹത്തോടു് എന്തെങ്കിലും കുഴഞ്ഞ പ്രശ്നത്തെപ്പററി ഒരു ചോദ്യം ചോദിച്ചുകൊള്ളുക. സമുചിതവും ഫലിതസുന്ദരവും മർമ്മസ്പർശിയുമായ ഒരു പ്രത്യുത്തരം തൽക്ഷണംതന്നെ നിങ്ങൾക്കു കിട്ടും. വാരിവലിച്ചു പറഞ്ഞു് നിങ്ങളെ ലവലേശം മുഷിപ്പിക്കുകയില്ല. പിന്നെയും പിന്നെയും ഓർമ്മിച്ചു് നിങ്ങൾ ചിരിക്കുകയും നിങ്ങൾക്കു സംഗതിയെക്കുറിച്ചു് യഥാർത്ഥജ്ഞാനമുണ്ടായി എന്ന ബോധം ഉളവാകുകയും ചെയ്യും.

വിശ്രുത സാഹിത്യകാരനായ ഓസ്കാർ വൈൽഡിനെപ്പററി ചിന്തിക്കുമ്പോഴും അദ്ദേഹത്തിന്റെ ഈ ധർമ്മബോധം പ്രത്യേകം ആദരണീയമായിതോന്നും. ഷായും ഓസ്കാർ വൈൽഡും സഞ്ചരിച്ചിട്ടുള്ളതു രണ്ടു പാതയിലൂടെയാണു്. അവർതമ്മിൽ അടുപ്പത്തേക്കാൾ അകൽച്ചയാണധികവും. എങ്കിലും ഫലിതബോധമിയന്ന നാടകകർത്താക്കളെന്ന നിലയിൽ രണ്ടുപേർക്കും കുറെയൊക്കെ സാദൃശ്യമുണ്ടു്. രണ്ടുപേരും ഇംഗ്ലീഷ് സാഹിത്യത്തിൽ സമുന്നതമായ പദവിയിൽ അധിരോഹണം ചെയ്തിരിക്കുന്നു.

നമുക്കു തൽക്കാലം ഓസ്കാർവൈൽഡിന്റെ ഒരു ഭാഷണത്തിലേക്കു കണ്ണോടിയ്ക്കാം. അദ്ദേഹം ഒരിടത്തെഴുതുകയാണു്.

“മൂന്നു വാല്യമുള്ള ഒരു നോവലെഴുതുവാൻ ഏതവനു വേണമെങ്കിലും സാധിക്കും. ജീവിതത്തെയും സാഹിത്യത്തെയും കുറിച്ചുള്ള പരിപൂർണ്ണ അജ്ഞത മാത്രമേ അതിന്നാവശ്യമുള്ളൂ. നിരൂപകനു് ഉണ്ടാക്കാവുന്നതായി എനിക്കു തോന്നുന്ന വിഷമത ഏതെങ്കിലും ഒരു തോതു കല്പിക്കുന്നതു മാത്രമത്രേ. രീതിയില്ലാത്തിടത്തു തോതു് വിഷമമാണു്. പാവപ്പെട്ട നിരൂപകന്മാർ സാഹിത്യത്തിന്റെ പോലീസ്കോർട്ടിലെ വെറും റിപ്പോർട്ടന്മാരായി തരംതാഴ്ത്തപ്പെടുന്നു. നിരൂപണത്തിനുവേണ്ടി കൊടുക്കപ്പെടുന്ന ഗ്രന്ഥങ്ങൾ ഒന്നു വായിച്ചുനോക്കുകയെങ്കിലും ഈ കൂട്ടർ ചെയ്യുന്നില്ലെന്നാണു് പറയപ്പെടുന്നതു്. വാസ്തവത്തിൽ ഇല്ലതാനും. അല്ലെങ്കിൽ അവരതു് പാടില്ലാത്തതുമാണു്. അങ്ങിനെ ചെയ്യുകയാണെങ്കിൽ അവർ തനി നരകുലശത്രുക്കളാകാനാണിട. അല്ലെങ്കിൽ ജീവിതകാലമെല്ലാം സ്ത്രീവിദ്വേഷികളായിട്ടാകും ഭവിക്കുക. അല്ലെങ്കിൽ ഇതാവശ്യമുള്ളതല്ല. ഒരു കുപ്പിയിൽ നിറച്ചിട്ടുള്ള വീഞ്ഞിന്റെ ഗുണമറിയാൻ അതുമുഴുവൻ കുടിച്ചു നോക്കണമെന്നില്ലല്ലോ. അരമണിക്കൂറുണ്ടെങ്കിൽ മതി; ഒരു ഗ്രന്ഥം എന്തിനെങ്കിലും കൊള്ളുന്നതോ കൊള്ളരുതാത്തതോ എന്നു പറയുവാൻ കഴിയും. ഒരു മുഷിപ്പൻ പുസ്തകം മുഴുവൻ നീന്തിക്കടക്കാൻ അരെക്കൊണ്ടു സാധിക്കും,

ചിലർ അതിന്റെ രസം മാത്രമൊന്നു ആസ്വദിച്ചുനോക്കുന്നു. സാഹിത്യത്തിലും ചിത്രകലയിലും വിമർശനത്തെത്തന്നെ പാടേ എതിർക്കുന്ന ചിലരെ ഞാനറിയും. അവർ പറയുന്നതു ശരിയാണു്. അവരുടെ നിർമ്മാണങ്ങൾക്കു് തങ്ങളുടെ കാലവുമായി ബുദ്ധിപരമായ ബന്ധമൊന്നുമില്ല. അതു് നമുക്കു് ആനന്ദത്തിന്റെ പുതിയപുളകമൊന്നും തരാനില്ല. ചിന്തയുടേയോ വികാരത്തിന്റേയോ സൗന്ദര്യത്തിന്റേയോ പുതിയൊരു വൈപരീത്യം അതു് നിർദ്ദേശിക്കുന്നില്ല. അതുപറഞ്ഞു ഫലിപ്പിക്കാവുന്നതല്ല. അതു് അവ്യക്തതയിൽ മറയുകയാണു് വേണ്ടതു്.”

“ഒരു സംഗതി പറയുകയാണു് അതു പ്രവർത്തിക്കുന്നതിനേക്കാൾ എളുപ്പമെന്നു പറയാറുണ്ടു്. എന്നാൽ കാര്യമങ്ങിനെയല്ല. പൊതുജനങ്ങൾക്കുള്ള വല്ലാത്തൊരു തെററാണിതു്. ഒരു സംഗതി നടത്തുന്നതിനേക്കാൾ വളരെയേറെ ബുദ്ധിമുട്ടുണ്ടു്. അതേപ്പററി പറയാൻ. യഥാർത്ഥജീവിതത്തിന്റെ മണ്ഡലത്തിൽ ഇതു് കുറേക്കൂടി വ്യക്തമാണു്. ഏതൊരുത്തനുവേണമെങ്കിലും ചരിത്രം നിർമ്മിക്കാം. മഹാനായ ഒരുത്തനുമാത്രമേ അതു് എഴുതി ഫലിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. താണതരം ജന്തുക്കളുമായി നാം പങ്കെടുക്കാത്തതായി ഒരുതരത്തിലുള്ള കർമ്മമോ ചലനമോ ഇല്ലതന്നെ. ഭാഷകൊണ്ടാണു് നാം അവരുടെയെല്ലാം മുന്നണിയിൽ നിൽക്കുന്നതു് — ചിന്തയുടെ പിതാവായ കുഞ്ഞല്ല) ഭാഷകൊണ്ടു്, പ്രവർത്തനം പലപ്പോഴും തീർച്ചയായും എളുപ്പമാണു്. അതു് അതിന്റെ ഏററവും വലുപ്പംവെച്ച ആകൃതിയിൽ നമ്മുടെ മുന്നിൽ പ്രദർശിപ്പിക്കപ്പെടുമ്പോൾ അതുമായി യാതൊരു ബന്ധമില്ലാത്തവരുടെ വെറും ആശ്രയസ്ഥാനമായിത്തീരുന്നു. കർമ്മത്തെപ്പററി വളരെയൊന്നും പറയാനില്ല. ബാഹ്യങ്ങളായ സ്വാധീനശക്തികളെ അവലംബിക്കുന്ന ഒരന്ധമായ സംഗതിയാണു് കർമ്മമെന്നതു്. അതും ബോധഹീനമായ പ്രകൃതിയുടെ പ്രചോദനത്താൽ ചലിക്കപ്പെടുന്നതുമാണു്. സാരത്തിൽ അപൂർവ്വമായ ഒന്നാണതു്. എങ്ങിനെയാണു് സ്വപ്നംകാണുന്നതെന്നറിയാത്തവരുടെ അവസാനത്തെ അഭയകേന്ദ്രമാണതു്.”

ഓസ്കാർവൈൽഡിന്റെ നേരിയ ഫലിതത്തോടിണങ്ങിയ ചിന്ത നോക്കുക. നോവലെഴുതാൻ വേണ്ടതു് ജീവിതത്തേയും സാഹിത്യത്തെയുംകുറിച്ചുള്ള പരിപൂർണ്ണ അജ്ഞതയാണെന്നു് അദ്ദേഹം പറയുന്നതു് എത്ര പരമാർത്ഥമെന്നറിവാൻ നൂറുകണക്കായി ഇന്നുപുറത്തു വരുന്ന നോവലുകളിൽ ചിലതൊന്നു നോക്കിയാൽ മതി. നിരൂപണത്തിന്റെ കാര്യം എത്ര ശരിയാണു്! നമ്മുടെ നിരൂപകന്മാരിൽ പലരും പുസ്തകം വായിക്കാതെയാണു് ഓരോന്നെഴുതിക്കൂട്ടുന്നതെന്നു് വ്യക്തമല്ലേ? കർമ്മത്തെ സംബന്ധിച്ച അദ്ദേഹത്തിന്റെ അഭിപ്രായവും ചിന്താസുന്ദരമാകുന്നു.

ഒരു യഥാർത്ഥ കലാകാരന്റെ വിശകലനം വ്യക്തമാക്കാൻ വേണ്ടി ഇങ്ങനെ ഒരു ചെറിയഭാഗം ഉദാഹരിച്ചതാണു്. ആദ്യം കേൾക്കുമ്പോൾ തെറെറന്നോ വിഡ്ഢിത്തമെന്നോ തോന്നും. എന്നാൽ ചിന്തിച്ചുവരുമ്പോൾ അതിൽ മഹത്തായ ഒരു തത്വം അടങ്ങിയിട്ടുണ്ടെന്നു് ബോധപ്പെടുകയും ചെയ്യും. പ്രതിഭാസമ്പന്നന്മാരുടെ ചിന്താഗതിയുടെ ഒരു പ്രത്യേകതയാണതു്.

ഓസ്കാർവൈൽഡിന്റെ ചില ഗ്രന്ഥങ്ങൾ ഈ ലേഖകൻ മലയാളത്തിലേയ്ക്കു വിവർത്തനംചെയ്തുകൊണ്ടിരിയ്ക്കുകയാണു്. സഹൃദയന്മാരുടെ ഹാർദ്ദമായ സ്വീകരണം അതിനു ലഭിച്ചാൽ ഞാൻ സംതൃപ്തനായി!

# സീതാദേവി

(എ. ആർ. ദാമോദരൻനമ്പ്യാർ ( B. A. B. L. )

രാമായണത്തിലെ കഥാനായിക സീതാദേവി മഹാലക്ഷ്മിയുടെ അവതാരമാണെന്നു് അദ്ധ്യാത്മരാമായണം സിദ്ധാന്തിക്കുന്നു. എന്നാൽ ആ മതം വാത്മീകി മഹർഷിക്കു് അനുസമ്മതമല്ലെന്നു് അദ്ദേഹത്തിന്റെ ആദികാവ്യം സൂചിപ്പിക്കുന്നു. വാത്മീകിരാമായണത്തിൽ ഏഴാമത്തെ കാണ്ഡമായ ഉത്തരകാണ്ഡത്തിൽ രാമായണകഥാപുരുഷന്മാരുടെ പൂർവ്വജന്മം പറയുന്ന കൂട്ടത്തിൽ സീതയുടെ പൂർവ്വജന്മം പതിനേഴാം സർഗ്ഗത്തിൽ വിവരിക്കുന്നു. രാവണൻ ഹിമവാന്റെ സാനുപ്രദേശത്തു് സഞ്ചരിക്കുന്ന അവസരത്തിൽ കൃഷ്ണമൃഗത്തിന്റെ തോലുടുത്തും ജടധരിച്ചും ഋഷിമാരുടെ രീതിയിൽ ഒരു കന്യക തപസ്സുചെയ്യുന്നതുകണ്ടു, ആ കന്യകയുടെ രൂപസൗന്ദര്യംകണ്ടു് രാവണൻ ഭ്രമിച്ചു് ആ സ്ത്രീയോടു സംഭാഷണത്തിൽ ഏർപ്പെടുകയും വിവാഹത്തിനു് അർത്ഥിക്കുകയും ചെയ്തു. അപ്പോൾ ആ കന്യക പറഞ്ഞു "ഞാൻ കുശധ്വജൻ എന്ന ഒരു ബ്രഹ്മർഷിയുടെ പുത്രിയാണു്. അദ്ദേഹം ബൃഹസ്പതിയുടെ പുത്രനും ബുദ്ധിയിൽ ബൃഹസ്പതിയോടു തുല്യനുമാണു്. അദ്ദേഹത്തിന്റെ അടുക്കൽനിന്നും ഞാൻ വേദാഭ്യാസം ചെയ്തു. എന്റെ പേരു് 'വേദവതി' എന്നാണു്. ദേവന്മാർ, ഗന്ധർവ്വന്മാർ, യക്ഷന്മാർ, രാക്ഷസന്മാർ തുടങ്ങിയ അനേകംപേർ എന്നെ വിവാഹം ചെയ്തുതരണമെന്നു് ആവശ്യപ്പെട്ടു. അവർക്കാർക്കും അദ്ദേഹം എന്നെ വിവാഹം ചെയ്തുകൊടുത്തില്ല. പിതാവിനു് അദ്ദേഹത്തിന്റെ ജാമാതാവു് വിഷ്ണു തന്നേ ആയിരിക്കണമെന്നു് നിർബന്ധമുണ്ടായിരുന്നതാണു് കാരണം. ഇതുകേട്ടു് ദൈത്യന്മാരുടെ രാജാവായ ദംഭ കോപിച്ചു് എന്റെ പിതാവു് ഉറങ്ങുന്ന സമയം രാത്രിയിൽ അദ്ദേഹത്തെ കൊന്നു എന്റെ അമ്മ ഭർത്തൃദേഹം പരിത്യജിച്ചുകൊണ്ടു അഗ്നിയിൽ ദഹിച്ചു.

"തതോമനോരഥംസത്യംപിതുർനാരായണം പ്രതി
കരോമീതിരമേവാഹംഹൃദയേന സമുദ്വഹേ"

(അതിനുശേഷം അച്ഛന്റെ ആഗ്രഹം സത്യമാക്കാൻവേണ്ടി രമയെപോലെ മനസ്സുകൊണ്ടു് ഞാൻ ശ്രീനാരായണനെ ഉദ്വഹിച്ചിരിക്കുന്നു) ഇങ്ങനെ ഞാനിവിടെ കഠിനതപസ്സു ചെയ്യുകയാണു്. അതിനാൽ വേദവതി രമയെപ്പോലെ ഭഗവാനെ സേവിച്ചു; അതായതു് ലക്ഷ്മീഭാവത്തിൽ സേവിച്ചു. രാവണൻ ഇതൊന്നും വകവച്ചില്ല. ബലാൽ വേദവതിയെ പിടിക്കുകയും ആ സാധ്വി ഭഗവാനെ ധ്യാനിച്ചുകൊണ്ടു് അഗ്നിയിൽ ദഹിക്കുകയുംചെയ്തു. മരിക്കുന്നതിനുമുമ്പായി വേദവതിപറഞ്ഞതു് "തസ്മാൽതവവധാർത്ഥംഹി സമുൽപൽസ്യേഹ്യഹംപുനഃ,നഹിശക്യം സ്ത്രീയാഹന്തും പുരുഷഃപാപനിശ്ചയഃ" (അതുകൊണ്ടു് നിന്നെ കൊല്ലുന്നതിനായി ഞാൻ വീണ്ടും ജനിക്കും. പാപനിശ്ചയനായ പുരുഷനെ കൊല്ലാൻ സ്ത്രീക്കു് സാദ്ധ്യമല്ല) എന്നുംമററുമാണു്. ഈ സ്ത്രീയാണു് അടുത്തജന്മം ജാനകിയായി ജനിച്ചതു്. പഞ്ചവടിയിൽ താമസിക്കുന്നകാലത്തു് മാരീചൻ പൊന്മാനായിവന്നതും രാമൻ അതിനെ പിടിക്കാൻ പോയതും സീതയെ രക്ഷിക്കാൻ ലക്ഷ്മണ

ന്നെ ചുമതലപ്പെടുത്തിയതും എല്ലാവൎക്കും അറിയാമല്ലോ. ലക്ഷ്മണനെ വിളിച്ചു കരഞ്ഞിട്ടും അദ്ദേഹം അതു വിശ്വസിക്കുകയോ രോദനം പുറപ്പെട്ട സ്ഥലത്തേയ്ക്കു പോവുകയോ ചെയ്തില്ല. ഇതുകണ്ടു സീത അതിപരുഷമായി സംസാരിക്കുന്നു. ആരണ്യകാണ്ഡം 45-ാംസൎഗ്ഗം നോക്കുക. ആ വാക്കുകൾ ഇതിൽ പകൎത്തുന്നതിനുപോലും എനിക്കു ലജ്ജതോന്നുന്നു. അതിന്റെ ചുരുക്കം രാമൻ മരിക്കണമെന്നും അതിനുശേഷം സീതയെ ഭാൎയ്യയായി സ്വീകരിക്കാൻ ലക്ഷ്മണൻ ആഗ്രഹിക്കുന്നുവെന്നും അതാണു് രാമന്റെ ശബ്ദം കേട്ടിടത്തു പോകാതെ സീതയുടെ അടുക്കൽ തന്നെ ഇരിക്കുന്നതെന്നും, എന്നാൽ സീത അതിൽ ഒരിക്കലും വഴിപ്പെടുന്നതല്ലെന്നും തന്നത്താൻ ഗോദാവരിയിൽ ദേഹം കളയും, വിഷം കുടിക്കും, അഗ്നിയിൽ ചാടും എന്നും മററുമായിരുന്നു. പൂൎവ്വജന്മത്തിലെ ഭയവും ദേഹത്യാഗസ്മരണയും വാസനാരൂപമായി പ്രവൎത്തിക്കുന്നതു നോക്കുക. "സ്ത്രീത്വംകൊണ്ടു് നീ ഈവിധം സംസാരിക്കുന്നു. നിന്നെ വനദേവതമാർ രക്ഷിക്കട്ടെ" എന്നുപറഞ്ഞു് ലക്ഷ്മണൻ പോവുകയുംചെയ്തു.

രാവണവധാനന്തരം സീത അഗ്നിപരിശുദ്ധയായതും അയോദ്ധ്യയിൽ തിരിച്ചുവന്നശേഷം ഗൎഭവതിയായിരുന്നകാലത്തു് വനത്തിൽ ഉപേക്ഷിക്കപ്പെട്ടതും പ്രസിദ്ധം. അകപ്പാടെ സീതയ്ക്കു് ഭൎത്തൃസുഖം വളരെകുറവായിരുന്നിരിക്കണം. ഏതായാലും ഇതുകൊണ്ടു തൃപ്തയാകാത്തപോലെ വീണ്ടും രുഗ്മിണിയായി ജനിക്കുന്നു. അപ്പോഴുംരാവണൻ ശിശുപാലനായിട്ടു് രുഗ്മിണീകാമുകനായിവരുന്നു. ശ്രീകൃഷ്ണൻ രുഗ്മിണിയുടെ സമ്മതത്തോടെ "രാക്ഷസവിധി" അനുസരിച്ചു് രുഗ്മിണിയെതട്ടിക്കൊണ്ടുപോകുന്നു. വിവാഹംചെയ്യണമെന്നു അപേക്ഷിച്ചു് രുഗ്മിണിതന്നെ കൃഷ്ണന്റെ പേൎക്കു് കൊടുത്തയക്കുന്ന എഴുത്തിൽ അവസാനമായിപറയുന്നതു് നോക്കുക.

"യർഹ്യംബുജാക്ഷനലഭേയഭവൽപ്രസാദം
ജഹ്യാമസൂൻവ്രതകൃശാൻശതജന്മഭിഃസ്യാ- [ൽ"
ഭാഗം X 50—43

(അങ്ങയുടെ അനുഗ്രഹം എന്നിൽ ഉണ്ടാകാതിരുന്നാൽ ഉപവാസാദികൾകൊണ്ടു് ദേഹത്തെ ക്ഷീണിപ്പിച്ചു് ഞാൻ പ്രാണനെ ഉപേക്ഷിക്കും. ഇങ്ങനെ എത്രജന്മം ക്ലേശിച്ചു തപസ്സുചെയ്താൽ അങ്ങയെ ഭൎത്താവായി സിദ്ധിക്കുമോ അത്രജന്മവും ഈവിധം വ്രതത്തോടിരുന്നു് ശരീരത്തെനശിപ്പിക്കയല്ലാതെ അന്യന്റെ ഭാൎയ്യയായിരിക്കുക എന്നകാൎയ്യം ഉണ്ടാകുന്നതല്ല.)

ഇങ്ങനെനോക്കുന്നതായാൽ വേദവതി, സീത, രുഗ്മണി ഇവർ ഒരുജീവന്റെ പുനൎജ്ജന്മരൂപങ്ങളാണെന്നുകാണാം. ജീവിതത്തിലെസാഹചൎയ്യങ്ങളും കഥകളും മാറുമെങ്കിലും പ്രധാനമായ ജീവിതോദ്ദേശവും അതുസാധിക്കുന്നതിനുള്ള ഉപായവാസനയും തെളിഞ്ഞുതെളിഞ്ഞുവരും. വിശിഷ്യ ഈശ്വരപ്രാപ്തിയ്ക്കുള്ള യോഗവാസന ക്രമേണ വൎദ്ധിക്കയല്ലാതെ ക്ഷയിക്കയില്ലെന്നു് ശാസ്ത്രസിദ്ധാന്തം.

## ഏററവും പ്രായംകുറഞ്ഞ വനിതാമെമ്പർ

യു. പി. നിയമസഭയിലുണ്ടായ ഒരു ഒഴിവിൽ ഉപരി തിരഞ്ഞെടുപ്പിൽ മിസിസ്സ് സുധാകുമാരിറായിയെ തിരഞ്ഞെടുത്തിരിക്കുന്നു. കാൺഗ്രസ്സ് ടിക്കററിലാണു് ഇവരെ തിരഞ്ഞെടുത്തിട്ടുള്ളതു്. നിയമസഭയിലെ ഒരു മെമ്പറും ഇവരുടെ മാതാവുമായിരുന്ന മരിച്ചുപോയ മിസസ്സ് സുഭദ്രകുമാരിചൗധിന്റെ ഒഴിവിലാണു് തിരഞ്ഞെടുത്തിട്ടുള്ളതു്. ഇൻഡ്യൻ നിയമസഭകളിലെ ഏററവും പ്രായംകുറഞ്ഞ വനിതാമെമ്പർ മിസസ്സ് സുധാകുമാരിറായി ആണു്. ഇവൎക്കു് 24 വയസ്സു പ്രായമുള്ളൂ.

ഗ്രന്ഥവിമർശം.

# സുമംഗലി
അഥവാ
# ബാഷ്പപ്രവാഹം

ഗ്രന്ഥകർത്താ R. K. പിള്ള (വില രൂപാ 1 ണ 8)

ചന്ദ്രാപ്രസ്സ്, ചാല, തിരുവനന്തപുരം.

---

ആദർശമണ്ഡപത്തിന്റെ ജനയിതാവായ ശ്രീ. ആർ. കെ. പിള്ളയുടെ പുതിയ സാഹിത്യസന്താനമാണ് സുമംഗലി അഥവാ ബാഷ്പപ്രവാഹം. ഇതു് തികച്ചും ഒരു സാമുദായിക നോവൽതന്നെയാണ്. മാനവസമുദായത്തിന്റെ കാലാനുകൂലമായ പരിഷ്കരണമാകുന്ന ഉദ്ദേശത്തിൽ കരുവുപിടിച്ചതാണ് ഇതിലെ കഥാശരീരം. മാദകദശയിൽ കാമക്കറയിൽ കലുഷിതമായ പ്രേമം യുവലോകത്തെ അന്ധകൂപത്തിലേക്ക് ആഴ്ത്തുന്നു; അന്തസ്സൗന്ദര്യത്തിന്റെ സാക്ഷാൽകാരത്താൽ സംജാതമാകുന്ന ആത്മാക്കളുടെ ഐക്യം അവരെ വിശ്വവ്യാപകമായ ജീവകാരുണ്യത്തിന്റെ പരപ്പിലേക്ക് ഉയർത്തി വിടുന്നു; ഈ രണ്ടു തത്വങ്ങളേയും ദൃഷ്ടാന്തീകരിക്കുകയാണ് ഈ നോവൽ രചനകൊണ്ടു് ഗ്രന്ഥകാരൻ ചെയ്തിട്ടുള്ളതു്. കാലദേശാവസ്ഥകളുടെ വട്ടവരമ്പുകളിൽ സ്വതന്ത്രഗതിയായ കഥാവാഹിനിയെ വളച്ചുനിറുത്തുവാൻ അദ്ദേഹം തീവ്രയത്നം ചെയ്തിട്ടുണ്ടു്. കലയുടെ കാമനീയകത്തേക്കാൾ ചിന്തയുടെ അഗാധതയാണ് ഇതിൽ പ്രായേണ ദൃശ്യമാകുന്നതു്. കേവലം കെട്ടുകഥയെന്നു തോന്നിക്കാവുന്ന അംശങ്ങൾ ഇടയ്ക്കിടയ്ക്കു സ്ഥലംപിടിച്ചിട്ടുണ്ടെങ്കിലും നൂതനലോകവ്യവഹാരങ്ങളുടെ പല ചിത്രങ്ങളും കാണപ്പെടുന്നതുകൊണ്ടു് (Romance) റോമാൻസിനു് അല്പം മുകളിലും (Realism) റിയലിസത്തിനു് തെല്ലു താഴെയുമായിട്ടാണ് ഈ പുതിയ നോവലിന്റെ നിലയെന്നു നിർണ്ണയിക്കാം. പക്ഷെ നോവൽപ്രസ്ഥാനത്തിന്റെ താഴ്ചയ്ക്കു കാരണം വായനക്കാരുടെ സമയച്ചുരുക്കം മാത്രമല്ല; രചയിതാക്കളുടെ അപാടവംകൂടിയാകുന്നു. ഒരാളിന്റെ ജീവിതത്തിലെ ഏതെങ്കിലും ഒരു കണ്ണികൊണ്ടു് ഒരു ചെറുകഥ ചമയ്ക്കാം. നോവലാകുമ്പോൾ വിഭിന്നകഥാപാത്രങ്ങളേയും വിവിധരസഭാവാദികളേയും കൂട്ടിയിണക്കി കഥയെ ശരിയായ പരിണാമത്തിലേയ്ക്കു നയിക്കുവാൻ ലേഖകൻ ബാദ്ധ്യസ്ഥനാകുന്നു. വ്യാപകമായ പരിജ്ഞാനവും അനുഗ്രഹീതമായ വാസനയും തദനുരൂപമായ പരിശ്രമവും ഒരു നോവലിസ്റ്റിനു കൂടിയേതീരൂ. ഏതായാലും പഴയ പദ്ധതിയിൽ കൂടിത്തന്നെ സധൈര്യം സഞ്ചരിക്കുവാൻ പുറപ്പെട്ടിരിക്കുന്ന മി. പിള്ളയുടെ ഉൽക്കർഷേച്ഛയെ പ്രശംസിച്ചുകൊണ്ടു് കഥയുടെ ഉള്ളിലേക്കു കടക്കട്ടെ.

ധനാഢ്യനായ ശരച്ചന്ദ്രന്റെ ഏകപുത്രി സുമംഗലി; 15 വയസ്സ്. നോവൽ വായനയാണ് തൊഴിൽ. നോവലുകളിൽ കണ്ട പ്രണയപ്പിശാചിന്റെ ആവേശംമൂലം സ്ഥലവാസിയായ ഒരു യുവാവിനെ—സുരേന്ദ്ര

ന്നെ—അവൾ ബലാൽ പ്രേമിക്കുന്നു. സുരേന്ദ്ര പാദത്തെ പുണരാഞ്ഞു ആ ബാലവല്ലരി വാടിവീണു; ഗത്യന്തരമില്ലാതെ അവളുടെ മാതാപിതാക്കന്മാർ 'വെങ്കിട'നെന്ന ഒരു വിവാഹദല്ലാളിൻെറ സഹായത്താൽ സുരേന്ദ്രൻെറ അച്ഛനെ പാട്ടിലാക്കി വിവാഹനിശ്ചയംചെയ്യുന്നു. സുമംഗലി പ്രതീക്ഷയുടെ കുളുർമയിൽ പുളകമണിഞ്ഞു. ഇതിനിടയിൽ, വമ്പിച്ച സ്വത്തിൻെറ അവകാശിയായ മറെറാരു യുവാവ്—രാജൻ. സുമയുടെ സൌന്ദര്യത്താൽ അകൃഷ്ടനായി, മതിൽ ചാടിവന്നു്, അവളുടെ പാദങ്ങളിൽ അനുഗ്രഹം അടിയറവച്ചുനിന്നു. അവളുടെ സഹോദരൻ രവീന്ദ്രൻ ആ കള്ളനെപിടിച്ചു് ജയിലിൽ അടപ്പിക്കുന്നു. ഇതേ അവസരത്തിൽ സുരേന്ദ്രൻ തൻെറ തൊഴിൽശാലയിൽ ജോലിനോക്കിവരുന്ന വിജയൻെറ ഭാര്യയായ വിമലയെ കളങ്കപ്പെടുത്തുവാൻ മുതിരുകയും ആ സാധുദമ്പതികൾ പിഞ്ചുപൈതലോടുകൂടി സ്ഥലം വിടുകയും ചെയ്യുന്നു. ജീവിതം സർവ്വഥാ ഇരുളടഞ്ഞതായി കണ്ട വിജയൻ ഭാര്യയേയും കുഞ്ഞിനേയും വെടിഞ്ഞു് എവിടെയോപോയി സന്യാസം സ്വീകരിച്ചിരിക്കുകയാണു്. റയിൽവേസ്റ്റേഷനിൽ അശരണയായി നിന്ന വിമലയെ, ജയിൽവിമുക്തനായി വണ്ടിയിൽവന്നിറങ്ങിയ വിജയൻ വീട്ടിൽ കൂട്ടിച്ചുകൊണ്ടുവരുന്നു. അച്ഛൻെറ ഒരു രഹസ്യപുത്രിയാണു് ആ യുവതിയെന്നറിഞ്ഞു് രാജൻ വിമലയോടു് ശുദ്ധ സാഹോദര്യത്തിൽതന്നെ പെരുമാറിവന്നു. വിവാഹദിവസം സുരേന്ദ്രൻ കാലുമാറുകയാൽ നിരാശാവിവശയായ സുമ പൊയ്കയിൽ പലപ്രാവശ്യം ചാടിയിട്ടും, മരിക്കാഞ്ഞു് അവസാനം ഗംഗാപ്രവാഹത്തിൽ ശരീരം അർപ്പിക്കുന്നു. ആ നദീമാതാവിൻെറ കാരുണ്യം, അവളെ കല്കട്ടായിലെ ഒരു സിനിമാക്കമ്പനി മാനേജരുടെ മകളാക്കിത്തീർത്തു. കൊലക്കേസിൽ പ്രതിയായി നാട്ടിൽനിന്നും ഒളിച്ചോടിപ്പോയ സുരേന്ദ്രൻ കല്കട്ടായിലെ തെരുവീഥികളിൽ അലഞ്ഞുതിരിഞ്ഞു. ഒടുവിൽ സുമയുടെ ഭർത്തൃപദവി കരസ്ഥമാക്കുകയും, സൂത്രത്തിൽ അവളോടൊന്നിച്ചു് സ്വദേശത്തേയ്ക്കു മടങ്ങിവരികയും ചെയ്യുന്നു. പല ദുർവൃത്തികളിലും ഏർപ്പെട്ടു്, നശീകരണത്തിനൊരുമ്പെട്ട സുരേന്ദ്രനെ രവീന്ദ്രൻ സുമംഗലിയിൽനിന്നും അകററി. അന്നുമുതൽ സുരേന്ദ്രൻ നഗരത്തിലെ ഒരു മുഴുഭ്രാന്തനാണു്—രാജൻ വിജയനെ തപ്പിയെടുത്തുകൊണ്ടുവന്നു് സഹോദരിക്കു സമ്മാനിച്ചു. കർമ്മയോഗമർമ്മജ്ഞനായ വിജയനും വിവേകശാലിനിയായ വിമലയും രാജൻെറ സോഷ്യലിസപ്രവർത്തനത്തെ സജീവമാക്കി വിഗതപാപയായ സുമംഗലിയെ ആത്മപ്രതികൃതിയായ ആ പിഞ്ചുപൈതലോടുകൂടി, വിശാലഹൃദയനായ രാജൻ സ്വീകരിച്ചു. ഇതാണു് കഥയുടെ സംക്ഷിപ്തരൂപം. ലൌകിക പശ്ചാത്തലത്തിൽ നിന്നും പ്രധാന കഥാപാത്രങ്ങൾ ഉയർത്തപ്പെട്ടിട്ടുണ്ടെങ്കിലും സാമാന്യവായനക്കാരുടെ ആസ്വാദനരസത്തെ ഭഞ്ജിക്കാതെ കഥ നിശ്ചിതസ്ഥാനത്തു് എത്തിക്കുവാൻ ഗ്രന്ഥകാരനു കഴിഞ്ഞിട്ടുണ്ടെന്നുള്ള വസ്തുത വിസ്മരിക്കാവുന്നതല്ല. ശൃംഗാരസ്ഥായിയായ രതിയെ അഥവാ രാഗത്തെ ഉദ്ദീപിപ്പിക്കുവാൻ പ്രണയകഥകൾക്കു ശക്തിയുണ്ടെന്നുള്ളതു് സമ്മതിക്കണം. പക്ഷെ ആലംബനവിഭാവത്തെ അശേഷം സ്പർശിക്കാതെ ഉദ്ദീപനവിഭാവത്തെമാത്രം മുറുകെപ്പിടിച്ചുകൊണ്ടു്, കഷ്ടിച്ചു 15 വയസ്സായ നായികയെ മദനപീഡയുടെ മൂർദ്ധന്യദശയിൽ പ്രദർശിപ്പിച്ചതു് ഉചിതമാണെന്നു തോന്നുന്നില്ല. ഒരുവേള നായകൻ ഹൃദയശൂന്യനാണെന്നു പറയുകയാണെങ്കിൽ അത്തരം ഒരു ജഡജീവിയിൽ നായികയുടെ നിർമ്മലഹൃദയം പതിയാനുള്ള ഹേതുക്കളെന്തെങ്കിലും വിശദമാക്കേണ്ടതാ

യിരുന്നു. സുരേന്ദ്രനെ അവൾ കണ്ടിട്ടുണ്ടോ- അല്ലെങ്കിൽ അയാളുടെ സൗന്ദര്യത്തെപ്പററി കേട്ടിട്ടുണ്ടോ? ഈ സംശയങ്ങൾക്കൊന്നും പരിഹാരം കഥയിൽനിന്നു കിട്ടുന്നില്ല. നോവൽ വായിച്ചു വായിച്ചു സുരേന്ദ്രനിൽ അനുരാഗവതിയായി എന്നുമാത്രമെ ഗ്രന്ഥകത്താവു പ്രസ്താവിക്കുന്നുള്ളു. സുരേന്ദ്രനിൽത്തന്നെ അവളുടെ ഹൃദയം കുതിച്ചുചാടിയതു് എങ്ങനെയെന്നു വായനക്കാക്കു മനസ്സിലാക്കാൻ യാതൊരു വഴിയുമില്ല. ദുഷിച്ച നോവലുകൾ യുവലോകത്തെ അസ്ഥാനപ്രണയത്തിലേക്കു തള്ളിവിടുന്നു എന്ന ആദർശത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിക്കണമെന്നുള്ളതാണു് ലേഖകന്റെ ലക്ഷ്യമെന്നു് സമാധാനിക്കാം. സുമംഗലിയുടെ ആശയഗതി വ്യക്തമാക്കുന്നതിനുവേണ്ടി മാത്രമുള്ള ഒരു സൃഷ്ടിയാണു് സുശീല. അതും വേണ്ടതുതന്നെ. പുനർജ്ജന്മം പ്രാപിച്ച നായിക ഈ സാധുസഹോദരിയെ പിന്നൊരിക്കൽപ്പോലും ഓർക്കാത്തതു കഷ്ടമായിപ്പോയി. സുമയുടെ മാതാപിതാക്കൾ പണക്കാരാണെങ്കിലും പഞ്ചപാവങ്ങളാണു്. ഒരു ദല്ലാൾകൂടാതെ തങ്ങളുടെ ഏകപുത്രിക്കു് ഒരു വരനെ ലഭിക്കുവാനുള്ള ഭാഗ്യം അവക്കുണ്ടായില്ല. കുബേരപദവിയിലും ഇത്തരം അലോഹ്യങ്ങൾ നടക്കാറുണ്ടു്.

പിതൃമരണം നിമിത്തം പള്ളിക്കൂടത്തിനു ഗുഡ്ബൈ പറയുന്ന രാജൻ പഠിപ്പിച്ച സാറിനോടു നടത്തുന്ന ന്യായവാദം അയാളുടെ സോഷ്യലിസ വാസനയുടെ അങ്കുരമായി കരുതാം. അതിൽ സ്വാഭാവികതയുടെ സ്വാദു വരുത്തിയിട്ടുമുണ്ടു്. "ഭാര്യാരൂപവതീശത്രു" എന്ന നീതിസാരവചനത്തിന്റെ നിഴലിനു ജീവൻ കൊടുത്തതാണു്, വിമലാവിജയന്മാരുടെ ആദ്യജീവിതം. അവരുടെ വേഴ്ചയിൽ പഴയ ദമയന്തിയുടേയും നളന്റേയും ദയനീയഗാനം കേൾക്കാം. ദാരിദ്ര്യവിശീർണ്ണനായ വിജയന്റെ തത്വചിന്തകളും മാനവസമുദായത്തിനു മറക്കാവുന്നതല്ല. "ജഠരാഗ്നിയിൽ പ്രേമം വെന്തു വെണ്ണീറായിത്തീരുന്നു" ഇത്യാദി നോക്കുക. പക്ഷെ ദീർഘവിയോഗത്തിന്റെ വക്കിൽ പരിക്ഷീണരായി പ്രജ്ഞയററു നിൽക്കുന്ന ആളുകൾക്കു തനി സാഹിത്യത്തിൽ ഇത്രവളരെ പ്രസംഗിക്കാൻസാധിക്കുമോഎന്നു സഹൃദയന്മാർ തീരുമാനിക്കേണ്ടതാണു്. വിജയന്റെ വേർപാടിൽ ഒരു മാതൃഹൃദയത്തിനു വിശ്വസിക്കാൻ പാടില്ലാത്ത മട്ടിൽ തന്റെ ശിശുവിനെക്കൂടി വിസ്മരിച്ചു്, അർദ്ധരാത്രിക്കു ആ സ്ത്രീ വിന്ധ്യപ്രദേശങ്ങളിലും വിരൂപയായി വിരണ്ടുനടന്നു എന്നു് കഥാകൃത്തു് പ്രസ്താവിക്കുന്നു. എന്നാൽ റയിൽവേ സ്റ്റേഷനിൽ വച്ചു ആ കുട്ടിതന്നെ അവളുടെ തോളിൽ പററിപ്പിടച്ചു കിടക്കുന്നതായും കാണുന്നു. ഇതെങ്ങിനെ യോജിക്കും? കുഞ്ഞിനുവേണ്ടി ഭിക്ഷയാചിക്കേണ്ടിവന്നു എങ്കിലും അഭിമാനത്തിനും യൗവനത്തിനും അത്ര ഉടവു തട്ടിയിട്ടില്ലാത്ത വിമലയെക്കൊണ്ടു്. "എന്റെ മുലയിൽ പാലു വററിപ്പോയി" എന്നു യുവജനസമക്ഷം പച്ചയായി പറയിച്ചതു പന്തിയായില്ല. എത്ര യഥാർത്ഥമായിരുന്നാലുംശരി അതിനെ കാവ്യത്തിൽ അശ്ലീലമായേ ഗണിക്കാൻ നിവൃത്തിയുള്ളു. മകന്റെ മുമ്പിൽ വച്ചു് മാതാവിനെക്കൊണ്ടു് അച്ഛന്റെ വ്യഭിചാരദോഷം ഛർദ്ദിപ്പിക്കുന്നതു് ആ കിഴവി വിമലയോടു ആദ്യംതോന്നിയ വെറുപ്പിനും, ഭാവിയിൽ രാജനുണ്ടായ വികാരത്തിന്റെ വേലിയേററത്തിനും മറുമരുന്നാണു്.

സുമംഗലിയുടെ ആത്മഹത്യാസംരംഭത്തെപ്പററി പറയുകയാണെങ്കിൽ "പണ്ടാരോ മഴയത്തു പഴമുറവും തലയിൽവച്ചു കുടിച്ചു ചാകാൻ പോയ" കഥയാണു് ഓർമ്മയിൽ വരുന്നതു്. പ്രണയനൈരാശ്യത്താൽ പ്രാണൻ വെടിയാൻ തീർച്ചപ്പെടുത്തിയ ഒരു യുവ

തിക്ക വെള്ളപ്പാൻകാലത്തെ കാററും, പച്ചവെള്ളത്തിൻെറ തണുപ്പും മററും ബാധകങ്ങളാകുന്നതെങ്ങിനെ? നീന്തു വശമുണ്ടെന്നുള്ളതാണു ഇവിടെ ഒരു രക്ഷ. നീന്താൻ വൈദഗ്ധ്യമുള്ളവരും ഈമാതിരി ഘട്ടങ്ങളിൽ ശക്തിഹീനരായി മരണമടയാറുണ്ടു്. സുമംഗലിയുടെ ആത്മഹത്യ കണ്ടാൽ മരിച്ചാലും ആ മഹതി നീന്തുമെന്നു തോന്നിപ്പോകുന്നു. പരിചയമുള്ള വീട്ടിലെ കുളത്തിൽ മരിക്കാൻ സാധിച്ചില്ല. അതിരിക്കട്ടെ, അതിഗംഭീരമായ ഗംഗാനദീപ്രവാഹത്തിലും ആ നീന്തൽ വിദഗ്ധ വിജയിക്കുന്നു. ബോട്ടിൻെറ കഥ ഓർത്താൽ നേരത്തെ ശട്ടംകെട്ടി നിറുത്തിയിരുന്നതുപോലെ തോന്നാം. ഇതിനെക്കാൾ അത്ഭുതസംഭവങ്ങൾ സിനിമായിലും മററു നോവലുകളിലും കാണാറുള്ളതുകൊണ്ടു ഇങ്ങനെ സംഭവിച്ചതായിത്തന്നെ വിശ്വസിക്കണം. അല്ലെങ്കിൽ കഥ ജീവിക്കയില്ല.

സിനിമാക്കമ്പനി മാനേജർ ആരബ്ധയൌവനയുക്തയായ സുമംഗലിയെ പെട്ടെന്നു വളൎത്തുമകളായി അംഗീകരിച്ചു എന്നു പറയുന്നതിൽ, വഴിയിൽനിന്നും കിട്ടിയ ഒരു കൊച്ചു പെൺകുട്ടിയെ വീട്ടിൽ കൊണ്ടുവന്നു സ്നേഹപൂൎവ്വം വളൎത്തി എന്നു പറയുന്നിടത്തോളം സ്വാരസ്യമില്ല. പ്രായത്തിൻെറ പാകതയും കാലത്തിൻെറ ഹ്രസ്വതയുമാണു് ഈ വിശ്വാസപ്രമേയത്തെ അവതരിപ്പിക്കുന്നതു്. എങ്കിലും കൎമ്മബന്ധത്തിൻെറ തണലിൽ മാനേജരുടെ സന്മനോഭാവത്തിനു സാംഗത്യം കല്പിച്ചേതീരൂ. അച്ഛനെക്കാണാൻവന്ന ഒരു പരപുരുഷനുമായി തുറന്ന രീതിയിൽ സംഭാഷണം ചെയ്യാനുള്ള സൗകൎയ്യം മകൾക്കു ലഭിച്ചതും മഹാഭാഗ്യംതന്നെ. അഥവാ ആ അച്ഛനമ്മമാരും തലയില്ലാത്തവരായിരുന്നിരിക്കണം. അതാണല്ലോ അവർ പറഞ്ഞവണ്ണംതന്നെ സുരേന്ദ്രനു കഷണം ഉദ്യോഗവും ജാമാതൃപദവിയും പ്രദാനം ചെയ്തതു്. സോഷ്യലിസ്റ്റ് നേതാവായ രാജനുമായി ഘടിപ്പിച്ചു് നായികയെ "ജ്ഞാനസ്നാനം" ചെയ്യിക്കാനുള്ള ഉപായമാണു് മാനേജരുടേയും പത്നിയുടേയും വധം. സുരേന്ദ്രൻെറ സ്വഭാവത്തെ കൂടുതൽ കറുപ്പിക്കുന്നതിനും അതു സഹായകമാണു്. സുരേന്ദ്രബീജത്തിൽ ജനിച്ച ശിശുവിനു രാജൻെറ ആകൃതി അണിയിച്ചതു് പരോചരിഷ്ടപരിഗ്രഹദോഷത്തെ കഴുകിക്കളയാൻവേണ്ടി മാത്രമാകുന്നു. ദുൎവൃത്തനായ സുരേന്ദ്രനോടുകൂടി അവൾ നയിച്ച ജീവിതം "തടശിലപോലെ തരംഗലീലയിൽ" എന്ന മട്ടിലായിരുന്നു. അതിനു ഈ ശിശുവാണു ഉത്തമരേഖ. പ്രസ്തുത കല്പനയ്ക്കു നിദാനമായ മനഃശാസ്ത്രം പാണ്ഡവമാതാവായ കുന്തിയുടെ കാലത്തു അനുഭവത്തിലിരുന്നു എങ്കിലും ഇക്കാലത്തു പററുന്നതായി കാണുന്നില്ല. ഏതായാലും കേവലം ശാരീരിക ഘടനയല്ല ആത്മാക്കളുടെ ദിവൈക്യമാണു് സാക്ഷാൽ പ്രേമമെന്നു് ഗ്രന്ഥകൎത്താവു സ്വകൃതികൊണ്ടു സമൎത്ഥിച്ചിട്ടുണ്ടു്.

കൎമ്മയോഗത്തിൻെറ കമനീയമായ വീഥികളിൽകൂടി സോഷ്യലിസ മണിരഥത്തിലേററി നായികാനായകന്മാരെ യഥാൎത്ഥ ജീവിതലക്ഷ്യത്തിലേക്കു നയിച്ചുകൊണ്ടു കാഥികൻ വിരമിക്കുന്നു. സമാപനം സമുചിതമത്രെ. ഘോഷയാത്രാവസരത്തിൽ കൌപീനമാത്രധാരിയായി നെററിമുറിഞ്ഞു നിണവുമണിഞ്ഞു രഥത്തെ സമീപിക്കുന്ന സുരേന്ദ്രനെക്കണ്ടു് സുമയുടെ കണ്ണുകളിൽ ബാഷ്പം പൊടിഞ്ഞു. ആ ബാഷ്പത്തിൻെറ ശീതോഷ്ണസ്ഥിതി നിൎണ്ണയിക്കാനുള്ള ഭാരം വായനക്കാരിൽ നിക്ഷേപിച്ചിട്ടു കാഥികൻ രക്ഷനേടുകയാണു്. ദുൎവൃത്തനെങ്കിലും സുരേന്ദ്രനാണു് സുമംഗലിയെ രാജനോടു ചേൎത്തതു്. അവർ വീണ്ടും സ്വദേശത്തുവരുവാൻ ഇടയാക്കിയതു് സുരേന്ദ്രനാണല്ലോ. പോരെങ്കിൽ കൊച്ചിൻെറ അച്ഛനും. അതുകൊണ്ടു

# ജീവിതവീക്ഷണം

By

(S. P.)

വടക്കെ അമേരിക്കയിലെ പൂർവ്വനിവാസികളായ ചെന്നിറക്കാർ.

അമേരിക്കയിലെ മേച്ചിൽസ്ഥലങ്ങളിൽ പൂർവ്വകാലത്തു് വെളുത്തതൊലിയുള്ള മാട്ടിടയന്മാർ ഉണ്ടായിരുന്നില്ല. ആ പുൽപ്രദേശങ്ങളിൽ വെളുത്തനിറമുള്ളവർ ചെന്നെത്തുന്നതിനുമുമ്പ് വളരെക്കാലമായി താമസം ഉറപ്പിച്ചിരുന്നവരാണു് ചെന്നിറക്കാരായ ഇന്ത്യാനിയർ. പോർട്ടുഗീസ് നാവികശ്രേഷ്ഠനായ കൊളംബസ് ഇൻഡ്യാ കണ്ടുപിടിക്കുന്നതിനുവേണ്ടി ചെയ്ത യാത്രാമദ്ധ്യേ ഇൻഡ്യാ എന്നു വിശ്വസിച്ചുപോയ ആ ഭൂഭാഗത്തിനെ കാലാന്തരത്തിൽ പശ്ചിമ ഇന്ത്യാദ്വീപുകൾ എന്നും തദ്ദേശവാസികളെ ഇന്ത്യാനിയർ എന്നും അറിയപ്പെടുന്നു. അവരുടെ ശരീരവർണ്ണത്തെ അവലംബമാക്കിയാണു് ചെന്നിറക്കാരായ ഇന്ത്യാനിയർ എന്ന അഭിധാനം അവൎക്കു സിദ്ധിക്കയുണ്ടായതു്.

ചെന്നിറക്കാർ പ്രകൃത്യാ അതിധീരരും ഭയങ്കരരൂപികളുമാണു്. അവരുടെ മൃഗയാസങ്കേതമായിരുന്നു ഈ മേച്ചിൽസ്ഥലങ്ങൾ. ആ തൃണവനങ്ങളിൽ കാട്ടുപോത്തു് (bison) തുടങ്ങിയ ഹിംസ്ര മൃഗങ്ങൾ അധിവസിച്ചിരുന്നു. അവരുടെ പ്രധാന തൊഴിൽ വേട്ടയാടുകയായിരുന്നു. ഇവൎക്കു് അമ്പും വില്ലും മാത്രമേ ആയുധമായി അന്നു് ഉണ്ടായിരുന്നുള്ളു. അക്കാലത്തു് ആ പ്രദേശങ്ങളിൽ കുതിര ഇല്ലായിരുന്നു. കാൽനടയായി ചെന്നാണു് അവർ ശക്തിമത്തായ കാട്ടുപോത്തിനെ ശരം പ്രയോഗിച്ചു വേട്ടയാടി വന്നതു്. അവരുടെ ജീവിതത്തിനു് അവശ്യം വേണ്ട സാധനങ്ങൾ ഈ മൃഗത്തെക്കൊണ്ടാണു് അവർ മിക്കവാറും നിവ്വഹിച്ചുവന്നതു്.

താമ്രവർണ്ണക്കാരായ ഇവർ കൂടാരങ്ങളി

---

സുമംഗലിയുടെ ബാഷ്പങ്ങൾ തണുത്തതാവാൻ തരമില്ല. ദൈവമേ! ഇയാളെ ഇനിയെങ്കിലും ഒരു നല്ല മനുഷ്യനാക്കിത്തീർക്കേണമേ! എന്ന പ്രാത്ഥനയുടെ നേരിയ ചൂടു് അവയിൽ കാണും.

"ഗംഗ"യുടേയും "കല്ലൂട്ടാ"യുടേയും പ്രസ്താവനകൊണ്ടു വിദേശമാണു് കഥയുടെ പശ്ചാത്തലമെന്നു തെളിയുന്നു. ഭാഷാരീതി കണ്ടാൽ കൊല്ലത്തുവച്ചു നടക്കുന്നതായി തോന്നും. പാത്രങ്ങളുടെ സംഭാഷണങ്ങളിൽ പൊതുവേ ഒരു നാടൻചുവ കലന്നിട്ടുണ്ടു്. എന്നാലും പഠിക്കേണ്ട പല തത്വങ്ങളും അവിടവിടെ കോത്തിണക്കിയിട്ടുണ്ടു്, "വൈശിഷ്ട്യഗുണവിശേഷങ്ങൾ" "സംഗീതം ആനന്ദസന്ദായകത്വവും ആകർഷണീയകത്വവും ആയതുകൊണ്ടു്" "കോലാചരമം" "പ്രാപിച്ചു" എന്നിത്യാദി പ്രയോഗങ്ങൾ സഹ്യങ്ങളല്ല. എങ്കിലും കൃതി പൊതുവെ നന്നായിട്ടുണ്ടു്. ചിന്താശീലനായ ഈ യുവസാഹിത്യകാരനിൽ നിന്നും അനേകം വിശിഷ്ടകൃതികൾ കൈരളിക്കു ലഭിക്കുമാറാകട്ടെ!

ലാണു് പാൎക്കുന്നതു്. നീളമുള്ള ഏതാനും കമ്പുകൾ തറയിൽ ഉറപ്പിച്ചുനിൎത്തി, അവയുടെ അഗ്രഭാഗങ്ങളെ കൂട്ടിക്കെട്ടിയശേഷം, ആ കൂടിന്റെ എല്ലാവശങ്ങളും മൃഗത്തോലും മററുംകൊണ്ടു് മറയ്ക്കും. അവരുടെ ഇടയ്ക്കുള്ള വീരന്മാരുടെ പ്രശസ്തകൃത്യങ്ങളെ സൂചിപ്പിക്കുന്ന മനോഹര ചിത്രങ്ങൾ കൂടാരത്തിനു് ആവരണമായിരിക്കുന്ന തോലുകളിൽ വരച്ചിരിക്കും. ഒരുസ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേയ്ക്കു മാററിസ്ഥാപിക്കുന്നതിനു് സുകരമായ ഇത്തരം കുടിലിനെ വിഗ്വാം (Wigwam) എന്നു വിളിക്കുന്നു.

ഇന്ത്യാനിസ്ത്രീയെ സ്ക്വാ(Squaw) എന്നാണു് പറയുന്നതു്. സ്ക്വാ എന്ന പദത്തിനു് 'അച്ചി' എന്നാണു് അൎത്ഥം; സ്ത്രീ എന്നും ഭാൎയ്യയെന്നുമാകാം! ഈ വൎഗ്ഗക്കാരുടെ സ്ത്രീകളാണു് ഗൃഹസംബന്ധമായ സകല ജോലികളും ചെയ്യാറു്. വേട്ടയും യുദ്ധവും ഒഴികെയുള്ള കാൎയ്യങ്ങളിൽ ഏൎപ്പെടുന്നതു് അഭിമാനക്ഷയമായിട്ടാണു് പുരുഷന്മാർ കരുതുന്നതു്. പാൎപ്പിടം മാററുന്ന പ്രയാസപ്പെട്ട ജോലിപോലും ഗൃഹിണിയും പെൺകിടാങ്ങളുമാണു് വഹിക്കുന്നതു്; കൂടാരസാമാനങ്ങൾ ഇളക്കിക്കൊണ്ടു പോകുന്നതും അവർതന്നെയാണു്. എത്ര ഘനംകൂടിയ സാധനവും എടുത്തുമാററുന്നതും സ്ത്രീകൾതന്നെ.

വെള്ളത്തനിറക്കാരുടെ ആഗമത്തോടുകൂടി അവരുടെ പക്കൽനിന്നും കുതിരകൾ വിലയ്ക്കുവാങ്ങി ചെന്നിറക്കാർ കുതിരസവാരി ചെയ്യാൻ അഭ്യസിച്ചു. താമസിയാതെ അവർ കുതിരസവാരി ചെയ്യുന്നതിൽ അതിസമൎത്ഥരായിത്തീൎന്നു. പാൎപ്പിടം മാററുന്നതിനും മററും കുതിരകളുടെ വരവോടുകൂടി സ്ത്രീകളുടെ ജോലിക്കു് ലാഘവം ലഭിച്ചുതുടങ്ങി. കൂടാരത്തിന്റെ കമ്പുകൾ കൊണ്ടു് ഒരു വലിയ ചട്ടക്കൂടുണ്ടാക്കി, അതിന്റെ മീതെ മററു സാമാനങ്ങൾ വച്ചു കെട്ടി ഉറപ്പിക്കുന്നു. ആ ചട്ടക്കൂടിനെ മൈതാനത്തിൽക്കൂടി കുതിര വലിച്ചുകൊണ്ടുപോയി പുതിയ വാസസ്ഥലത്തു് എത്തിക്കുന്നു. കൊച്ചുകുട്ടികളെ കുതിരപ്പുറത്തു കയററിയാണു് കൊണ്ടുപോകുന്നതു്. സവാരിസമയത്തു ചില തട്ടുകളും മുട്ടുകളും കിട്ടുമെങ്കിലും, നിശ്ചിതസ്ഥലത്തു് എത്തിക്കഴിയുമ്പോൾ സവാരി അവസാനിച്ചതിൽ കുട്ടികൾക്കു് സങ്കടം തോന്നുക സാധാരണമാണു്.

പുതിയ താമസസ്ഥലത്തു ചെന്നുചേൎന്നാൽ സ്ത്രീകളുടെ ജോലിയാണു് കൂടാരസാമാനങ്ങൾ അഴിച്ചെടുത്തു് പാൎപ്പിടം ശരിപ്പെടുത്തുന്നതും, തീകത്തിച്ചു് ആഹാരം പാകംചെയ്യുന്നതും. ആ സ്ത്രീകളുടെ കൃത്യബോധവും പ്രയത്നശീലവും അത്ഭുതാവഹംതന്നെ!

മരത്തൊലികൊണ്ടുണ്ടാക്കിയ തൂലികയിലാണു് കൈക്കുഞ്ഞിനെ സൂക്ഷിക്കാറു്. ആ തൂലികയ്ക്കകം മൃദുവായ പായൽകൊണ്ടു് ഒരേനിരപ്പിൽ എല്ലാവശവും പൊതിഞ്ഞിരിക്കും. കുഞ്ഞിന്റെ പാദങ്ങളും ശരീരവും കമ്പിളികൊണ്ടു് ആവരണം ചെയ്തു് തലയുടെ ഏതാനുംഭാഗം പുറത്തു കാണത്തക്കവണ്ണം തൂലികയ്ക്കകത്തു് ഇടുന്നു. ഈ തൂലികയ്ക്കു് ഒരു കൊളുത്തു് ഉണ്ടു്. കൂടാരത്തിലുള്ള ഒരു കമ്പിലോ, അടുത്തുള്ള വൃക്ഷത്തിലോ ആ തൂലികയേ തൂക്കിയിടുന്നു. ചിലപ്പോൾ തൂലികയെ മുതുകിൽ തൂക്കിയിട്ടുംകൊണ്ടു് മാതാവു സ്വകൃത്യങ്ങൾ നിൎവ്വഹിക്കുന്നു.

താമ്രവൎണ്ണക്കാരായ പുരുഷന്മാരിൽ ചിലർ കഠിനഹൃദയന്മാരാണു്; അവർ ചിരിക്കുന്നതുപോലും വളരെ അപൂൎവ്വമാണു്.

അനേകം വത്സരങ്ങൾക്കു മുമ്പു് ചെന്നിറക്കാരൻ ധരിച്ചിരുന്ന ചെരിപ്പും, കാലുറകളും, ഉടുപ്പും, തൊപ്പിയുമെല്ലാം മൃഗത്തോൽകൊണ്ടു് ഉണ്ടാക്കിയവ ആയിരുന്നു. ആവരണങ്ങളുടെ പുറത്തു് ചെറിയ മണികളും തുവ

ലുകളും തച്ചുപിടിപ്പിച്ചു് അവരെ മോഹനതരമാക്കിവന്നു. നീണ്ട തലമുടിയിൽ തൂവലുകൾ തിരുകിവയ്ക്കുന്നതു് അവരുടെയിടയിൽ സാധാരണമാണു്. അവരുടെ നേതാക്കന്മാർ ധരിക്കുന്ന തൊപ്പികളുടെ പിൻവശത്തു് നീളമേറിയ ഒരു വാലു് തൂങ്ങിക്കിടക്കുന്നു. ആ അത്ഭുത തൊപ്പിയുടേയും വാലിന്റേയും ബാഹ്യഭാഗം മുഴുവനും കാന്തിയേറിയ കറുത്ത തൂവലുകൾകൊണ്ടു് അലങ്കരിച്ചിരിക്കും.

സ്ത്രീകൾ മിക്കവാറും പുരുഷന്മാരെപ്പോലെതന്നെയാണു് വസ്ത്രധാരണം ചെയ്യുന്നതു്; സ്ത്രീകളുടെ കുപ്പായത്തിനു് ഇറക്കം അല്പം കൂടുതൽ കാണും. ബാലികാബാലന്മാർ ഒരേ രീതിയിലാണു് വസ്ത്രധാരണം ചെയ്യുന്നതു്. യുദ്ധത്തിൽ ഏർപ്പെടുന്ന അവസരങ്ങളിൽ താമ്രവർണ്ണക്കാർ ശരീരം മുഴുവനും വസ്ത്രംകൊണ്ടു് മറയ്ക്കാറില്ല. മുഖത്തിലും ശരീരത്തിലും പലനിറത്തിലുള്ള ചായം പുരട്ടുന്നു. ഈ വിചിത്രവേഷം പരിപന്ഥിവർഗ്ഗത്തെ ഭയപ്പെടുത്തുമെന്നു് അവർ വിചാരിക്കുന്നു. ചെന്നിറക്കാരുടെ സമരായുധങ്ങൾ അമ്പും വില്ലും മൂർച്ചയേറിയ കത്തി, പരിച, കൈക്കോടാലി ഇവയാണു്.

## II

ഈ പ്രദേശങ്ങൾക്കു് കുറേയധികം വടക്കുമാറി ദേവതാരവൃക്ഷങ്ങളും, പയിൻ മരങ്ങളും ധാരാളമായി വളരുന്ന ശൈത്യാരണ്യങ്ങളിലും ചെന്നിറക്കാരായ ഈ വർഗ്ഗക്കാർ അധിവാസം ചെയ്യുന്നുണ്ടു്. അവിടംമുഴുവനും മഞ്ഞുകാലത്തു് ഹിമാവൃതമായിരിക്കും. ഇവർ ശീതബാധയെ തടയത്തക്കവണ്ണം രോമക്കട്ടിയുള്ള മൃഗങ്ങളെ വേട്ടയാടുന്നു; അവയുടെ ചർമ്മം ആ നാട്ടുകാരുടെ ശരീരാവരണത്തിനു് വളരെ യോജിച്ചതാണു്.

ഹിമാവൃതമായ തറയിൽക്കൂടി ചെന്നിറക്കാരായ ഇന്ത്യാനിയർ സ്ലെഡ്ജുകളിൽ കയറി സഞ്ചരിക്കാറുണ്ടു്; പട്ടികളാണു് വണ്ടിവലിക്കുന്നതു്. ചിലപ്പോൾ മഞ്ഞുചെരിപ്പിട്ടു് അവർ നടന്നുപോകാറുമുണ്ടു്. എന്നാൽ വേനൽക്കാലത്തു് സ്ലെഡ്ജും മഞ്ഞുചെരിപ്പും അവർക്കു് ആവശ്യമില്ല; അപ്പോൾ മഞ്ഞുകട്ടയെല്ലാം ഉരുകി വെള്ളമാകുന്നതുകൊണ്ടു്, നദികളിലും തടാകങ്ങളിലുമാണു് അവർക്കു സഞ്ചരിക്കേണ്ടിവരുന്നതു്. അതിനു് അവർ ബർച്ച് മരത്തൊലിയാൽ ഉണ്ടാക്കിയ ഒരുതരം വള്ളം ഉപയോഗിക്കുന്നു. ഒരു ജലാശയത്തിൽനിന്നും മറ്റൊരു ജലാശയത്തിലേക്കു് എടുത്തുകൊണ്ടുപോകത്തക്കവണ്ണം അത്ര ഘനംകുറഞ്ഞതാണു് ഈ വള്ളം. ഊക്കോടെ ഒഴുകുന്നനദികളിൽ വള്ളം നിയന്ത്രിച്ചു് തുഴഞ്ഞുപോകുന്നതിനു് അവർക്കു് നല്ല പരിചയവും പാടവവും ഉണ്ടു്. നല്ല മീൻപിടുത്തക്കാർ ഇവരുടെ കൂട്ടത്തിൽ ധാരാളമാണു്. വേനൽക്കാലം മുഴുവൻ ധീവരന്മാർ ധാരാളം മീൻപിടിച്ചു് സുഖമായി കാലയാപനം ചെയ്യുന്നു.

മാതാപിതാക്കന്മാരുടെ കൃത്യങ്ങളെ അനുകരിക്കുന്നതിനു് ബാലികാബാലന്മാർക്കുള്ള വാസന ജന്മസിദ്ധമാണല്ലോ. പെൺകുട്ടികൾ മനോഹരമായ പാവകൾ ഉണ്ടാക്കുന്നതിലും അവയ്ക്കു് സ്ത്രീപുരുഷഭേദം കല്പിച്ചു് ഉചിതമായ ചെറുകുപ്പായം മുതലായവ ചമച്ചുടുപ്പിക്കുന്നതിലും വളരെ ഉത്സാഹമുള്ളവരാണു്. കൊച്ചുപാവയ്ക്കുവേണ്ടി പുല്ലുമെടഞ്ഞു് ഒന്നാംതരം കളിത്തൂലികയുണ്ടാക്കി, അകത്തുചുററും പായൽ പൊതിഞ്ഞു്, ആ പാവയെ തൂലികയ്ക്കകത്തു് നിക്ഷേപിക്കുന്നു. കൂടാതെ പാവകളെ സൂക്ഷിക്കാൻ ഒരു ചെറുകൂടാരവും നിർമ്മിക്കാറുണ്ടു്. ഈ കളിപ്പാട്ടങ്ങൾ നിർമ്മിക്കുന്നതിനു് സഹോദരന്മാരുടെ ഗണ്യമായ സഹായം അവർക്കു് ലഭിക്കും.

പിതാവൊന്നിച്ചു വഞ്ചികളിൽ സഞ്ചരിക്കുന്നതും മത്സ്യം പിടിക്കുന്നതിനു് അദ്ദേഹത്തെ സഹായിക്കുന്നതുമാണു് ബാലന്മാ

രുടെ ഹിതകരമായ വിനോദം. പിറന്നാൾ ദിവസം പിതാവിൽനിന്നും സമ്മാനമായി ലഭിക്കുന്ന വില്ലുമമ്പും പ്രയോഗിച്ചുകളിക്കുന്നതിനു് ബാലന്മാർ അവരുടെ വിശ്രമാവസരങ്ങളെ വിനിയോഗിക്കുന്നു.

വിദ്യാലയങ്ങളുടെ അഭാവംനിമിത്തം ചെന്നിറക്കാരായ ബാലന്മാൎക്കു് എഴുത്തുംവായനയും പഠിക്കുന്നതിനു് സൌകൎയ്യമില്ല. എന്നാൽ പ്രകൃതിയേയും പക്ഷിമൃഗാദികളേയും മററും പററി നിരവധി കാൎയ്യങ്ങൾ അവർ ഗ്രഹിക്കുന്നുണ്ടു്. അവർ വളരെ സന്തോഷകരമായ ജീവിതമാണു് നയിക്കുന്നതു്. അരോഗദൃഢഗാത്രന്മാരുമാണു്. നീന്തുക, വള്ളത്തിൽ സഞ്ചരിക്കുക; മീൻപിടിക്കുക, അമ്പും വില്ലും പ്രയോഗിക്കുക ഇവയാണു് അവരുടെ വിനോദപരമായ നേരമ്പോക്കുകൾ. ഈ വിനോദങ്ങളെല്ലാം ബാലന്മാരുടെ കായശക്തിയും മനഃശക്തിയും നാൾക്കുനാൾ വൎദ്ധിപ്പിക്കുന്നതിനു സഹായിക്കുന്നവയാണല്ലോ.

---

(പകൎപ്പവകാശം ലേഖകനു്)


# പള്ളത്തിന്റെ കൃതികൾ.

പാരതന്ത്ര്യത്തിന്റെ ചങ്ങലക്കണ്ണികൾ മുറിഞ്ഞുവീഴുന്ന ശബ്ദം, പൌരുഷത്തിൽ കൈവാളിളക്കം, വേലക്കാരുടെ വിയൎപ്പുതുള്ളികളെക്കൊണ്ടു് വെള്ളിവാക്കുന്നതു്, പാവങ്ങളുടെ കണ്ണുനീർ, അസമത്വത്തിന്റെ അന്തിമശ്വാസം, ഭാരതമാതാവിന്റെ തൃക്കൈകളിൽ ചുററികയും അരിവാളും ഇങ്ങനെ ഹൃദയഹാരികളായ നിരവധി അമ്ലാനമലരുകൾ—ഒരു മഹാകവിയുടെ ഹൃദയകേദാരത്തിൽ വിളഞ്ഞ മധുരഫലങ്ങൾ—കൈരളിക്കു് ഇതാ ഒരു തിരുമുൽക്കാഴ്ച.

ഈ പന്ത്രണ്ടു പുസ്തകവും രണ്ടു വാല്യമായി ബയൻറുചെയ്തതു്.

ഓരോ വാല്യത്തിനും 3 രൂപാവീതം.

12 പദ്യകൃതികൾ.

| | | | |
|---|---|---|---|
| 1 സ്വാഗതം | 0 10 0 | 7 രക്തവേദി | 0 10 0 |
| 2 സ്വാതന്ത്ര്യഭിക്ഷ | 0 10 0 | 8 തൊഴിൽശാലയിലേയ്ക്കു് | 0 10 0 |
| 3 സത്യപ്രഭ | 0 10 0 | 9 കാലകല്ലോലം | 0 10 0 |
| 4 ഹൃദയമർമ്മരം | 0 10 0 | 10 ഇരുട്ടിലെ വെളിച്ചം | 0 10 0 |
| 5 മധുരസ്വപ്നം | 0 10 0 | 11 ഭാരതബന്ധു | 0 10 0 |
| 6 പുഷ്പവൎഷം | 0 10 0 | 12 പള്ളിവാൾ | 0 10 0 |

മഹാകവി വള്ളത്തോൾ, മഹാകവി എൻ. കുമാരനാശാൻ,
ഇ. വി. കൃഷ്ണപിള്ള ഇവരുടെ എല്ലാ കൃതികളും വില്പനയ്ക്കുണ്ടു്.

(കൂടുതൽ വിവരങ്ങൾ ഞങ്ങളുടെ വലിയ ക്യാററ്ലാഗിൽ)

മാനേജർ വി. വി. പ്രസ്സ്, കൊല്ലം.

# ക്രൂരകൈക

(കെ. എസ്സ്. ആർ.)

പ്രഭോ! മൂകലക്ഷങ്ങളുടെ നമസ്കാരം!

കിരാതമായ മദ്ദനത്തിനു മുമ്പിൽ നീറിപ്പിടിക്കുന്ന നിരാശാഗത്തത്തിൽനിന്നും, ആദർശത്തിൻെറ പേരിൽ അങ്ങു് അഭ്യുദയം ചെയ്തു.

നിണപ്പുഴകളുടെ മധ്യത്തിൽ, വീപ്പുമുട്ടിക്കുന്ന അന്തരീക്ഷത്തിൽ അങ്ങു തലഉയത്തി.

കിരാതത്വത്തിൻെറ നേരെ അങ്ങു പുഞ്ചിരിച്ചു. മനുഷ്യത്വം അങ്ങിൽ അഭിമാനം പൂണ്ടു.

സാമ്രാജ്യദുഷ്പ്രഭുത്വത്തിൻെറ മരണമണിയടിച്ചു. അടിമത്വം അതിൻെറ ശവക്കുഴി തോണ്ടി.

അടിമകളുടെ ആത്തനാദം അങ്ങയെ ആവേശംകൊള്ളിച്ചു. അവർ പൊഴിച്ച കണ്ണുനീർ ഒരു മഹാസമുദ്രമായി അങ്ങയുടെ മുമ്പിൽകൂടി ഇരമ്പിപാഞ്ഞു. അവർ ഉതിന്ന ദീർഘനിശ്വാസങ്ങൾ അഗ്നികുണ്ഡങ്ങളായി മാറി.

അങ്ങു് പ്രവത്തിച്ചു; മനുഷ്യത്വത്തിൻെറ പേരിൽ മനുഷ്യത്വം വീണ്ടെടുക്കാൻ.

അലതല്ലിവന്ന പ്രതിബന്ധങ്ങൾ അങ്ങയെ കുലുക്കിയില്ല. അപ്രതീക്ഷിതമായി ഉദിച്ചുപൊങ്ങിയ ധൂമകേതുക്കൾ അങ്ങയെ പരിക്ഷീണനാക്കിയില്ല. ലക്ഷ്യത്തിലേയ്ക്കുള്ള അങ്ങയുടെ മിന്നൽപ്രയാണം തടയപ്പെട്ടില്ല.

മനുഷ്യത്വത്തിൽ മാധുര്യം പരത്തിയ മാകന്ദമരന്ദമെ! അങ്ങൊരു അത്ഭുതമനുഷ്യനായി വിധി എഴുതപ്പെട്ടു.

മനുഷ്യനായി ജനിക്കുവാനും, ജീവിക്കുവാനും, മരിക്കുവാനുമുള്ള സ്വാതന്ത്ര്യം ഭാരതീയക്കുള്ള ജന്മാവകാശമാണെന്നു് അങ്ങു് തെളിയിച്ചു.

ഉറങ്ങിക്കിടന്ന അവരുടെ ആത്മാഭിമാനം ഉണന്നെണീററു.

ഭാരതത്തിനു നവോത്ഥാനം ലഭിച്ചു. അവളുടെ അടിമത്വശൃംഖല പൊട്ടിച്ചിതറി.

പട്ടിണി പിശാചിൻെറ നൃത്തരംഗം ഐശ്വയ്യദേവതയുടെ വിഹാരരംഗമായി മാറി.

സേവാഗ്രാമത്തിലെ ത്യാഗിവയ്യാ! അങ്ങയുടെ ത്യാഗം! അതു് ദൈവീകമാണു്!

ദാരിദ്ര്യം ശമിപ്പിക്കുവാൻ അങ്ങു് അദ്ധനഗ്നനായി ജീവിച്ചു. സമ്പത്തു വദ്ധിപ്പിക്കുവാൻ അങ്ങു ചക്രയെടുത്തു.

"സ്വാതന്ത്ര്യം" അതാണങ്ങയുടെ ആത്മഗീതം.

"സത്യം" അതാണങ്ങയുടെ മതം.

"അഹിംസ" അതാണങ്ങയുടെ ആയുധം.

ആഷസംസ്കാരം അങ്ങിൽ അഭയം പ്രാപിച്ചു.

കരാളതയുടെ മുമ്പിലും കനിവുകാണിച്ച കാരുണ്യമൂത്തി! അങ്ങൊരവതാരമാണു്. മാനവമഹത്വത്തിൻെറ മകുടമാണു്.

... ... ... ... ... ...

ഒരു രക്തനക്ഷത്രം ഉദിച്ചുപൊങ്ങി.

വഞ്ചകമായ മൃഗീയത്വം വിഷപങ്കിലമായ അതിൻെറ ശിരസ്സുയത്തി.

ഒരു കൈത്തോക്കു! അഹോ! അതിൻെറ ഘോരകൃത്യം!!

മരിചികയുടെ മാസ്മരശക്തിക്ക് അടി മപ്പെട്ടു വട്ടംകറങ്ങുന്ന മാനവസമുദായമേ! രണ്ടായിരം വഷങ്ങൾക്കുമുമ്പ് നീ ഒരു ജൂഡാസിനെ സൃഷ്ടിച്ചു. ഇന്ന് നീ ഒരു ഗോഡ്സെയെ ജനിപ്പിച്ചിരിക്കുന്നു.

അഹോ! നിൻെറ പുരോഗമനം!! ആ മണിദീപം പൊലിഞ്ഞു, നരവംശം നരകാഗ്നിയിൽ പതിച്ചു. ലോകം വിങ്ങിവിങ്ങി കരഞ്ഞു. ഈ ദയനീയരംഗം ആരു പ്രതീക്ഷിച്ചിരുന്നില്ല. അഹിംസാമൂർത്തിക്കു ഹിംസയിൽനിന്നും മരണമെന്നോ? അതും നിയതിയുടെ വൈഭവമായിരിക്കാം!!

ഇല്ല! ആ പുതിയവദനം ഇനി നമ്മൾ കാണുകയില്ല.

വേദവും ഗീതയും ഓതിയ ആ നാവു് ഇതാ എന്നന്നേക്കുമായി നിശ്ചലമായിരിക്കുന്നു. അശരണരുടെ കണ്ണുനീർ തുടച്ചുകൊണ്ടിരുന്ന ആ മെലിഞ്ഞ കൈകൾ ഇതാ എന്നന്നേക്കുമായി മരവിച്ചു കഴിഞ്ഞിരിക്കുന്നു.

... ... ... ... ... ...

എന്തു്? മരണമോ? അതു അങ്ങയെ സ്പർശിക്കയില്ലേ! ആത്മാവിനു മരണമില്ലെങ്കിൽ മഹാത്മാവിനു മരണമോ?

അങ്ങിന്നും ജീവിച്ചിരിക്കുന്നു. ശതലക്ഷം ജനങ്ങളുടെ ഹൃദയങ്ങളിൽ അങ്ങിന്നും ഒരു കെടാവിളക്കായി ശോഭിക്കുന്നു.

പാവനമായ യമുനാനദിക്കരയിൽ അഗ്നിഭഗവാൻ അങ്ങയെ ആലിംഗനം ചെയ്തു. അതിൽനിന്നും പൊങ്ങിയ ധൂമകേതുക്കൾ മാനവസമുദായത്തിൻെറ മാലിന്യംനീക്കി. അന്നു മുഴങ്ങിയ പ്രാർത്ഥനാഗീതം ഭാരതത്തിനു പാപമോചനം നേടി.

പാപപങ്കിലമായ ലോകത്തെ പാലനം ചെയ്‌വാൻവന്ന പതിതപാവന! വർഗ്ഗീയ വിദ്വേഷത്തിൻെറ ചെന്തീയിൽനിന്നു ഞങ്ങളെ രക്ഷിക്കേണമേ! മതഭ്രാന്തിൻെറ കൂരിരുളിൽനിന്നും ഞങ്ങളെ പ്രകാശത്തിലേക്കു നയിക്കേണമേ!

രാജഘോട്ടിലെ മഹർഷേ! ഇന്നങ്ങ് ലോകത്തിൻേറതാണ്. ഭാരതത്തിൻേറതല്ല.

സ്വർഗ്ഗസ്ഥനായ പിതാവെ! മുകലക്ഷങ്ങൾ അങ്ങയുടെ പുനരാഗമനം പ്രതീക്ഷിക്കുന്നു. ഞങ്ങളെ അനുഗ്രഹിച്ചാലും.

ആത്മഹത്യയിലേക്കു കുതിച്ചുകൊണ്ടിരുന്ന ഭാരതത്തെ രക്ഷിക്കുവാൻ ആത്മാവിനെ അപ്പണംചെയ്ത ത്യാഗശീല.

—o—

## ഏററവും വലിയ സമ്പന്നൻ.

—:o:—

ഹൈദ്രാബാദിലെ നൈസാമാണ് ഇന്നു ലോകത്തിലെ ഏററവും ധനികൻ. അദ്ദേഹത്തിൻെറ സമ്പത്തു കറൻസിനോട്ടുകളായിട്ടുള്ളതല്ല. അവ സ്വർണ്ണനാണയങ്ങളായിട്ടും വെള്ളിനാണയങ്ങളായിട്ടും കൂടികിടക്കുകയാണ്.

മുൻപത്തെ നൈസാം ചരമം പ്രാപിച്ചപ്പോൾ ഖജനാവു ഒഴിഞ്ഞു കാണപ്പെട്ടു. ധർമ്മിഷ്ടനും ഉദാരമതിയും കുലീനനും എന്ന നിലകളിൽ അദ്ദേഹം പ്രശസ്തനായിരുന്നു. അദ്ദേഹത്തിൻെറ പുത്രനായ മീർ ഉസ്മാൻ ആലി (ഇന്നത്തെ നൈസാം) 1911 ആഗസ്റ്റിലാണ് സിംഹാസനാരോഹണം ചെയ്തതു്.

അന്നുമുതൽക്ക് അദ്ദേഹത്തിനു പാരിതോഷികങ്ങൾ ലഭിച്ചുകൊണ്ടിരുന്നു. ആദ്യകാലത്തു അദ്ദേഹം തൻെറ ഡൊമിനിയനുകളുടെ എല്ലാ ഭാഗങ്ങളിലും സഞ്ചരിക്കുകയും തനിക്കു പാരിതോഷികങ്ങൾ നൽകുന്നതിനു ജനങ്ങളെ നിർബ്ബന്ധിക്കയും ചെയ്തിരുന്നു.

# അന്ധവിശ്വാസം

(വിദ്വാൻ ചെമ്പിൽ എൻ. പി. പണിക്കർ)

"വിശ്വാസം" എന്നതു് ഒരുതരം ബോധവിശേഷം മാത്രമാണു്. ഓരോ വ്യക്തിയുടേയും അന്തരശക്തികൾ വിഭിന്നങ്ങളായേ നിലകൊള്ളുമാറുള്ളു. മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം എന്നീ അന്തഃകരണങ്ങളുടെ ഭിന്നഭിന്നമായ വികാസനിലകളെ ആശ്രയിച്ചിരിക്കും അതുകൾ ഉൾക്കൊള്ളുന്ന വിശ്വാസഭേദങ്ങളും. പ്രകൃതിയിൽ ഒരു വസ്തുവും സമനിലയിൽ കാണപ്പെടാത്തതു് ഏതുപോലെയോ, അതുപോലെതന്നെ അന്തരപ്രകൃതിയിലും സമത്വം അത്ര സുലഭമായി കാണപ്പെടുന്നില്ല. ഒരുവസ്തുവിനെ നിരീക്ഷിച്ചു പഠിക്കുന്ന ഒരാൾക്കു്, അയാളുടെ അന്തഃശക്തികളുടെ വികാസത്തോതിനു് അനുസരണമായി, ആ വസ്തുവിനെക്കുറിച്ചു ചില ബോധാങ്കുരങ്ങൾ ഉണ്ടാവുകയും അവ ക്രമേണ സ്ഥായിയായ വിശിഷ്ട ബോധമായി പരിണമിക്കയും ചെയ്യുന്നു. ഈ ബോധത്തേയാണു് സാമാന്യേന 'വിശ്വാസം' എന്നു പറഞ്ഞുവരാറുള്ളതു്. ദൃഷ്ടാന്തങ്ങൾകൊണ്ടും പരീക്ഷണംകൊണ്ടും ആ വിശ്വാസം ദൃഢദൃഢമായിത്തീരുന്ന മുറയ്ക്കു് അയാളെ സംബന്ധിച്ചിടത്തോളം അയതു പരിശുദ്ധവിശ്വാസമായിത്തീരുന്നു. ഇങ്ങനെ സ്വന്തം അനുഭവത്തെ പ്രമാണമാക്കി സമ്പാദിച്ചിട്ടുള്ള വിശ്വാസത്തെ അയാൾക്കു പ്രചരിപ്പിക്കുവാൻ അവകാശമുണ്ടല്ലോ. പ്രചരണവിജയത്തിനു് അവശ്യം വാഗ്വിലാസവും ഉടനുടൻ ഉദാഹരണസാമൎത്ഥ്യവും വേണ്ടതാണു്. ബഹുമതനും സ്വാധീനശക്തിയുള്ളവനുമായ ഒരാൾക്കു്, തന്റെ വിശ്വാസാചാരമൎയ്യാദകളെ മറ്റുള്ളവരിൽ ഫലിപ്പിക്കുവാനും അയതു സാമാന്യജനങ്ങൾ കണ്ണുമടച്ചു വിശ്വസിക്കുവാനും സൌകൎയ്യമുണ്ടു്. ചിന്താശീലം ഉള്ള ചിലൎക്കു വിസമ്മതമാണെങ്കിൽ അതിനെ അത്ര ഗണ്യമാക്കാതിരുന്നാൽ മതി.

"ബ്രാഹ്മേ മുഹൂൎത്തേ, ഉത്തിഷ്ഠേൽ" ബ്രാഹ്മമുഹൂൎത്തത്തിൽ ഉറക്കമുണൎന്നു് എഴുന്നേല്ക്കണം. ഇതു് ഒരു അനുശാസനമാണു്. ബ്രാഹ്മമുഹൂൎത്തം എന്നതു സാധാരണമായി അഞ്ചുവെളുപ്പുള്ളപ്പോൾ ആണെന്നു വെച്ചിട്ടുണ്ടു്; അതായതു വെളുപ്പിനു നാലുമണിക്കു്. ഈ ശാസനം ഒരന്ധവിശ്വാസമാണെന്നു നവീനന്മാരിൽ ചിലർ പറയുന്നു. കാരണം, "നാലുമണിക്കു് പ്രകൃതിയിൽ ഉണ്ടാകുന്ന കുളിർകാററു് സുഖനിദ്രയ്ക്കു് ഉതകുന്നതാണു്; ആ സമയത്തു് ഉണരണം എന്നു പറയുന്നതു് പ്രകൃതിയെ അവഗണിക്കുകയാണു്; അങ്ങനെ ഉണൎന്നാൽ ആരോഗ്യത്തിനു ഹാനികരമായിരിക്കും. അതുകൊണ്ടു്, ആചാൎയ്യന്മാരുടെ അനുശാസനം എന്നു പറഞ്ഞു് കണ്ടമാനം

---

ഭൂമിയുടമസ്ഥന്മാൎക്കും ജാഗിർദാർകൾക്കും അവരുടെ വാൎഷികവരവിന്റെ 25 ശതമാനം നൈസാമിനു കൊടുക്കേണ്ടിവരുന്നു. വ്യാപാരികൾക്കും മററു കുബേരന്മാൎക്കും അവരുടെ വമ്പിച്ച തുകകളുമായി വേർപെടേണ്ടിവന്നു:

ഇപ്പോൾ നൈസാമിന്റെ പക്കൽ കുറഞ്ഞപക്ഷം ഇരുനൂറുകോടി രൂപയുണ്ടു്.

(ദി, എൽ. ദേവി സ്വതന്ത്രയിൽ എഴുതിയിരുന്നതിൽനിന്നു്.)

—:o:—

പെരുമാറിയാൽ ആയുസ്സിനു കേടുവരുത്താമെന്നെയുള്ളൂ." രാത്രി മിക്കപ്പോഴും 12 മണിവരെ വിനോദങ്ങളിലും ചീട്ടുകളി മുതലായ ക്രീഡകളിലും സമയം ചെലവാക്കിയതിനുശേഷം, ഉറങ്ങാനായി രണ്ടു മണിക്കു ശയ്യയെ ശരണം പ്രാപിക്കുന്ന പരിഷ്കാരികൾ മേൽപ്പറഞ്ഞ യുക്ത്യാഭാസപ്രഖ്യാപനംകൊണ്ടുമാത്രമെ സ്വന്തം ദുഷ്കൎമ്മത്തെ സാധൂകരിക്കാൻ സാധിക്കയുള്ളൂ. സ്വപ്നം, സുഷുപ്തി, സ്വപ്നം, ജാഗ്രത്തു് ഇങ്ങനെ അഭ്യന്തരപ്രകൃതി ചില നിയമങ്ങൾ ജീവജാലത്തിനു നിയമനംചെയ്തു വച്ചിട്ടുണ്ടു്. ഉറങ്ങാൻ കിടക്കുമ്പോൾ ജാഗ്രതാവസ്ഥയാണല്ലോ. ആ അവസ്ഥ, പഞ്ചേന്ദ്രിയങ്ങൾ അതാതുകളുടെ വിഷയങ്ങളിൽ പ്രവൎത്തിച്ചുകൊണ്ടിരിക്കുമ്പോൾ ഉള്ളതാകുന്നു. ഇന്ദ്രിയങ്ങളിൽനിന്നും ജീവകേന്ദ്രങ്ങളിലേക്ക് വിഷയപ്രവൎത്തനം പിൻവലിയുന്നതോടുകൂടി, കണ്ണിനു കാഴ്ചയില്ല, ചെവിയ്ക്കു കേൾവിയില്ല; മൂക്കിനു ഗന്ധജ്ഞാനമില്ല = ഇങ്ങനെ ഓരോ ഇന്ദ്രിയവും അതാതിൻെറ വിഷയത്തിൽ പ്രവൎത്തിക്കാതെ വരുന്നു. ആമ അതിൻെറ കാലുകൾ ഉള്ളിലേക്കു വലിക്കുന്നതുപോലെ വിഷയപ്രവൎത്തനം ജീവകേന്ദ്രത്തിലേക്കു മെല്ലെ മെല്ലെ വലിയുന്നു. ബാഹ്യേന്ദ്രിയങ്ങളിൽ നിന്നു വിട്ടകയും ജീവകേന്ദ്രങ്ങളിൽ എത്തിച്ചേരാതിരിക്കയും ചെയ്യുന്ന ആ ഘട്ടമാണു് ആദ്യത്തെ സ്വപ്നാവസ്ഥ. ജീവകേന്ദ്രത്തിൻെറ പരിസരപ്രദേശത്തെ പ്രാപിക്കുമ്പോൾ മുതൽ സുഷുപ്തി എന്ന ദിവ്യാവസ്ഥ ഉണ്ടാകുന്നു. സുഷുപ്തി ഘട്ടം ഏതാനുംസമയത്തേക്കുമാത്രമെ നിലനില്ക്കുന്നുള്ളൂ. വീണ്ടും കേന്ദ്രത്തിൽനിന്നു വിട്ടു വിട്ടു വിഷയപ്രവൎത്തനം തിരിച്ചുപോരുന്ന ആ ഘട്ടം ഒടുവിലത്തെ സ്വപ്നകാലവും, ഇന്ദ്രിയങ്ങളിൽ വന്നുചേരുമ്പോൾ ജാഗ്രദവസ്ഥയും ഉളവാകുന്നു. ജീവചൈതന്യത്തിൻെറ ചില പ്രത്യേക അണുക്കളുടെ പ്രവൎത്തനമാണു ഇതിനെല്ലാം നിദാനമായിത്തീരുന്നതു്. താദൃശ്യാണുക്കളുടെ നിരന്തരമായ വ്യവസായത്തിനു് ഉചിതമായ സന്ദൎഭത്തിൽ ഒരു നിയന്ത്രണം നൽകേണ്ടതു് ആവശ്യമാണെന്നു പ്രകൃതിതന്നെ സങ്കല്പിച്ചിട്ടുണ്ടു്. ബാഹ്യപ്രകൃതിയിൽ നിന്നു് അതിനുള്ള പ്രചോദനം കോഴി മുതലായ പറവകൾ മുഖേന മനുഷ്യരാശിക്കു് ഉണ്ടാകുന്നുമുണ്ടു്. അന്തഃകരണങ്ങളുടെ നൈൎമ്മല്യത്തിനും സ്വച്ഛമായ ഹൃദയാകാശവികാസത്തിനും ഭൗതികമായ പ്രപഞ്ചകൃത്യങ്ങൾക്കു കളമൊരുക്കുന്നതിനും ഉതകത്തക്ക ഒരു മുഹൂൎത്തമാണു് ബ്രാഹ്മമുഹൂൎത്തം. ആ സമയത്തു് ഉണൎന്നു്, പ്രപഞ്ചകാരണമായ ആ പരമവസ്തുവിനെ നിൎന്നിമേഷമായി അന്തശ്ചക്ഷുസ്സുകൊണ്ടു് കാണുകയും സ്മരിക്കുകയും ചെയ്യണമെന്നുള്ളതാണു് ആചാൎയ്യാനുശാസനം. "ഈ പറയുന്നതെല്ലാംതന്നെ 'അന്ധവിശ്വാസം' അല്ലയോ?" തീൎച്ചപ്പെടുത്തുന്നതിനു മുമ്പു് ഒന്നു പരീക്ഷിച്ചു നോക്കണം. നിഷ്കൃഷ്ടയോടുകൂടിയ പരിശോധന കഴിച്ചിട്ടുവേണം വിധി കല്പിക്കുവാൻ.

തൻെറ ബുദ്ധിക്കു് എത്തുപെടാതിരിക്കുന്ന കാൎയ്യമെല്ലാം 'അന്ധവിശ്വാസം' അന്നെന്നു മുദ്രയടിച്ചുതള്ളുന്ന ഒരുവകക്കാരുണ്ടു്. അവൎക്കു കാൎയ്യകാരണജ്ഞാനം ഉണ്ടാവാൻ കാരണമാകുന്നതുവരെ, അന്ധവിശ്വാസശങ്ക നിലനില്ക്കും. അല്പം ചിലതു പഠിച്ചിട്ടുള്ളവൎക്കുപോലും ഈ വ്യാപത്തു സംഭവിച്ചുകാണുന്നുണ്ടു്; ഒരുപക്ഷെ, ഭൎത്തൃഹരി പറയുന്നതുപോലെ, "അജ്ഞഃ സുഖമാരാദ്ധ്യഃ-സുഖതരമാരാദ്ധ്യതേ വിശേഷജ്ഞഃ" എന്നുള്ളതു് ഒരു പരമാൎത്ഥകഥനംതന്നെയാണെന്നു സമ്മതിക്കണം. "അല്പവിദ്യ ആപൽക്കര"മാണെന്നും കേൾവിയുണ്ടു്. ഈയിടെ "മനോരമയിൽ" ഒരു നല്ല ലേഖനം കാണുകയുണ്ടായി. അതിൽ ഒരു ഭാഗത്തു് ആദിത്യൻെറ നിസ്സീമമായ മാഹാത്മ്യം ഹേതുവായി

പുരാതന ഹിന്ദുക്കൾ സൂൎയ്യദേവഭജനം നിത്യകൎമ്മമായി ആചരിച്ചുപോന്നു...............................പ്രസ്തുത വിശ്വാസം "അന്ധവിശ്വാസം" ആണെങ്കിൽ തന്നെയും............ "ഒരു ജ്യോത്സ്യനായ പ്രസ്തുത ലേഖകൻ വരാഹമിഹിരന്റെ ഹോരാശാസ്ത്രം അഭ്യസിച്ചിട്ടുള്ള ഒരു പണ്ഡിതനാണെന്നു കാണുന്നു. 'ആദിത്യസേവ' അന്ധവിശ്വാസമാണെന്നു സിദ്ധവല്ക്കരിച്ചുകൊണ്ടു് അദ്ദേഹം, ആ സങ്കല്പം സൂൎയ്യന്റെ അസാധാരണ മാഹാത്മ്യം കണ്ടു മഹർഷികൾ തെററിദ്ധരിച്ചിട്ടുള്ളതാണെന്നുംകൂടി ധ്വനിപ്പിക്കാറുണ്ടു്. ആ പ്രസ്താവനയ്ക്കു് അദ്ദേഹത്തിനു മററു ചില കാരണവും ഉള്ളതായി കാണുന്നു. "നമുക്കു ദൃഷ്ടിഗോചരമായ സൎവ്വചരാചരകാരകൻ എന്നു സങ്കല്പിച്ചു ഹിന്ദുക്കൾ ഭജിച്ചുവന്നു. ഗുണാൽക്കർഷതമൂലം പ്രാധാന്യം സമ്മതിക്കാം എങ്കിലും, ആദിത്യനെ സൃഷ്ടിച്ചതു് ഈശ്വരനാണെന്നുള്ള പരമാൎത്ഥം വിസ്മരിക്കാവതല്ല" എന്നും കൂടി അദ്ദേഹത്തിനു് അഭിപ്രായമുള്ളതാണു്.

ഹിന്ദുക്കൾ സൂൎയ്യദേവനെ ഭജിച്ചുപോന്നു; ഇപ്പോഴും ഭജിക്കുന്നുമുണ്ടു്. വിശ്വവിജയിയായ വിശ്വാമിത്ര മഹർഷിയാൽ ഉപജ്ഞാതമായിട്ടുള്ള സൂൎയ്യഗായത്രിമന്ത്രംകൊണ്ടു് ആദിത്യഭജനം ചെയ്യുന്നവർ ഹിന്ദുക്കളിൽ അനവധി പേർ ഇന്നും ഉണ്ടു്. ക്രിസ്തുദേവന്റെ സദുപദേശങ്ങൾ അനുസരിച്ചു ജീവിക്കുന്ന യഥാൎത്ഥ ക്രിസ്ത്യാനികളിൽ ചിലർ പ്രസ്തുത ഗായത്രിയെ ഉപാസിക്കുന്നതായി ഇതെഴുതുന്ന ആളിനു പ്രത്യക്ഷമായി അറിയാവുന്നതാണു്. "യാതൊരു ദേവനാണോ മർത്ത്യാത്മാക്കളായ ഞങ്ങളുടെ ബുദ്ധീന്ദ്രിയങ്ങളെ പ്രചോദിപ്പിച്ചുകൊണ്ടിരിക്കുന്നതു്, സവിതാവായ ആ ദേവന്റെ ബാഹ്യവും ആഭ്യന്തരവുമായിരിക്കുന്ന പ്രകാശധോരണികളെ ഞങ്ങൾ ഭക്തിപൂൎവ്വം ധ്യാനിച്ചുകൊള്ളുന്നു."കളങ്കലേശാസ്പൃഷ്ടവും,ബുദ്ധിപ്രകാശപ്രചോദകവും ആയിരിക്കുന്ന പ്രസ്തുത സങ്കല്പധ്യാനം അന്തഃകരണങ്ങളുടെ സകല മാലിന്യങ്ങളേയും കഴുകിക്കളയുന്നതിനു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതത്രേ.

ഏതാണു് സാക്ഷാൽ 'അന്ധവിശ്വാസം' എന്നു പരിശോധിച്ചുനോക്കാം. ദ്യാവാപൃഥിവികളേയും അവയിലുള്ള സമസ്ത ചരാചരങ്ങളേയും സൃഷ്ടിച്ചു പുലൎത്തി ലയിപ്പിക്കുന്നതു് 'ഈശ്വരൻ' എന്ന പേരിൽ അറിയപ്പെടുന്ന "മനസ്സു്" എന്ന മഹാമായകൻ ആണെന്നും, അല്ലാതെ ഒരു കുശവൻ അവന്റെ ആലയിൽ ഇരുന്നുകൊണ്ടു് മണ്ണും ചെളിയും "കൂട്ടിക്കുഴച്ചു പല വലുപ്പത്തിലും പല രൂപത്തിലും, പല നാമത്തിലും ചട്ടി, കലം, കുടം, മുതലായവയെ കരുപ്പിടിപ്പിച്ചു സൃഷ്ടിച്ചു വെളിയിൽ ഇറക്കുന്നതുപോലെ, എങ്ങും പിടിയുമില്ലാത്ത ഏതോ ഒരു നിഗ്രഢസ്ഥാനത്തിരുന്നുകൊണ്ടു് 'ഈശ്വരൻ' എന്നപേരിൽ അറിയപ്പെട്ടുവരുന്ന ഒരു മഹാൻ സൌരയൂഥപ്രധാനിയായ സൂൎയ്യനേയും മററു ജ്യോതിസ്സുകളേയും അന്തരീക്ഷമണ്ഡലത്തിനും, മനുഷ്യമൃഗപക്ഷ്യാദികളായ ചരങ്ങളേയും വൃക്ഷലതാദികളായ അചരങ്ങളേയും ഭൌതികലോകത്തിലും മുറയ്ക്കു മുറയ്ക്കു് അങ്ങു സൃഷ്ടിച്ചു തള്ളിക്കൊണ്ടിരിക്കയാണെന്നും ശാസ്ത്രജ്ഞാനമുള്ള ഒരു യഥാൎത്ഥ ഹിന്ദുവും സങ്കല്പിക്കുകപോലും ചെയ്യുകയില്ല. താദൃശസങ്കല്പംതന്നെയാണു് ഒരു യഥാൎത്ഥ ഹൈന്ദവൻ "അന്ധവിശ്വാസം" എന്നു പറയാറുള്ളതു്. പണ്ഡിതനായ ജ്യോത്സ്യൻ ഹോരയിലെ പ്രഥമപദ്യമായ "മൂൎത്തിത്വേ ..............ത്രൈലോക്യദീപോ രവിഃ" ഇത്യാദിയിലെ "ത്രൈലോക്യദീപോ രവിഃ" എന്ന ഭാഗം അദ്ദേഹത്തിന്റെ "സൂൎയ്യബിംബം" എന്ന ലേഖനത്തിൽ ഉദ്ധരിച്ചിട്ടുണ്ടല്ലോ. 'ത്രൈലോക്യദീപ'ശബ്ദത്തിന്റെ വി

സ്തൃതവും വിശാലവും ആയ വ്യാഖ്യാനം കൂടി അദ്ദേഹം സൂക്ഷ്മതയാ ഗ്രഹിക്കാതിരിക്കുവാൻ വഴിയില്ല. ആ സ്ഥിതിക്കു്; ഹിന്ദുക്കളുടെ സൂര്യഭജനം അന്ധവിശ്വാസമാണെന്നു് അദ്ദേഹത്തിനു് എങ്ങനെ പറയാമെന്നു ശങ്കിക്കേണ്ടിയിരിക്കുന്നു.

ഇരിക്കട്ടെ, പാശ്ചാത്യഗണിതശാസ്ത്രജ്ഞന്മാർ ശക്തിയേറിയ മഹായന്ത്രങ്ങളുടെ സാഹായത്താൽഖഗോളനിരീക്ഷണം ചെയ്തു്, പുരാതന മഹർഷിമാർ കണ്ടറിഞ്ഞിട്ടില്ലാത്ത അനേകം അത്ഭുതങ്ങൾ അന്തരീക്ഷമണ്ഡലത്തിൽ കണ്ടുപിടിച്ചു രേഖപ്പെടുത്തിയിരിക്കുന്നു! വാസ്തവം തന്നെ. ആ പരിശ്രമശാലികളായ മഹാന്മാരുടെ പ്രയത്നത്തിനുള്ള സാഫല്യം ഇനിയും സിദ്ധിക്കേണ്ടതായിട്ടല്ലേ ഇരിക്കുന്നതു. കണ്ടുപിടിക്കുന്നതു് യന്ത്രമോ? അതോ മനുഷ്യബുദ്ധിയോ? ഒരിക്കലും പൂർണ്ണതയെ പ്രാപിക്കുവാൻ ഇടയില്ലാത്ത പ്രാപഞ്ചികന്റെ ബുദ്ധീന്ദ്രിയത്തിനു 'അപ്രമാദിത്വം' ഉണ്ടാവാമോ? പ്രമാദിയാണെങ്കിൽ ആ ബുദ്ധികണ്ട വസ്തുവും പ്രമാദരഹിതമായിരിക്കാമോ? പ്രമാദരഹിതമെന്നു പറയാൻ പാടില്ലെങ്കിൽ അവക കണ്ടുപിടുത്തങ്ങളുടെ കഥ കൊണ്ടാടുന്നതു യഥാർത്ഥമായ ഒരു സാക്ഷാൽ "അന്ധവിശ്വാസം" അല്ലയോ?

വിശ്വാസം ജീവശ്വാസത്തിലൂടെ ഉൾക്കൊള്ളേണ്ടതായ ഒരു തത്വമാകുന്നു. കാര്യകാരണന്യായേന, യൌക്തികബോധത്തോടുകൂടി പ്രപഞ്ച നിരീക്ഷണ പരീക്ഷണങ്ങളാൽ സത്യം അന്വേഷിച്ചറിഞ്ഞു അനുഭവേ


## അസ്ഥിസ്രാവത്തിന്നു 'സ്രാവാമൃതം.'

അസ്ഥിസ്രാവം, വെള്ളപോക്കു്, ശുക്ലസ്രാവം, തൽസംബന്ധമായി വയറുകത്തൽ, തണ്ടെൽകഴപ്പു്. കൈകാൽ തളർച്ച, നെഞ്ചിടിപ്പു്, വിളർച്ച, തലചുററൽ, രാത്രിജ്വരം തുടങ്ങിയ ഉപദ്രവങ്ങളാൽ ശരീരം ശോഷിച്ചു ആരോഗ്യം നശിച്ചു കണ്ണുകൾ കുഴിഞ്ഞു കവിളൊട്ടി വികൃതരൂപികളായി ജീവിതം തള്ളിനീക്കുന്നതു എന്തിനു്? സ്ത്രീപുരുഷന്മാർക്കു ഒന്നുപോലെ ആശ്വാസപ്രദമായ സ്രാവാമൃതം സേവിച്ചു് രോഗവിമുക്തരാകുവിൻ.

ഈ സിദ്ധൌഷധത്തിനു് റാത്തൽ 1-ക്കു് 5 ക. മാത്രം.

**രജഃപ്രവർത്തനി.** ഇതു് സ്ത്രീകൾക്കു് ഒരു അനുഗ്രഹമാണു്. അല്പമായും ഭയങ്കര വേദനയോടും ഋതുകാലം തെററിയും ഉണ്ടാകുന്ന ആർത്തവത്തെ ക്രമപ്പെടുത്തി ശരീരത്തിനുള്ള വിളർച്ച, അടിവയററിൽ ഘനം, വയററിൽ വേദന, ഗുന്മം മുതലായവയെ ക്ഷണത്തിൽ മാററുന്നതിനുള്ള ഒരു ദിവ്യൌഷധം. മൂന്നുമാസത്തെ ഉപയോഗത്തിനു് 4 രൂപാ 8 അണ.

N. B. ഈ മരുന്നു് ഗർഭിണികൾ, ഒരിക്കലും ഉപയോഗിക്കരുതു്.

**ഊക്കൻസു്, എ. എസ്. പൽപൊടി.**

പല്ലിലും ഊനിലും ഉണ്ടാകുന്ന എല്ലാരോഗങ്ങളേയും മാററി പല്ലിനു് ഉറപ്പും വായ്ക്കു് നല്ല രുചിയും ഉണ്ടാക്കും.

പാക്കററു് 2 അണ. കച്ചവടക്കാർക്കു് ഗ്രോസിനു് 12 ക.

എഴുത്തുകൾ പോസ്റ്റാഫീസ് മുഖേന അയയ്ക്കേണ്ടതാണു്.

പാക്കിംഗും തപാലും പുറമെ.

സെൻറ് ജോസഫ് ഔഷധശാല,

P. O. മുല്ലശ്ശേരി, S. മലബാർ.

ത്തിൽ വരുത്താൻ കഴിയുന്ന വസ്തുതയിൽ മാത്രമെ സാക്ഷാത്തായ വിശ്വാസം സ്ഥിരമായി സ്ഥിതിചെയ്യുകയുള്ളൂ. അങ്ങനെ ഉള്ളതല്ലാത്ത സകലവും 'അന്ധവിശ്വാസം' എന്നു പറയണം. 'അന്ധഗജന്യായ'ത്തിലെ നാലു അന്ധന്മാർ ആനയെ തപ്പിത്തടഞ്ഞു ഗ്രഹിച്ച്, ഒടുവിൽ വാദപ്രതിവാദങ്ങൾക്കിടയായതുപോലെ 'സാക്ഷാൽ സത്യത്തി'ന്റെ സ്വരൂപം അന്തർമുഖമായി ഗവേഷണംചെയ്തിട്ടുള്ള മഹർഷിമാർ പലരും പലവിധത്തിൽ പ്രഖ്യാപനം ചെയ്തിട്ടുള്ളതിന്റെ ചില മൂലകൾ മാത്രം കണ്ട്, ഏതുമാത്രമാണ് 'സത്യം' എന്നു പ്രലപിക്കയും മറ്റുള്ളതെല്ലാം 'അന്ധവിശ്വാസം' എന്നു മുദ്രയടിച്ചു തള്ളുകയുംചെയ്യുന്നതു സുജനസമ്മതമാവുകയില്ലെന്നേ ഇവിടെ പറയേണ്ടതുള്ളൂ. "മുള്ളുള്ള വൃക്ഷങ്ങളൊട്ടകങ്ങൾക്കിഷ്ട- മുള്ളത്തിലാഗ്രഹം മാന്നിന്നിളംപുല്ലു." ഈ വ്യത്യസ്ഥ പ്രകൃതിവിശേഷത്തിനു ഹേതുവെന്ത്? ഗഹനമായി ആലോചിച്ചു മറുപടി പറയേണ്ടതല്ലേ ഈ പ്രശ്നം?

———


# കേരളീയ ജ്യോതിഷ മാസിക.

## 'ഹിന്ദു'വിന്റെ അഭിപ്രായം.

...............This new Astrological monthly is edited by one of the leading authorities on the science. A certain clarification of the principles of the science is called for if it is to gain whole-hearted respect from the public. The vexed question of Ayanamsa, ramifications in mundane Astrology, differences between various Panchangams, and problems relating to observance of the time of religious rites demand impartial enquiry and investigation. The new journal has placed before itself an ambitious programme of work for which the Co-operation of learned Pandits of Malabar is essential'

വരിസംഖ്യ ഒരു കൊല്ലത്തേയ്ക്കു മുൻകൂർ 6 ഉറുപ്പിക.
പോസ്റ്റിൽ 7 ഉറുപ്പിക.

ആവശ്യക്കാർ ഉടൻ എഴുതുക:—

മാനേജർ,
കേരളീയ ജ്യോതിഷമാസിക,
മുല്ലയ്ക്കൽ—ആലപ്പുഴ.

# ലോകചരിത്രസംഗ്രഹം

(എച്ച്. ജി. വെൽസ്)

പരിഭാഷകൻ

ശ്രീ: എ. സി. വാസുനമ്പീശൻ.

## I

## സ്ഥൂലാത്മകമായ ലോകം.

—:o:—

നമ്മുടെ ലോകത്തിന്റെ കഥ ഇന്നും വളരെ അപൂൎണ്ണമായി മാത്രം അറിയപ്പെടുന്ന ഒരു കഥയാണു്. ഒരിരുനൂറു നൂററാണ്ടുകൾക്കുമുമ്പു കഴിഞ്ഞ മൂവായിരത്തിൽപരം കൊല്ലങ്ങളുടെ ചരിത്രമേ മനുഷ്യരുടെ പക്കലുണ്ടായിരുന്നുള്ളു. ആ കാലത്തിനുമുമ്പു സംഭവിച്ചതു കെട്ടുകഥയിലും ഊഹത്തിലും കിടക്കുന്ന ഒരു കാൎയ്യമായിരുന്നു. പരിഷ്കൃത ലോകത്തിന്റെ അധികം ഭാഗങ്ങളിലും വിശ്വസിക്കുകയും പഠിപ്പിക്കപ്പെടുകയും ചെയ്തിരുന്നതു് ലോകം ബി. സി. 4004—ാമതു കൊല്ലത്തിൽ പെട്ടെന്നു സൃഷ്ടിക്കപ്പെടുകയാണുണ്ടായതെന്നായിരുന്നു; എങ്കിലും ആ കൊല്ലത്തെ വസന്തകാലത്തോ ശരൽക്കാലത്തോ ഇതു സംഭവിച്ചതു അതിനെ കുറിച്ചു പ്രാമാണികന്മാർ തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. ഹീബ്രു, ബൈബളിന്റെ തുലോം അനുഗതമായ ഒരു വ്യത്യാസത്തിന്മേലും അതിനോടു ബന്ധപ്പെട്ട ക്രസ്തുവേദസംബന്ധികളായ അനുമാനങ്ങളിന്മേലും അടിയുറപ്പിക്കപ്പെട്ടതായിരുന്നു. അത്ഭുതാവഹമാംവണ്ണം കണിശമായ ഈ അബദ്ധധാരണ ഇത്തരം അഭിപ്രായങ്ങൾ മതാദ്ധ്യാപകന്മാരാൽ ഉപേക്ഷിക്കപ്പെട്ടിട്ടു് ഇപ്പോൾ കാലം വളരെ ആയി. എന്നല്ല നാം ജീവിക്കുന്ന ഈ ലോകം പുറമേക്കു കാണുന്ന എന്തുകൊണ്ടുനോക്കിയാലും വളരെ വളരെ കാലത്തോളമായി, ഒരുപക്ഷെ അളവററ കാലത്തോളമായി, നിലനിന്നുപോരുന്ന ഒന്നാണെന്നു ഇന്നു സാൎവ്വത്രികമായി സമ്മതിച്ചു കഴിഞ്ഞിരിക്കുന്നു. പരസ്പരാഭിമുഖങ്ങളായ കണ്ണാടികൾ ഇരുഭാഗത്തും വെച്ചാൽ ഒരു മുറി അവസാനമില്ലാത്തതാണെന്നുതോന്നിപ്പിക്കാവുന്നതുപോലെ, പുറമെ കാണുന്ന, ഈ സംഗതികളിൽ ചതിയുണ്ടെന്നു വരാവുന്നതാണു്. എന്നാലും കഴിഞ്ഞ ആറോ ഏഴോ ആയിരം കൊല്ലങ്ങളോളമായി മാത്രം നിലനിന്നു പോരുന്ന ഒന്നാണു് നാം ജീവിക്കുന്ന ഈ ലോകമെന്നുള്ളതു് തികച്ചും തകൎത്തു കളയപ്പെട്ട ഒരഭിപ്രായമായി കരുതപ്പെടാവുന്നതാണു്.

ഭൂമി, ഇന്നെല്ലാവൎക്കുമറിയാവുന്നതുപോലെ, മധുരനാരങ്ങയുടെ ആകൃതിയിൽ എണ്ണായിരം നാഴികയോളം വ്യാസമുള്ള ലേശം ഇടുങ്ങിയ ഒരു ദീൎഘഗോളമാണു്. അതിന്റെ ഗോളാകൃതിയെപ്പററി ബുദ്ധിയുള്ള അല്പം ചിലൎക്കെങ്കിലും കഴിഞ്ഞ രണ്ടായിരത്തി അഞ്ഞൂറോളം കൊല്ലമായി വിവരമുണ്ടു്. ആ കാലത്തിനുമുമ്പു അതു പരന്നതാണെന്നു കരുതപ്പെടുകയും, ആകാശം, നക്ഷത്രങ്ങൾ, ഗ്രഹങ്ങൾ

എന്നിവയുമായി അതിനുള്ള ബന്ധത്തെപ്പററി ഇന്നു കേവലം വങ്കത്തങ്ങളെന്നു തോന്നുന്ന പല അഭിപ്രായങ്ങളും പുലൎത്തിക്കൊണ്ടു പോരികയും ചെയ്തിരുന്നു. ഒരു മദ്ധ്യരേഖയുടെ വ്യാസത്തെക്കാൾ 24 നാഴിക നീളം കുറഞ്ഞ അതിൻെറ അച്ചുതണ്ടിന്മേൽ ഇരുപത്തിനാലു മണിക്കൂറിലൊരിക്കൽ ചുററിത്തിരിയുന്നുണ്ടെന്നും പകലും രാത്രിയും മാറി മാറി ഉണ്ടാകുന്നതിനുള്ള കാരണമെന്നും, വേശം വളഞ്ഞതും മെല്ലെ മാറിവരുന്നതുമായ അണ്ഡാകൃതിയിലുള്ള ഒരു വഴിയിൽകൂടി കൊല്ലത്തിലൊരു തവണ അതു സൂൎയ്യനെച്ചുററും സഞ്ചരിക്കുന്നുണ്ടെന്നും നമുക്കിപ്പോഴറിയാം. സൂൎയ്യനിൽ നിന്നുള്ള അതിൻെറ ദൂരം (ഏററവും അടുത്താകുമ്പോൾ) 915 ലക്ഷം നാഴികയുടേയും 945 നാഴികയുടേയും മദ്ധ്യെയാണു്.

ഒരു ചെറിയ ഗോളം, ചന്ദ്രൻ, ഭൂമിക്കു ചുററും ശരാശരി 239000 നാഴിക അകലെയായി സഞ്ചരിക്കുന്നു. സൂൎയ്യനെച്ചുററും സഞ്ചരിക്കുന്ന ഗോളങ്ങൾ ഭൂമിയും ചന്ദ്രനും മാത്രമല്ല. ഇവയ്ക്കു പുറമെ 360 ലക്ഷവും 670 ലക്ഷവും നാഴിക ദൂരത്തായി ബുധനും ശുക്രനുമുണ്ടു്. ഭൂമിയുടെ വൃത്തത്തിനപ്പുറത്തു അസംഖ്യം ചെറു ഗോളങ്ങളെ അവഗണിച്ചുകൊണ്ടു, ക്രമത്തിൽ 1410-ം 4830-ം 886-ം 17820-ം 27930-ം ലക്ഷം നാഴിക പരസ്പരം അകന്നു് ചൊവ്വ, വ്യാഴം, ശനി ഉരണസി, നെപ്ട്യൂൺ എന്നീ ഗ്രഹങ്ങൾ വൎത്തിക്കുന്നു. ഈ ലക്ഷക്കണക്കിലുള്ള നാഴികൾ മനസ്സിലാക്കുവാൻ വളരെ പ്രയാസമുണ്ടു്. ധരിക്കാൻ കൂടുതലെളുപ്പമുള്ള തോതുകളിലേക്കു നാം സൂൎയ്യനേയും ഗ്രഹങ്ങളേയും കൊണ്ടുവരികയാണെങ്കിൽ വായനക്കാരൻെറ ഭാവനയെ അതു സഹായിച്ചെന്നുവരാം.

അങ്ങിനെ നാം ഭൂമിയെ ഒരിഞ്ചു വ്യാസമുള്ള ഒരു പന്തായി കരുതുന്നപക്ഷം, നാലോ അഞ്ചോ മിനിട്ടു നടന്നാൽ എത്തത്തക്കവണ്ണം 323 വാര അതായതു് ഏതാണ്ടു് ഒരു നാഴികയുടെ അഞ്ചിലൊന്നു അകലെയായി ഒമ്പതടി വ്യാസത്തോടുകൂടിയ ഒരു വലിയ ഗോളവും സൂൎയ്യൻ ചന്ദ്രൻ ഭൂമിയിൽനിന്നു രണ്ടരയടി അകലെ നില്ക്കുന്ന ഒരു ചെറിയ പയർമണി ആയിരിക്കും. ഭൂമിക്കും സൂൎയ്യനും മദ്ധ്യത്തിൽ സൂൎയ്യനിൽനിന്നു 125-ം 233-ം അടി അകലത്തായി ബുധൻ ശുക്രൻ എന്നീ ഗ്രഹങ്ങളുണ്ടായിരിക്കും. സൂൎയ്യനിൽനിന്നു 490 വാര അപ്പുറമുള്ള ചൊവ്വ ഒരടി വ്യാസത്തിൽ ഏതാണ്ടു് ഒരു നാഴിക അകലെയുള്ള വ്യാഴം രണ്ടു നാഴിക ദൂരം കിടക്കുന്ന ഇവയേക്കാൾ അല്പം ചെറുതായ ശനി നാലു നാഴിക അകലെയുള്ള ഉരണസ്, ആറുനാഴിക അകലെയുള്ള നെപ്ട്യൂൺ എന്നിവയുടെ സമീപമെത്തുന്നതുവരെ ഈ ഗ്രഹങ്ങളുടെ ചുററുപാടുകളിലും സമീപങ്ങളിലും സൎവ്വത്ര ശൂന്യതയാണുണ്ടായിരിക്കുക. പിന്നെ അനേകായിരം നാഴിക സ്ഥലത്തുള്ള സൂക്ഷ്മമായ ബാഷ്പത്തിൻെറ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ശകലങ്ങളും ജലാംശങ്ങളും കഴിച്ചാൽ സൎവ്വത്ര ശൂന്യത, നിശ്ശൂന്യതതന്നെ ഈ തോതിൽ നോക്കുകയാണെങ്കിൽ ഭൂമിയോടു ഏററവും അടുത്തനക്ഷത്രം 50000 നാഴിക അകലെയാണു്.

ജീവതനാടകം നടന്നുകൊണ്ടിരിക്കുന്നതെവിടെയൊ ആ സ്ഥലത്തിൻെറ ഗംഭീരമായ നിശ്ശൂന്യതയുടെ ഏതാണ്ടൊരുരൂപം നല്കുവാൻ ഈ സംഖ്യകൾ സഹായിച്ചേക്കാം.

സ്ഥലത്തിൻെറ അളവില്ലാത്ത ഈ ഒഴിവിൽ ഭൂമുഖത്തു മാത്രം ജീവനുണ്ടന്നേ നമുക്കു സംശയരഹിതമാംവണ്ണം അറിഞ്ഞുകൂടു. ഭൂഗോളത്തിൻെറ മദ്ധ്യത്തിൽനിന്നു നമ്മെ അകററിനിൎത്തുന്ന 4000 നാഴികയിൽ മൂന്നു നാഴികയേക്കാൾ വളരെയധികമൊന്നും

# വിനോദവീഥി

**ലേഡിഭാഗവതർ—എന്താ സാർ! എന്റെപാട്ട് കേട്ടിട്ട് എല്ലാവൎക്കും സന്തോഷമായോ?**

**ഒരാൾ—ഉവ്വ്. വളരെ സന്തോഷമായി ഒടുവിലായിരുന്നു.**

**ലേ-ഭാ—ഏതു പാട്ടാണു അത്ര വളരെ രസിച്ചതു്?**

**ഒരാൾ—പാട്ടിലല്ല, പാട്ടു തീൎന്നതിലാണു് അവൎക്കു സന്തോഷമുണ്ടായതു്.**

**ലേ-ഭാ—ഓ! ഞാൻ അക്കാഡമിയിൽ ജയിച്ചിട്ടില്ലെങ്കിലും ഒരിക്കൽ തോററിട്ടുണ്ടു്.**

---

ജീവൻ കീഴ്പോട്ടു പോകുന്നില്ല. ഭൂമുഖത്തുനിന്നു അഞ്ചു നാഴികയിലധികം അതു മേല്പോട്ടും എത്തുന്നില്ല. ഇതിനപ്പുറം സ്ഥലത്തിന്റെ അനന്തത മുഴുവൻ ഒഴിഞ്ഞുകിടക്കുന്നതും നിൎജ്ജീവവുമാണെന്നാണു് പ്രത്യക്ഷത്തിൽ തോന്നുന്നതു്.

ഏററവുമധികം അടിയിലെത്തുന്ന സമുദ്രപരിശോധന യന്ത്രങ്ങൾ അഞ്ചുനാഴികയേ കീഴ്പോട്ടു പോകുന്നുള്ളു. ഇന്നേവരെ ഒരു വിമാനം ഏററവും അധികം മുകളിൽ പറന്നിട്ടുള്ളതു് നാലിൽ ചില്വാനം നാഴിക ഉയരെ മാത്രമാണു്. മനുഷ്യർ ബലൂണുകളിൽ ഏഴുനാഴിക ഉയരംവരെ എത്തിയിട്ടുണ്ടു്. പക്ഷെ വല്ലാതെ കഷ്ടപ്പെട്ടിട്ടുണ്ടു്. അഞ്ചു നാഴികയിലധികം ഉയരത്തിൽ ഒരൊററ പക്ഷിക്കും പറക്കുവാൻ കഴികയില്ല. വിമാനങ്ങളിൽ കയററിക്കൊണ്ടു പോകുന്ന ചെറിയ പക്ഷികളും ജന്തുക്കളുമാകട്ടെ, ആ ഉയരത്തിലും വളരെ ചുവടെവെച്ചുതന്നെ ബോധമില്ലാത്തവയായിത്തീൎന്നുപോകുന്നു. (തുടരും)

**പാൽക്കാരൻ—സർ, നാളെമുതൽ ഞാൻ പാൽ കൊണ്ടുവരട്ടോ?**

**വീട്ടുകാരൻ—ഏയ്, എനിക്കു പാൽ ഉപയോഗിച്ചുകൂടാ. നെയ്മയം ഉള്ളിൽ ചെന്നാലുടൻ ഛൎദ്ദിക്കും.**

**പാൽക്കാരൻ—സർ, ഞങ്ങളുടെ പാലിൽ നെയ്മയം ലേശവും ഇല്ല. 'ഡയറീഫാറ'ത്തിലെ പാലാണു്.**

... ... ... ... ...

സ്കൂളിൽ പഠിക്കുന്ന ഒരുകുട്ടി നിന്നുമൂത്രം ഒഴിക്കുന്നതു കണ്ടിട്ടു് അധ്യാപകൻ കുട്ടിയുടെ അമ്മാവനോടു-കേട്ടോ, നിങ്ങളുടെ അനന്തിരവൻ വളരെ ചീത്തയായിപ്പോയി.

അമ്മാവൻ—എന്താ, സാറെ

അധ്യാപകൻ—അവൻ നിന്നു മൂത്രം ഒഴിക്കുന്നതു ഞാൻ കണ്ടിരിക്കുന്നു.

അമ്മാവൻ—തരക്കേടില്ല സാറേ, കുട്ടിക്കാലത്തു അവൻ കിടന്നു മൂത്രം ഒഴിക്കുക പതിവായിരുന്നു. പിന്നീടു ഇരുന്നു മൂത്രം ഒഴിച്ചു. ഇപ്പോൾ നിന്നു മൂത്രം ഒഴിച്ചല്ലോ, താമസിയാതെ നടന്നു മൂത്രമൊഴിച്ചുകൊള്ളും

... ... ... ... ...

അച്ഛൻ—കുട്ടാ, മുനിസിപ്പാലിററിക്കാർ വന്നു നിൽക്കുന്നു. കാൎയ്യസ്ഥനോടു കരം കൊടുക്കാൻ പറയൂ.

മകൻ—അച്ഛാ, ഇന്നലെ അല്ലയോ പാവത്യകാർ വന്നതും കരം കൊടുത്തതും. പിന്നെ ഏതു കരത്തിനായിട്ടാണു വന്നിരിക്കുന്നതു്.

അച്ഛൻ—വീട്ടുകരത്തിനാണു്.

മകൻ—അപ്പോൾ കരം വളരെ ഉണ്ടോ അച്ഛാ, വീട്ടുകരം, വണ്ടികരം, തൊഴിൽകരം പിന്നെ എന്തെല്ലാം?

# ഭാഷാമഹാകാവ്യപ്രസ്ഥാനം.

## (ഒരു പഠനം.)

(വിദ്വാൻ ശ്രീവരാഹം ഇ. വി. പിള്ള)

(I)

ഇതര ഭാഷകളെ അപേക്ഷിച്ച് ആദിഭാഷയെന്നു ഗണിച്ചുപോരുന്ന ആൎയ്യഭാഷയുടെ സാഹിത്യഭണ്ഡാഗാരത്തെ പൂരിപ്പിച്ചിട്ടുള്ളത് അതിലെ അതിവിശിഷ്ടങ്ങളായ മഹാകാവ്യങ്ങളത്രെ. ലോകത്തിലെ ആദിമഹാകാവ്യമെന്നു പരിഗണിച്ചുവരുന്ന വാല്മീകി രാമായണം:-

"മാനിഷാദപ്രതിഷ്ഠാം ത്വ
മഗമഃ ശാശ്വതീ സമാഃ
യത് ക്രൗഞ്ചമിഥുനാദേക-
മവധീഃ കാമമോഹിതം"

എന്നു ധ്വനിപരമായ വസ്തു നിർദ്ദേശത്തോടുകൂടി അവതരിച്ചുകഴിഞ്ഞപ്പോൾ മഹാകാവ്യപ്രസ്ഥാനത്തിന്റെ ഉത്ഭവവും ഏതാണ്ടു സംജാതമായി. നാളിതുവരെ കവിതാപരിശ്രമം ചെയ്തിട്ടുള്ള കവി പരമ്പരകൾക്കാകെ വസ്തു ഭണ്ഡാഗാരമായിത്തീൎന്നിരിക്കുന്ന രാമായണഭാരതേതിഹാസങ്ങൾ, ഇതര സാഹിത്യഗ്രന്ഥങ്ങളെ അഭ്യസനംചെയ്യുന്ന അന്യസമുദായക്കാർ അവരുടെ നാഗരീകവൃത്തിയിൽ ലക്ഷ കാലുവയ്ക്കുന്നതിനു മുമ്പുതന്നെ ഹൈന്ദവസമുദായത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചിട്ടുള്ളവയാണ്. യഥാൎത്ഥമായ കുടുംബജീവിതം, സമുദായജീവിതം, രാഷ്ട്രീയ പുരോഗമനം, ആത്മസംസ്കാരം എന്നിവയ്ക്കു മാൎഗ്ഗദർശകങ്ങളായ കഥാഭാഗങ്ങളെ തിരഞ്ഞെടുത്തു മനുഷ്യസമുദായത്തെ പരിഷ്കരിക്കുന്നതിനു ഉതകത്തക്കവിധത്തിലുള്ള രണ്ടു സാഹിത്യകോശങ്ങളെയാണു് ആദികവി വാല്മീകിയും അനന്തരം വ്യാസനും ഇതിഹാസരൂപേണ ഭാരതീയൎക്കു മാത്രമല്ല ലോകത്തിനുതന്നെ നൽകീട്ടുള്ളതു്. ആ ഷരീതിയെ അവലംബിക്കുന്ന മഹാഭാരതത്തെ അതിന്റെ വിസ്തൃതിയോടൊത്തുനോക്കുമ്പോൾ

---

അച്ഛൻ—ഇപ്പോൾ കരം വളരെ കുറവല്ലേ കുഞ്ഞേ, കാൎത്തവീൎയ്യാർജ്ജുനനു "ആയിരമുണ്ടു കരങ്ങളുമതിസുഖമായ"......... എന്നു കാണുന്നു. അന്നു് അത്രയും കരം കൊടുക്കാൻ വിഷമിച്ചിട്ടു് രാവണൻ പറഞ്ഞതു് "പത്തുശതം കരമുള്ള തശേഷവുമൊത്തുതകൎത്തുമുടിച്ചീടുന്നു" എന്നാണു്.

... ... ... ... ...

ആശരൻ—രാവണനു് ജോലി എന്തായിരുന്നു എന്നു് നിങ്ങളിൽ ആൎക്ക് പറയാൻ സാധിക്കും.

കുട്ടൻ—അദ്ദേഹം ഒരു വലിയ ഡ്രായിംഗ് മാസ്റ്ററായിരുന്നു.

വസ്ത്രം കൊണ്ടൊരു പാളയമവിടെ
ചിത്രമതാക്കിത്തീൎത്തു ദശാസ്യൻ.

എന്നു പറഞ്ഞിരിക്കുന്നു.

ദേവകി—അച്ഛാ, ജ്യേഷ്ഠനു തെററിപ്പോയി. രാവണൻ കുംഭകൎണ്ണന്റെ ഗുരുവും ഒരു വലിയ വിദ്വാനുമായിരുന്നു.

"കുംഭകൎണ്ണഗുരു രാവണനെന്നൊരു
വമ്പനിങ്ങു വസിക്കയാം"

അച്ഛൻ—നിങ്ങൾക്കു രണ്ടുപേൎക്കും തെററിപ്പോയി. അദ്ദേഹം കുരുടനായിരുന്നു.

"ചരത്രമോട്ടടനുയൻതിരിച്ചാനന്ധനാ-
കിയ ദശകന്ധരൻ"

—:o:—

ഒരു മനുഷ്യജീവിതംകൊണ്ടു് നിൎമ്മിതമാണോ എന്നു് ഇന്നും സംശയമായിത്തന്നെയിരിക്കുന്നു. കവികുലകൂടസ്ഥനായ കാളിദാസൻപോലും നിസൎഗ്ഗസുന്ദരങ്ങളായ ഈ ഇതിഹാസഗ്രന്ഥങ്ങളിലെ പല ഭാഗങ്ങളേയും ആകൃതിയിലും പ്രകൃതിയിലും അനുകരിച്ചും രൂപഭേദം വരുത്തിയുമാണു് ജീവിച്ചിട്ടുള്ളതു എന്നോൎക്കുമ്പോൾ ഋഷിവൎയ്യന്മാരായ ആ രണ്ടു മഹാകവികൾക്കും മററുള്ളവർ എത്രമാത്രം വിധേയന്മാരാണെന്നുള്ളതു് ചിന്തിക്കാവുന്നതാകുന്നു. വംശക്രമപ്രതിപാദനംകൊണ്ടും, ജീവിതാദർശാരാധനകൊണ്ടും, അനന്തരകാലമഹാകാവ്യങ്ങൾക്കു മാൎഗ്ഗദർശി എന്ന നിലകൊണ്ടും മനോജ്ഞമായിരിക്കുന്ന രഘുവംശവും, ജീവിതത്തിന്റെ സുവൎണ്ണഘട്ടമായ വൈവാഹജീവിതത്തെ ധ്വനിപരങ്ങളായ വാണികളെക്കൊണ്ടു് സമാരാധിക്കുന്ന കുമാരസംഭവവും അകൃത്രിമ സാഹിത്യപുഷ്കലതയോടെ ലോകത്തിൽ ഇന്നും ശോഭിച്ചുകൊണ്ടുതന്നെയിരിക്കുന്നു. അനുഗ്രഹസിദ്ധമായ ശബ്ദാലങ്കാരങ്ങൾക്കു് യാതൊരു കുറവും വരുത്താതെ പ്രഖ്യാത കഥാവസ്തുവിനെ ഉദ്ദേശംവരെ ദീൎഘിപ്പിച്ചു് പരിണാമഗുപ്തിയോടുകൂടി അത്യന്തം രസമയമായവിധം കവിതാഗുംഭനംചെയ്ത മഹാകവി കാളിദാസൻ അനന്തരകാലമഹാകവികൾക്കു് പലതരത്തിലും അനുകരണീയനത്രെ. കാളിദാസാദിമഹാകവികളെ മാനദണ്ഡമാക്കി മഹാകാവ്യലക്ഷണംചെയ്തിട്ടുള്ള ആലങ്കാരികന്മാരുടെ നിശ്ചയങ്ങളിൽ ഒന്നിനും വ്യത്യാസം വരുത്താതെയാണു് പിൽക്കാലകവികൾ തങ്ങളുടെ മഹാകാവ്യങ്ങളിൽ അനുവൎത്തിച്ചുപോന്നിട്ടുള്ളതു്. ഈ മഹാകാവ്യകൎത്തുക്കളാകട്ടെ; പാണ്ഡിത്യപ്രകടനത്തിനായി നാനാമുഖങ്ങളായ ആശയവിശേഷങ്ങളെ വിതരണം ചെയ്യുമ്പോൾ പ്രതിപാദ്യകഥാവസ്തുവിന്റെ ഗതിയിൽനിന്നും വ്യതിചലിച്ചു് രസഭാഗങ്ങളേയും മാററിപ്പോരാണ്ടു്. അവരുടെ ഓരോ പദ്യങ്ങളും അനന്തരകവികൾക്കു് കവിത, ഭാവന, വിജ്ഞാനം എന്നീ വിഷയങ്ങളിൽ അനുകരണീയങ്ങളായും തീൎന്നു. മഹാകവികളായ ഹൎഷൻ, ഭാരവി, മാഘൻ തുടങ്ങിയവരെ പണ്ഡിതദൃഷ്ടിക്കുമാത്രം ഗോചരീഭവിക്കേണ്ട മട്ടിൽ അവർ ശ്ലേഷാലങ്കാരപ്രയോഗത്തിൽ അഭിരുചിയരുമാകുന്നു. ഏകശബ്ദവാച്യത്വംകൊണ്ടു് അനവസരത്തിലും ദ്വയാൎത്ഥമുണ്ടാക്കി "കാന്താമുഖം കാനനവദ്വിഭാതി" എന്നപോലെ ഉപമാദ്യലങ്കാരങ്ങളെയും മററും പ്രയോഗിക്കുന്നതു് അവരുടെ പാണ്ഡിത്യപാരമ്യത്തെ ഉദാഹരിക്കാൻ ഉതകുന്നതല്ലാതെ ശ്രോതാക്കൾക്കു് രസം പ്രദാനം ചെയ്വാൻ പൎയ്യാപ്തങ്ങളല്ലെന്നും പറയേണ്ടിയിരിക്കുന്നു. അവശ്യത്തിൽ കവിഞ്ഞു് ദീൎഘദീൎഘങ്ങളായ നഗരാൎണ്ണവശൈലൎത്തുക്കളുടെ വൎണ്ണനകളും കഥാവസ്തുവിനെപ്പോലും ഗോപനംചെയ്തുള്ള ഉല്ലേഖങ്ങളും, യമകങ്ങളും കൊണ്ടു് സാഹിത്യനടനശാലയിലെ നൎത്തനപ്രധാനികളായ സംസ്കൃത മഹാകവികൾ, പണ്ഡിതസമ്മതിക്കുമാത്രം അവകാശികളായിട്ടുള്ളവരാകുന്നു. ഇങ്ങനെ തഴച്ചുവന്നിട്ടുള്ള സംസ്കൃത മഹാകാവ്യപ്രസ്ഥാനം കേരളപാണിനിയുടെ ആംഗല സാമ്രാജ്യത്തോടുകൂടി കാളിദാസകവീന്ദ്രന്റെ പൂൎവ്വമഹിമാവിനെ ഉദ്ധാരണം ചെയ്യുന്നു. ഈ രീതിക്കാണു് കൈരളി, സംസ്കൃതവരന്റെ പ്രിയവധുവായിത്തീൎന്നകാലംമുതല്ക്കു് ഭൎത്തൃയോഗ്യതയ്ക്കനുസരിച്ചുള്ള വിഷവിധാനങ്ങളിൽ ഭ്രമിച്ചു വശായിട്ടുള്ളതു്.

പ്രാചീന സംസ്കൃതാലങ്കാരികന്മാർ മഹാകാവ്യത്തിനു ചില നിൎദ്ദിഷ്ട ലക്ഷണങ്ങൾ കല്പിച്ചിട്ടുണ്ടു്. കാവ്യമുഖത്തിൽ ആശിസ്സോ, നമസ്ക്രിയയോ, വസ്തുനിൎദ്ദേശമോ ഉണ്ടായിരിക്കണമെന്നാണു വിധി.

കഥാവസ്തുവാകട്ടെ ഉല്പാദ്യമോ, ഉഭയമിശ്രമോ തന്നെയായിരിക്കണം. നായകൻ ദേവനോ, രാജാവോ, ഒരു കുലത്തിൽപ്പെട്ട പല രാജാക്കന്മാരോ ആയിരുന്നേ തീരു. നഗരം, അൎണ്ണവം, ശൈലം, ഋതു, ചന്ദ്രാൎക്കന്മാർ ഇവയെ വൎണ്ണിച്ചിരിക്കണം. ഉദ്യാനലീല, സലിലക്രീഡ, മധുപാനം, രതം ഇവ വൎണ്ണിക്കേണ്ടതാകുന്നു. അംഗിയായ രസം ശൃംഗാരവീരശാന്തങ്ങളിൽ ഒന്നായിരിക്കണം. അൎത്ഥശബ്ദാലങ്കാരങ്ങൾ നിരന്തരം പ്രയോഗിക്കേണ്ടതാണു്. ഓരോ സൎഗ്ഗവും ഓരോ വൃത്തത്തിലായിരിക്കണം. ഓരോ കഥാംശങ്ങൾ ഓരോ സൎഗ്ഗത്തിൽതന്നെ പ്രതിപാദിച്ചിരിക്കേണ്ടതാകുന്നു. സൎഗ്ഗാന്ത്യത്തിൽ വൃത്തം മാറിയിരിക്കണം. 8-ൽ കുറയാതെയും 30-ൽ കൂടാതെയും സൎഗ്ഗങ്ങൾ വേണ്ടതാണു്. ഒരു സൎഗ്ഗം പലവിധത്തിൽ രചിച്ചിരിക്കണം. വിപ്രലംഭം, കുമാരജനനം, വിവാഹം എന്നിവ വൎണ്ണിച്ചിരിക്കേണ്ടതാകുന്നു. ഇപ്രകാരം മഹാകാവ്യത്തിനു് അവശ്യം വേണ്ടതായ ലക്ഷണങ്ങളെ വിധിച്ചിട്ടുണ്ടെങ്കിലും, ഇവയിൽ ഒന്നു കുറഞ്ഞുപോയാൽ അതുകൊണ്ടു മാത്രം അതു മഹാകാവ്യമാകുന്നതല്ലെന്നു വാദിക്കുന്നതു് അനുചിതമെന്നു് അവരിൽതന്നെ പലരും സമ്മതിച്ചിട്ടുണ്ടു്. എന്നാൽ കാവ്യമെന്നാൽ എന്തു്? എന്ന ചോദ്യത്തിനു് ആചാൎയ്യന്മാർതന്നെ ഭിന്നാഭിപ്രായക്കാരാകുന്നു.

ദോഷങ്ങളകന്നും, ഗുണങ്ങൾ ചേൎന്നും, അലങ്കാരങ്ങൾ കലൎന്നും ഉള്ള ശബ്ദമാണു് കാവ്യമെന്നു് ഒരുകൂട്ടർ ശഠിക്കുന്നു. വേറൊരുകൂട്ടർ അതല്ല; രസാത്മകമായ വാക്യമാണു് കാവ്യമെന്നു് വാദിക്കുന്നു. പിന്നെ ചിലർ കാവ്യത്തിൻെറ ആത്മാവു് രീതിയാണെന്നും, രീതിയാണു് കാവ്യജീവനെന്നും പറയുന്നു. ഇവകൂടാതെ അനവധി അഭിപ്രായങ്ങൾ ഇനിയും അവശേഷിക്കുന്നുണ്ടു്. രമണീയാൎത്ഥപ്രതിപാദകശബ്ദമാണു് കാവ്യമെന്നും, കാവ്യത്തിൻെറ ആത്മാവു ധ്വനിയാണെന്നും, ഔചിത്യമാണു് കാവ്യത്തിൻെറ ജീവനെന്നും, വക്രോക്തിയത്രെ കാവ്യജീവനെന്നും, കൃത്യാകൃത്യോപദേശപരമായ വാക്യമാണു് കാവ്യമെന്നും, സ്വലങ്കാരയുക്തവും, സരസപദസമ്മിളിതവും, സാധുവൃത്തരചിതവും, സുവൎണ്ണസംഘടിതവും ആയ വാക്യം സജ്ജനങ്ങളാൽ സ്തുതിക്കപ്പെട്ടുമ്പോൾ അതു മഹാകാവ്യമായെന്നും, ഓരോതരത്തിൽ അവരവരുടെ യുക്തിയും, സാഹിത്യരസികതയുംപോലെയൊക്കെ അഭിപ്രായങ്ങൾ കൊണ്ടുവന്നിട്ടുണ്ടു്. പാശ്ചാത്യനിരൂപകരാകട്ടെ ഇതിൽനിന്നെല്ലാം കുറെ അകന്നാണു് നിലകൊള്ളുന്നതു്. പ്രകൃതിയുടെ അനുകരണമാണു് കാവ്യമെന്നു സായ്പു് അഭിപ്രായപ്പെടുന്നു. വേറൊരാൾ സന്മാൎഗ്ഗോപദേശം ചെയ്യുന്ന ഉത്തമസാഹിത്യമാണു് കാവ്യമെന്നു ശഠിക്കുന്നു. മറെറാരാൾ, ഏതെങ്കിലും ഒരു വാക്യഘടനയിൽ ഒരു പദംമാററി തൽസ്ഥാനത്തു് തത്തുല്യമായ മറെറാരു പദം ചേൎക്കാൻ മറെറാരാൾക്കു കഴിയാത്തവിധം ഏതൊന്നാണോ രചിതമായിരിക്കുന്നതു് അതത്രേ കാവ്യമെന്നു പ്രവചിക്കുന്നു.

ഈ ലക്ഷണാഭിപ്രായങ്ങളെല്ലാം ഇന്നത്തെ മഹാകാവ്യങ്ങളിൽ ഒന്നല്ലെങ്കിൽ മറെറാന്നു സ്പൎശിച്ചിട്ടുന്നെന്നുള്ളതു് നിരാക്ഷേപമത്രേ. അകൃത്രിമരമണീയമായ കഥാവസ്തുവും, ചമൽക്കാരപൂൎണ്ണമായ വാക്യഭംഗിയും, ഗുണാലങ്കാരസമ്മിളിതവുമായ പദബന്ധവും, മഹാകാവ്യങ്ങൾക്കു അപരിത്യാജ്യങ്ങളാകുന്നു. എന്നാൽ ഈ അഭിപ്രായശതങ്ങളിലെല്ലാം അന്തർഭവിച്ചിരിക്കുന്ന തത്വം ഏതുവിധമായാലും കാവ്യം രസപൂൎണ്ണമായിരിക്കണമെന്നാണു്. മുൻപ്രസ്താവിച്ച സംഗതികളാകട്ടെ അവ അതതു സംഗതികളുടെ

സ്ഥാനത്തു് പ്രത്യേകം പ്രാധാന്യമുള്ളവയും ആകുന്നു. എന്നാൽ രസം, അൎത്ഥം എന്നി രണ്ടിനും ഉള്ളിടത്തോളം പ്രാധാന്യം മററുള്ളവയ്ക്കില്ലെന്നുള്ളതു് ആരും സമ്മതിക്കുന്നതാണു്. അതിനാൽ "വാക്യം രസാത്മകം കാവ്യം" "രമണീയാൎത്ഥപ്രതിപാദകശബ്ദം കാവ്യം" എന്നീ രണ്ടു മതങ്ങൾക്കുമാണു് പ്രാധാന്യം നൽകേണ്ടതു്. ഇതിൽത്തന്നെ രസത്തിനു് പ്രാഥമ്യം കൊടുക്കുന്നവരാണു് അധികവും. അതിനാൽ "വാക്യം രസാത്മകം കാവ്യം"എന്ന മതം ആദരണീയമായിത്തീൎന്നു.

ഈ വിധത്തിൽ കാവ്യശബ്ദത്തെ കുറിച്ചുള്ള സംസ്കൃതാലങ്കാരികന്മാരുടെ നിൎവ്വചനസമഗ്രതയോടുകൂടിയ കൃതികൾ ഭാഷാസാഹിത്യത്തിൽ അപൂൎവ്വമത്രേ. കൊല്ലവൎഷം 500 മുതൽ 800 വരെയുള്ള ഭാഷയുടെ മദ്ധ്യകാലഘട്ടത്തിൽ പ്രഥമമായിട്ടുള്ള മണിപ്രവാളപദ്ധതി പൂന്തോട്ടം, വെണ്മണിയച്ഛൻ, കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തുടങ്ങിയ ആധുനിക കവികളാൽ നവീകൃതമായപ്പോൾ സന്ദേശം, നാടകം, മഹാകാവ്യം എന്നീവിധമുള്ള സാഹിത്യപ്രസ്ഥാനങ്ങളിൽ കൂടി പ്രചരിക്കുവാൻ തുടങ്ങി. "ഉണ്ണുനീലിസന്ദേശാ"ദികൾക്കുശേഷം സന്ദേശത്തിനും നാടകത്തിനും, മാൎഗ്ഗദൎശിയായി കേരളകാളിദാസനെന്ന അപരനാമധേയത്തോടുകൂടി കേരളമൊട്ടുക്കു് സ്വകീൎത്തി ധാവള്യംകൊണ്ടു പാൽപ്രായമാക്കിയ വിശിഷ്ട കവികുലചക്രവൎത്തി കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിൽനിന്നും സാഹിത്യപോഷണത്തിൽ കാൽവച്ചപ്പോൾ ആ പുണ്യശ്ലോകനെ പിൻതുടരാൻ ബദ്ധകങ്കണരായിരുന്ന കവിയശഃപ്രാൎത്ഥികളിൽ പലരും നല്ല കവിതകൾകൊണ്ടു ഭാഷാപോഷണത്തിനു ഒരുങ്ങിയിരുന്നു. എന്നാൽ അരങ്ങത്തിറങ്ങിയ കവികളിൽ പലൎക്കും അവരുടെ കവിത്വശക്തിയെ സ്ഥിരമായി നിൎത്തുന്നതിനു സാധിച്ചതുമില്ല. തിരുമനസ്സിൽനിന്നും ഭാഷാന്തരീകരണമെന്ന അഭിനവ സാഹിത്യപുഷ്കലമാൎഗ്ഗത്തെ അന്യാപദേശശതകം, അമരുകശതകം എന്നിവകൊണ്ടു പ്രത്യക്ഷമാക്കിയപ്പോൾ കേരളപാണിനി, കുണ്ടൂർ നാരായണമേനോൻ, കവിയൂർ രാമൻനമ്പ്യാർ തുടങ്ങിവർ യഥാക്രമം കുമാരസംഭവം, രഘുവംശം, ശ്രീകൃഷ്ണവിലാസം എന്നീ ഗ്രന്ഥങ്ങളെ ഭാഷാന്തരീകരണരൂപേണ കൈരളിയിൽ സംക്രമിപ്പിച്ചു. ഈ അവസരത്തിലാണു കേരളവൎമ്മപ്രാസവും ഉദയം ചെയ്തതു് മഹാഭാരത തൎജ്ജിമകൊണ്ടു് കേരളവ്യാസനെന്നും, വാൽമീകി രാമായണം തൎജ്ജിമകൊണ്ടു "കേരള വാൽമീകി" എന്നും പ്രശസ്തന്മാരായ ശ്രീ: കുഞ്ഞിക്കുട്ടൻതമ്പുരാനവൎകളും, രാജശ്രീ വള്ളത്തോൾ നാരായണമേനവന്നവർകളും ഭാഷാസാഹിത്യത്തിനു അമൂല്യങ്ങളായ രണ്ടു സാഹിത്യകോശങ്ങളെ സമ്പാദിച്ചിരുന്നിട്ടും സ്വകീയമായ കീൎത്തിപ്രശസ്തങ്ങൾക്കു തതു് ഗ്രന്ഥങ്ങൾ പൎയ്യാപ്തങ്ങളല്ലെന്നു അവർ ധരിക്കുകയും, കേരളവൎമ്മ പ്രസ്ഥാനത്തെ അനുകരിച്ചു കവിതകൾ ചമയ്ക്കാൻ പുറപ്പെടുകയും ചെയ്തു. ഇതിനെ തുടൎന്നു അക്കാലത്തുള്ള പ്രസിദ്ധന്മാരായ കവികളിൽ പലരും ഈ നവീനമാൎഗ്ഗത്തെ അനുകരിച്ചു. തന്നിമിത്തം ഭാഷാസാഹിത്യത്തിൽ ഒരു മഹാകാവ്യപ്രസ്ഥാനത്തിനുള്ള മാൎഗ്ഗം തുറന്നു. ഈ ക്രമത്തിൽ ഭാഷയിൽ ഉദയം ചെയ്തിട്ടുള്ള മഹാകാവ്യങ്ങളത്രെ, രാമചന്ദ്രവിലാസം, രുഗ്മാംഗദചരിതം, ചിത്രയോഗം കേശവീയം, ഉമാകേരളം, ശ്രീ യേശുവിജയം വഞ്ചീശവംശം മുതലായവ.

——

# ശ്രീ സുബ്രഹ്മണ്യസ്തോത്രം

1. ശ്രീമൽക്കല്ലേറ്റുമൂലസ്ഥലമതിലമല സ്വർണ്ണപീഠേ നിഷണ്ണം
പ്രേമാവേശേന ചേർത്തങ്ങിനെയിരുപുറവും ദേവസേനാഖ്യ വല്ലീം
സാമോദം നാരദാദി പ്രവര മുനിജനങ്ങൾക്കു തത്ത്വോപദേശാൽ
ക്ഷേമം കെല്ലൊട്ടു നൽകും ഗജമുഖ സഹജം ഷൺമുഖം കൈതൊഴുന്നേൻ.

2. ഗൌരീസൂനോ! മഹത്വം തവ സകലമറിഞ്ഞുവണ്ണം സ്തുതിപ്പാൻ
പോരാ സാമർത്ഥ്യമേതും ദ്വിരസന പതിയാമാദിശേഷന്നു പോലും
പാരം നിസ്സാരനെന്നാകിലു മഹമധുനാ ഭക്തികൊണ്ടിസ്തുതിക്കാ
യാരംഭിച്ചേൻ പ്രസാദിച്ചരുളുക കരുണാവാരിധേ! കൈതൊഴുന്നേൻ.

3. ദീപിക്കും ദിവ്യരത്നാഞ്ചിത കനകകിരീടാഗ്രവും തൻസമീപം
പ്രാപിച്ചുള്ളോരു കാളിന്ദിനിയൊട്ടുപമയെഴും ചാരുപൂഞ്ചായൽ താനും
അപഘ്വാന്തങ്ങൾ നീക്കും നിടില തടമിളം തിങ്കൾ താനും മനോജ്ഞ
ചാപശ്രീ ചേർന്ന ചില്ലീലതകളുമകമേ ചേർത്തു ഞാൻ കൈതൊഴുന്നേൻ.

4. ചന്തം ചിന്തുന്ന ചെന്താമരയിതളിടയിൽപ്പുക്കു പൂന്തേനൊഴുക്കിൽ-
സ്സന്തോഷം പൂണ്ടു നീന്തും ഭ്രമം വിലസിതം ചേർന്ന നേത്രങ്ങളും തേ
അന്തശ്ശ്രീ നാസികാഭംഗിയുമനഘമണി കുണ്ഡലോല്ലാസി ഗണ്ഡം
ദന്തശ്രീ ചേർന്ന ദന്തച്ഛദമതുമനിശം ചിന്ത്യ ഞാൻ കൈതൊഴുന്നേൻ.

5. ആതങ്കധ്വാന്ത ദൂരീകരണ നിപുണമാം ചാരു മന്ദസ്മിതശ്രീ
ശീതജ്യോത്സ്നാഭിരാമം തവ തിരുമുഖവും ചന്ദ്രനെക്കൈവിടാതെ
ഭ്രാതൃസ്നേഹേന ചേർന്നിട്ടഴകൊടു മരുവും കണ്ഠവും ദിവ്യശംഖം
ചേതോമോഹം വരുത്തും ധ്വനിയൊടു ഹൃദയേ ചേർത്തു ഞാൻ കൈതൊഴുന്നേൻ.

6. വേലും ചക്രം ച ശംഖം വരവിതരണവും ചാലവേ ചേർന്നു തൃക്കൈ
നാലും താരാളിനീരാജിതമണി കിരണോല്ലാസി വക്ഷഃ പ്രദേശം
ചേലോടക്കുങ്കുമത്തിൻ നിറമതുകലരും ചേലവും രത്നകാഞ്ചീ
മാലാലങ്കാരവും തേ മനസി കരുതി ഞാനാദരാൽ കൈതൊഴുന്നേൻ.

7. ചാരുത്വം ചേർന്നൊരൂരുദ്വയവുമതുലിതം ജാനുജംഘായുതം തേ
ഗൌരീദേവിക്കു വാത്സല്യമൊടതികുതുകം ചേർത്തിടും പൊൻചിലമ്പും
ആരാധിക്കും ജനാനാമഭിമതമരുളും കല്പവൃക്ഷപ്രവാളം
പാരാതേ കണ്ടു നിത്യം തവ പദയുഗളം ചേർത്തു ചിത്തേ തൊഴുന്നേൻ.

8. ആരുണ്യം ചെമ്പരത്തിക്കലെ സതതയെ വളർത്തുന്നിതെന്നല്ല ചിത്രം
താരുണ്യാംഗേ വിചിത്രാഭരണ മണികളായന്തിമാണിക്യ ഭാവം
താരുണ്യം നിത്യപൂർണ്ണം കഴലിണ തൊഴുവോർക്കനാതിം ചേർത്തുമുന്നം
കാരുണ്യാംഭസ്സമന്താത് പ്രവഹതി സതതം യസ്യ തസ്മൈ നമോസ്തു.

# പുതിയ പ്രസിദ്ധീകരണങ്ങൾ,

## ഡിററക്ററീവ് നോവൽ:

| | രൂ. | ണ. |
|---|---|---|
| അത്ഭുതമോഹിനി | 2 | 0 |
| കോമളനന്ദിനി | 2 | 0 |
| രാജം | 1 | 8 |
| മിന്നൽകേസരി | 1 | 4 |
| കുമാരിതങ്കം | 1 | 0 |
| കനകസുന്ദരി | 1 | 4 |
| പ്രേമപ്രദീപം | 1 | 8 |
| വിജയവീരൻ | 0 | 8 |

## സാമുദായിക നോവൽ.

| | രൂ. | ണ. |
|---|---|---|
| വിവാഹം | 1 | 0 |
| ഭാരതി | 1 | 0 |
| ദേവമ്മമാർ | 0 | 8 |
| ഓമനമകൾ | 0 | 8 |
| ചന്ദ്രിക | 1 | 0 |
| റാണിമല്ലിക | 1 | 8 |
| വേലക്കാരി | 1 | 0 |
| പ്രഭുകുമാരി | 1 | 8 |
| സിനിമാനടി | 1 | 0 |
| മനോഹരി | 2 | 4 |
| രക്തബാഷ്പം | 1 | 0 |
| ലളിത | 1 | 8 |
| അമ്മായിഅമ്മ | 0 | 4 |
| അപരാധിനി | 0 | 4 |
| കല്യാണി | 0 | 6 |
| കടൽക്കള്ളൻ | 0 | 6 |
| പ്രേമസദനം | 6 | 6 |
| അന്നത്തെ സൂത്രം | 0 | 3 |
| മദനഭൂഷണൻ | 0 | 3 |
| ശാരദാമ്മ | 0 | 4 |
| ശിശുപാലൻ | 0 | 4 |
| വിശപമോഹിനി | 0 | 4 |
| കനകമ്മ | 0 | 4 |
| അന്തരാഗം | 0 | 4 |
| കുട്ടിത്തങ്കമ്മ | 0 | 12 |
| രാജേശ്വരി | 0 | 8 |
| പതിവ്രതകൾ | 0 | 6 |
| കാഞ്ചനവല്ലി | 0 | 3 |
| മാലതി | 0 | 3 |

## ഗദ്യനാടകങ്ങൾ.

| | രൂ. | ണ. |
|---|---|---|
| കുലാംഗന | 1 | 4 |
| മഹിള | 1 | 0 |
| പ്രേമയാചകി | 1 | 0 |
| അമ്മ | 0 | 12 |
| രാഗസുഷമ | 0 | 12 |
| ശാരദ | 1 | 8 |
| സഹോദരി | 1 | 0 |
| അനിയത്തി | 1 | 0 |

## ഖണ്ഡകാവ്യങ്ങൾ.

| | രൂ. | ണ. |
|---|---|---|
| സ്നേഹശൃംഖല | 0 | 8 |
| കാമുകന്റെ കണ്ണുനീർ | 0 | 8 |
| കൈരളീമുരളി | 0 | 6 |
| ജീവസംഹാരം ഭാഷ | 0 | 6 |
| ശ്രീകൃഷ്ണവിലാസം ഭാഷ 6-ാംസർഗ്ഗം | 0 | 4 |
| മാധവി | 0 | ൪ |
| കാളിയമർദ്ദനം | 0 | ൪ |
| മനോരമ | 0 | ൪ |
| പൂനിലാവ് | 0 | ൪ |
| കുസുമം | 0 | ൪ |
| പത്മിനി | 0 | ൪ |
| പത്മിനി | 0 | ൩ |
| വനിതാമണി | 0 | ൦ |
| രമ | 0 | 3 |
| വ്യാസോത്സവം | 0 | 3 |
| വിലസിയപൂവ് | 0 | 4 |
| വാമനവൃത്തം | 0 | 6 |
| നീതിസാരം ഭാഷ | 0 | 4 |
| ബാലഹാരം | 0 | 6 |
| ശൃംഗാരതിലകം ഭാഷ | 0 | 4 |
| സരസകവനങ്ങൾ | 1 | 0 |
| സാവിത്രി | 0 | 6 |

## ചെറുകഥകൾ

| | രൂ. | ണ. |
|---|---|---|
| ശൈഥില്യങ്ങൾ 10 കഥ | 1 | 0 |
| മുതലാളി 5 കഥ | 0 | 8 |
| മന്ദഹാസം 5 കഥ | 0 | 8 |

## ദാമ്പത്യവും മററും.

| | രൂ. | ണ. |
|---|---|---|
| പാചകമനോരമ | 1 | 0 |
| അംഗലക്ഷണം | 0 | 8 |
| രതിരസാസ്വാദം | 0 | 12 |
| കന്ദർപ്പചൂഡാമണി | 1 | 8 |
| മദനസാമ്രാജ്യം | 2 | 0 |
| രതിമനോരമ | 0 | 12 |
| മദനമണ്ഡലം | 0 | 8 |

N. B. ഒരു രൂപായിൽ കുറഞ്ഞു വി. പീ, അയക്കുന്നതല്ല. ഒരു രൂപായിൽ കുറഞ്ഞ പുസ്തകം വേണ്ടവർ പുസ്തക വിലയും, അഞ്ചലിൽ 5 ചക്രത്തിനും, തപാലിൽ 5 അണയ്ക്കുംകൂടി മുഴുവൻ സംഖ്യയ്ക്കും സ്റ്റാമ്പയക്കുക.

**അപേക്ഷിക്കേണ്ടും മേൽവിലാസം:—**

**വിദ്യാരംഭം പ്രസ്സ്, & ബുക്കഡിപ്പോ. മുല്ലയ്ക്കൽ—ആലപ്പുഴ.**

# പുതിയ വൈദ്യപുസ്തകങ്ങൾ.

## ശാർങ്ഗധരസംഹിതാ—

ഗൂഢാർത്ഥചന്ദ്രിക എന്ന വ്യാഖ്യാനത്തോടുകൂടിയ ചികിത്സാസാരസർവ്വസ്വമായ ഒരു സുപ്രസിദ്ധ വൈദ്യഗ്രന്ഥം. വില രൂ. 2 അണ 4

## കുഷ്ഠരോഗസിദ്ധചികിത്സ—

സിദ്ധചികിത്സാപരമ്പരയിലുള്ളവർ രഹസ്യമായി വച്ചിരുന്ന അനവധി മഹായോഗങ്ങൾ അടങ്ങിയതു്.

വില രൂപ 1 അണ 2

## പ്രമേഹരഹസ്യചികിത്സ—

ഈ പ്രമേഹചികിത്സയിൽ ഉള്ള എല്ലാ രോഗവും ഒന്നുപോലെ ഫലിക്കുന്നതും, ഏററവും രഹസ്യത്തിൽ സൂക്ഷിച്ചു വച്ചിരുന്നതുമാണു്.

വില രൂ. 1 ണ. 2

## വീരസിംഹാവലോകനം—

മുകുരസ്ഥലീവ്യാഖ്യാനസഹിതം.

ഓരോ രോഗങ്ങൾക്കമുള്ള കർമ്മവിപാകപ്രായശ്ചിത്തവിധികളും വ്യാധിശമനകരങ്ങളായ രഹസ്യസിദ്ധയോഗങ്ങളും അടങ്ങിയതു്.

വില രൂ. 2 ണ. 4

## ആസവാരിഷ്ടയോഗമഞ്ജരി—

ഭാഷാവ്യാഖ്യാനസഹിതം.

ഫലപ്രദങ്ങളായ ആറോളം ആസവാരിഷ്ടയോഗങ്ങൾ അടങ്ങിയതു്.

വില ണ. 12

## സഹസ്രയോഗം—

ഭാഷാവ്യാഖ്യാനസഹിതം.

സാധാരണ സഹസ്രയോഗത്തിലുള്ളതിൽ കൂടുതലായി ഫലപ്രദങ്ങളായ പല വിശേഷയോഗങ്ങളും കൂട്ടിച്ചേർത്തിട്ടുള്ളതു്.

വില രൂ. 1 ണ. 6

## ആരോഗ്യദീപം—

ശരീരവും ആരോഗ്യവും സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും കൂണിസിസ്സവും, മെസ്മരിസവും മററും സംബന്ധിച്ചുള്ള സകല ചികിത്സകളും അടങ്ങിയതു്. വില രൂ. 4 ണ. 8

## കർഷകബന്ധു അഥവാ കന്നുകാലിരോഗചികിത്സ—

കന്നുകാലികൾക്കു നേരിടുന്ന സകല രോഗങ്ങളുടെയും നിദാനങ്ങളും ചികിത്സകളും അടങ്ങിയതു്.

വില അണ 12

## ആരോഗ്യകല്പദ്രുമം ബാലചികിത്സ.

കയ്ക്കുളങ്ങര രാമവാര്യർ അവർകൾ ഉണ്ടാക്കിയതും, അദ്ദേഹത്തിൻെറ വ്യാഖ്യാനത്തോടുകൂടിയതും, വൈദ്യലോകപ്രസിദ്ധവുമായ ഒരു ദിവ്യഗ്രന്ഥം. വില രൂ. 5 ണ. 4

---

മാനേജർ,

വി. വി. പ്രെസ്സ്,

കൊല്ലം.

# VIDYABHIVARDHINI

License No. 455. Regd. No. T. 116.
Dated 28-11-1945 Regd. No. M. 4891.

| വരിസംഖ്യ. | പരസ്യക്കൂലി. | |
| --- | --- | --- |
| ഒരു വർഷത്തേക്ക് 5 ബ്രി: രൂ. | സ്ഥിരപരസ്യക്കാർക്ക്. | ഒരു പ്രാവശ്യത്തേക്ക് |
| ഒററ പ്രതിക്ക് 8 ണ. | മുഴുപ്പേജിനു് 50 രൂ. | 8 രൂ. |
| ഇൻഡ്യയ്ക്കു പുറമേ 6 ബ്രി: രൂ. | അരപ്പേജിനു് 30 ,, | 6 ,, |
| ,, ഒററ പ്രതിക്ക് 10 ണ. | കാൽപ്പേജിനു് 20 ,, | 4 ,, |

## ലേഖകന്മാരോട്:—

ലേഖനങ്ങൾ കടലാസ്സിൻെറ ഒരുവശത്തുമാത്രം വൃത്തിയായി മഷികൊണ്ടെഴുതി ഓരോ ഇംഗ്ലീഷുമാസവും 15-ാം തീയതിക്കകം ഇവിടെ കിട്ടത്തക്കവണ്ണം അയച്ചിരിക്കണം. പ്രസിദ്ധീകരണത്തിനു സൗകര്യമില്ലാത്ത ലേഖനങ്ങൾ തിരിച്ചു കിട്ടണമെങ്കിൽ അതിലേക്കുള്ള സ്റ്റാമ്പ് അയച്ചിരിക്കേണ്ടതാണു്.

## വരിക്കാരോട്:—

ഇതേവരെ വരിസംഖ്യ അടച്ചിട്ടില്ലാത്തവർ ഈ ലക്കം കിട്ടിയാലുടൻ പണം മണിയാർഡർ ചെയ്യാൻ അപേക്ഷ.

വി. പി. ഏർപ്പാട് ഇരുകൂട്ടർക്കും നഷ്ടകരമാകയാൽ വരിസംഖ്യ എപ്പോഴും മുൻകൂറായിത്തന്നെ അയച്ചിരിക്കണം.

ആഫീസ്സിലേക്ക് അയയ്ക്കുന്ന എല്ലാ കത്തുകളിലും മാസികയുടെ റാപ്പറിൽ കാണുന്ന അവരവരുടെ രജിസ്റ്റർ നമ്പർകൂടി കാണിച്ചിരിക്കേണ്ടതാണു്.

പണസംബന്ധമായ എഴുത്തുകൾ, മണിയാർഡർ ഇവ മാനേജരുടെ മേൽവിലാസത്തിലും, ലേഖനസംബന്ധമായവ എല്ലാം പത്രാധിപരുടെ മേൽവിലാസത്തിലും അയയ്ക്കേണ്ടതാണു്.

N. B. അഭിപ്രായത്തിനയയ്ക്കുന്ന പുസ്തകങ്ങളുടെ 2 പ്രതിവീതം അയച്ചിരിക്കണം മാസിക ഇംഗ്ലീഷു മാസം 15-ാം തീയതിക്കകം കിട്ടാത്തപക്ഷം വിവരം ആഫീസിൽ അറിയിക്കണം.

മാനേജർ,
വിദ്യാഭിവർദ്ധിനി, കൊല്ലം.

Edited, Printed and Published by M. Balakrishna Reddiar, at the Vidyabhivardhini Press, Quilon